പുസ്തകം 76
ലക്കം 6
ജൂൺ 2005
ഇഹ്സാൻ 1383
റ: ആഖിർ - ജ. അവ്വൽ 1426

**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
**ഫാക്സ് :** 0495 - 2721609
e-mail: sathyadoothan@ahmadiyya.com

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

4 *യുഗശബ്ദം*
5 *മുഖക്കുറിപ്പ്*

ലേഖനം

6 *ഇസ്‌ലാമിലെ ചിന്താസരണികൾ*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

10 *പവിത്ര ജീവിതം*
മുഹമ്മദ് ഉമർ

13 *എയ്ഡ്സ്: വാഗ്ദത്ത മഹ്ദി മസീഹിന്റെ താക്കീത്*
ഹദ്റത്ത് അഹ്മദ് (അ)

14 *നബി തിരുമേനി (സ) : സമാധാനത്തിന്റെ രാജകുമാരൻ*
എസ്. മുഹമ്മദ് സലീം

18 *തേൻ : ഒരു ശമനൗഷധം*
മൻസുറുൽ എ. സിക്ദർ

20 *ഇസ്രയേൽ രൂപീകരണവും ബാൾഫർ പ്രഖ്യാപനവും*
ഏ. എം. മുഹമ്മദ് സലീം

23 *ദജ്ജാലി മുഖമുള്ള യഅ്ജൂജ് മഅ്ജൂജും ആധുനിക ദുൽഖർനൈന്റെ പ്രതിരോധവും*
ഏ. പി. കുഞ്ഞാമു

28 *പന്നിമാംസം എന്തുകൊണ്ട് നിഷിദ്ധം?*
ഡോക്ടർ മുസഫർ അഹ്മദ് മാലിക്ക്, ഗിൽഫോർഡ്, യു. കെ.

31 *തേനീച്ചയും തേനും*
ഏ. എം.

34 *ഹദ്റത്ത് ഈസാ (അ), ഹദ്റത്ത് അഹ്മദ് (അ): സാദൃശ്യങ്ങൾ*
ഹഫീസാ ഉമർ

*കുറിപ്പുകൾ, വാർത്തകൾ.*

**മുഖചിത്രം: അമിർ ഖുർകുമസ് പള്ളിയുടെ മിനാരം**
**(മംലൂക് കാലഘട്ടം 1506. കയ്റോ, ഈജിപ്ത്)**

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.


## ഖുര്‍ആനില്‍ നിന്ന്

ദൈവത്തില്‍ അനുരക്ത രായ ഭക്തജനത്തിനു അവന്റെ വിശുദ്ധ ബോധനം മുഖാന്തരം ഐഹികജീവിതത്തിലും അനന്തരജീവിതത്തിലും ശുഭവാര്‍ത്ത ലഭിക്കുന്നതാണ്. (10:65)

## നബിവചനം

അബൂ ഉമാമയില്‍ നിന്നും നിവേദനം: കുറഞ്ഞപക്ഷം ഞാന്‍ നിങ്ങളില്‍ ഉയര്‍ന്നവനായിരിക്കുന്നത് പോലെ ആരാധകനേക്കാള്‍ ജ്ഞാനി ഉയര്‍ന്നുനില്‍ക്കുന്നു. റസൂല്‍ തിരുമേനി(സ) ഇത്രയും കൂടി പറഞ്ഞു: അല്ലാഹുവും അവന്റെ മലക്കുകളും ആകാശത്തുള്ളവരും ഭൂമിയിലുള്ളവരും പുറ്റുകള്‍ക്കുള്ളിലെ ഉറുമ്പുകളും ജലത്തില്‍ വസിക്കുന്ന മത്സ്യങ്ങളും ജനങ്ങളില്‍ വിജ്ഞാനം ചൊരിയുന്നവന് അനുഗ്രഹത്തിന്നായി ആഗ്രഹിക്കും. (തിര്‍മിദി)

# നിയന്ത്രണങ്ങള്‍



**വാഗ്ദത്ത മസീഹ്**

ദൈവം മനുഷ്യനില്‍ മൂന്നുവിധത്തിലുള്ള നിയന്ത്രണഘടകങ്ങള്‍ സ്ഥാപിച്ചിരിക്കുന്നു മസ്തിഷ്കം, ഹൃദയം, നാവ്, എന്നിവയാണവ. മസ്തിഷ്കം ബുദ്ധിയും യുക്തിയും ഉപയോഗിച്ച് ആശയങ്ങള്‍ രൂപീകരിക്കുകയും പുതിയ ചിന്തകളും വിശദീകരണങ്ങളും വാദമുഖങ്ങളും ആവിഷ്കരിക്കുകയും ചെയ്യുന്നു. വിവിധ സങ്കേതങ്ങളിലൂടെ രൂപവത്കൃതമാവുന്ന ഫലങ്ങള്‍ മസ്തിഷ്കം പുനപ്പരിശോധിക്കുകയും ചെയ്യുന്നു. ഹൃദയം എല്ലാ സത്തകളുടേയും രാജാവാകുന്നു. ഹൃദയം തെളിവുകളും വാദമുഖങ്ങളും ഉപയോഗിക്കുന്നില്ല. അതിന്ന് രാജാധിരാജനായ (മലിക്കൂല്‍ മുലൂക്ക്) അല്ലാഹുമായിട്ടാണ് ബന്ധം. ആയതിനാല്‍ വ്യക്തവും സ്വച്ഛവുമായ വെളിപാട് (ഇല്‍ഹാം) മുഖേനയോ ചിലപ്പോള്‍ രഹസ്യമായോ ഗൂഢമായ വെളിപാട് മുഖേനയോ ഹൃദയത്തിന് അറിവു നല്‍കപ്പെടുന്നു.

**(മല്‍ഫൂസാത്ത്)**

മുഖക്കുറിപ്പ്

# യുക്തിചിന്തയുടെ പരിമിതി

യുക്തിചിന്ത മനുഷ്യനു ദൈവം നൽകിയ വിളക്കാണ്. നിരവധി സംശയങ്ങളിൽ നിന്നും സന്ദേഹങ്ങളിൽ നിന്നും വിമുക്തനാക്കി അത് മനുഷ്യനെ സത്യത്തിലേക്ക് വഴി നടത്തുന്നു. എങ്കിലും യുക്തിചിന്ത പൂർണ്ണജ്ഞാനം പ്രദാനം ചെയ്യുന്നില്ല. അവ്യക്തമായ ആശയങ്ങളും, നിഗമനാത്മകമായ ജ്ഞാനവുമാണ് യുക്തി മനുഷ്യന് സമ്മാനിക്കുന്നത്.

ഒരു വസ്തുത 'ഉണ്ടായിരിക്കാം' എന്ന ജ്ഞാനത്തിൽ നിന്നും 'ഉണ്ട്' ഞാനത് അനുഭവിക്കുന്നു എന്ന ബോദ്ധ്യം ലഭിക്കാൻ യുക്തിജ്ഞാനം പര്യാപ്തമല്ല. ഈ ജ്ഞാനം ലഭിക്കാൻ യുക്തിബോധത്തേക്കാൾ ഉപരിയായി ഒരു സംവേദനം മനുഷ്യന് ആവശ്യമുണ്ട്. നമ്മുടെ ദൈനംദിന ജീവിതത്തിൽ തന്നെ ഇതിന് ഉദാഹരണങ്ങൾ കാണാം. പഞ്ചസാരയുടെ മധുരം യുക്തിക്ക് ഗ്രഹിക്കാൻ സാധ്യമല്ലല്ലോ. വിദേശയാത്ര കഴിഞ്ഞു വന്ന ഒരാളുടെ വിവരണങ്ങൾ ആർജ്ജവമുള്ളതും ഹൃദ്യവുമാണ്. സ്ഥലസന്ദർശനം നടത്താതെ ഒരു മുറിയിൽ കുത്തിയിരുന്ന് വസ്തുതകൾ പഠിച്ചും അനുമാനിച്ചും ഒരാൾ നൽകുന്ന സ്ഥലവിവരണത്തേക്കാൾ ആ സ്ഥലം സന്ദർശിച്ച് പറയുന്നയാളിന്റെ അനുഭവജ്ഞാനം കൂടുതൽ സുദൃഢവും ഹൃദ്യവുമായി അനുഭവപ്പെടുന്നു. വിദേശസ്ഥലത്തെ സന്ദർശനത്തിൽ അയാളുടെ ബുദ്ധിയോടൊപ്പം കണ്ണും കാതും സ്പർശനവുമടക്കം എല്ലാ ഇന്ദ്രിയങ്ങളും പങ്കെടുക്കുകയും ആ സ്ഥലസന്ദർശനം അയാൾക്ക് ഹൃദയപരമായ ഒരു അനുഭവയാഥാർത്ഥ്യമായി മാറുകയും ചെയ്യുന്നു. അതുകൊണ്ടാണ് അയാളുടെ വിവരണം അനുവാചകനിൽ കൂടുതൽ വിശ്വസ്തത ജനിപ്പിക്കുന്നത്. വെറും മസ്തിഷ്കപരമായ യുക്തിജ്ഞാനം കൊണ്ടു മാത്രം ഇത് സാധ്യമല്ല. ഒരാൾ ഒരു സംഭവത്തിനോ ദുരന്തത്തിനോ സാക്ഷ്യം വഹിക്കുമ്പോൾ സംഭവിക്കുന്നതും ഇതു തന്നെയാണ്. യുക്തിജ്ഞാനത്തോടൊപ്പം അയാളുടെ ആത്മഗ്രാഹികളും മറ്റു സംവേദന ഇന്ദ്രിയങ്ങളും അതിന് സാക്ഷ്യംവഹിക്കുകയും ആ സംവേദനത്തിൽ പങ്കെടുക്കുകയും അതൊരു ഹൃദയാനുഭവമായി മാറുകയും ചെയ്യുന്നു. അത്തരം ജ്ഞാനങ്ങൾ ഒരാൾ പുനരുല്പാദിപ്പിക്കുമ്പോൾ അനുവാചകനിലും അത് ശക്തിമത്തായ പ്രതികരണമുണ്ടാക്കുന്നു. യുക്തിജ്ഞാനത്തിലൂടെ മാത്രം ആർജിക്കുന്ന ജ്ഞാനത്തിന് ഇത്തരം ഉദ്ദീപനങ്ങളും പ്രതികരണങ്ങളും ഉണ്ടാക്കാൻ സാധ്യമല്ല.

യുക്തിജ്ഞാനം ആശയങ്ങളുടെ ഒരു തലത്തിന്റെ ഗ്രാഹ്യതയിലേക്കും സ്ഥൂലയാഥാർത്ഥ്യങ്ങളിലേക്കും നിഗമനങ്ങളിലേക്കും മാത്രമേ മനുഷ്യനെ ആനയിക്കുകയുള്ളൂ. എന്നാൽ ജ്ഞാനത്തിന്റെ ഉന്നതവും ഉദാത്തവുമായ മേഖലകൾ ഗ്രഹിക്കാൻ യുക്തി അപര്യാപ്തമാണ്. വെളിപാടുകൾ, ദർശനങ്ങൾ ദിവ്യസ്വപ്നങ്ങൾ എന്നീ യാഥാർത്ഥ്യങ്ങൾ ഹൃദയപരമായ ആത്മീയാനുഭവങ്ങളായിട്ടാണ് സ്വീകർത്താക്കളിൽ അനുഭവപ്പെടുക. ജ്ഞാനത്തിന്റെ ഭാഗികമായ അറിവേ യുക്തി മുഖേന സാധ്യമാവൂ. ഭൗതികവാദികൾ യുക്തിജ്ഞാനത്തിന്റെ ഈ പരിമിതി ഗ്രഹിക്കേണ്ടതുണ്ട്. ദൃഢബോദ്ധ്യങ്ങളിലേക്കും ഉയർന്ന ജ്ഞാനങ്ങളിലേക്കും ചെന്നെത്താൻ മനുഷ്യന്റെ ആത്മീയഗ്രാഹികളിൽ കൂടിയേ സാധ്യമാവൂ. ■

ലേഖനം

# ഇസ്‌ലാമിലെ ചിന്താസരണികൾ

## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**വെളിപാടുകൾ യാതൊരുമാറ്റവും കൂടാതെ അതേപടി സ്വീകരിക്കണമെന്ന് വാദിക്കുന്ന അശ്ഹരികളുടേയും വെളിപാടുകളെ യുക്തിപരമായി വ്യാഖ്യാനിക്കണമെന്ന് വാദിക്കുന്ന മുഅ്തസിലുകളുടേയും രണ്ടു ചിന്താസരണികൾ ഇസ്‌ലാമിക ചരിത്രത്തിൽ ദൃശ്യമാണ്.**

ഇസ്‌ലാമിക വീക്ഷണകോൺ രണ്ട് വ്യത്യസ്തമായ പരിപ്രേക്ഷ്യത്തിൽ അവതരിപ്പിക്കാം. ഒന്നാമത്തേത് വിവിധ മുസ്‌ലിം ചിന്തകന്മാരുടെ രചനകൾ വിശകലനത്തിന് വിധേയമാക്കിക്കൊണ്ടുള്ളത്. രണ്ടാമത്തേത് റസൂൽ തിരുമേനി(സ)യുടെ വാചികരൂപത്തിലുള്ള അദ്ധ്യാപനങ്ങളും നടപടിക്രമങ്ങളും ഉൾക്കൊള്ളുന്ന സുന്നത്തിന്റെ വെളിച്ചത്തിൽ ഖുർആന്റെ നിലപാടുകളെ നേരിട്ടു വിലയിരുത്തുന്ന രീതി. ഒന്നാമത് പറഞ്ഞ കൂട്ടരുടെ ആശയങ്ങളുടെ ആധികാരികത കാലം കഴിയുന്തോറും മങ്ങലേറ്റ് സംശയഗ്രസ്തമാവുന്നു. അത് അങ്ങനെയാകാനുള്ള കാരണം അവരുടെ നിഗമനങ്ങൾ പലപ്പോഴും യുക്തിപരവും നീതിയുക്തവുമല്ലാത്ത കടുത്ത യാഥാസ്ഥിതിക സിദ്ധാന്തത്തോട് പ്രതിപത്തി കാണിക്കുന്നതു കൊണ്ടാണ്. മറ്റൊരു പ്രകാരത്തിൽ പറയുകയാണെങ്കിൽ ഇസ്‌ലാമികമെന്ന് അവർ വിളിക്കുന്നത്, തീർച്ചയായും ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങളെക്കുറിച്ച് പ്രാഥമികമായി അവരുടെ തന്നെ പഠനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും നിഗമനങ്ങളിൽ എത്തിച്ചേരുന്നവർ യുക്തിതത്ത്വങ്ങളോട് കർശനമായി ചേർന്നുനിന്നെങ്കിൽ മാത്രമേ ഒരു പ്രത്യേക വിഭാഗമായി പരിഗണിക്കപ്പെടാൻ കഴിയുകയുള്ളൂ. മുഖ്യപ്രശ്നങ്ങളിൽ അത്തരത്തിലുള്ള അപഗ്രഥനാത്മകമായ രീതി ഈ പുസ്തകത്തിലും പിന്നീടുള്ള ഭാഗങ്ങളിൽ അവലംബിച്ചിട്ടുണ്ട്. ഇപ്പോൾ ആദ്യത്തെ കൂട്ടരിലേക്ക് ശ്രദ്ധ തിരിച്ചുകൊണ്ട് വിവിധതരത്തിലുള്ള ഇസ്‌ലാമിക ചിന്താസരണികൾക്ക് രൂപം നൽകിയ ആദ്യകാല മുസ്‌ലിം പണ്ഡിതന്മാരുടേയും ജ്ഞാനികളുടേയും, തത്ത്വശാസ്ത്രപ്രതിഭകളുടേയും ചിന്താപ്രക്രിയയെപ്പറ്റി ചർച്ച ചെയ്യാം. അതായത് വ്യതിരിക്തമായ രണ്ട് സ്വാധീനങ്ങൾ ഇസ്‌ലാമിക ചരിത്രത്തിന്റെ ആദ്യകാലങ്ങളിൽ പ്രവർത്തിച്ചിരുന്നതായി കാണാം.

1. വിജ്ഞാനസങ്കല്പങ്ങളെ സമൂലമായി പരിവർത്തിപ്പിക്കുകയും പരിധി ലംഘിക്കാത്ത വിധത്തിൽ പഠനചക്രവാളത്തെ വിശാലമാക്കുകയും ചെയ്ത ഖുർആന്റേയും സുന്നത്തിന്റേയും ശക്തിമത്തായതും പ്രബലവുമായ സ്വാധീനം.

2. ഗ്രീക്ക് തത്ത്വശാസ്ത്രത്തിലും, ഗ്രീക്ക് സയൻസിലുമുണ്ടായ വർദ്ധിച്ച താൽപര്യം. അപ്രകാരം തന്നെ ഇന്ത്യ, പേർഷ്യ, ചൈന എന്നിവിടങ്ങളിലെ ക്ലാസിക്കൽ തത്ത്വശാസ്ത്രങ്ങളുടെ പഠനവും മുസ്‌ലിം ചിന്തകളുടെ വികാസത്തിൽ ഒരു പങ്ക് വഹിക്കുകയുണ്ടായി. ഇത് വിദേശീയരായ നിരവധി തത്ത്വശാസ്ത്രജ്ഞന്മാരിൽ സ്വതന്ത്രമായ രീതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ഇസ്‌ലാമിക അദ്ധ്യാപനങ്ങളുമായി അവരുടെ ചിന്തകളെ കൂട്ടിക്കലർത്താനും മുസ്‌ലിംകൾക്ക് അവസരം നൽകി.

വൈദേശികമായ തത്ത്വശാസ്ത്രങ്ങളോടുള്ള താല്പര്യവും അവയെ ഖുർആനിക വെളിപാടുകളുമായി ബന്ധിപ്പിക്കാനുള്ള അഭിനിവേശവും ഇസ്‌ലാമിൽ പുതിയ ചിന്താപദ്ധതികൾ ഉടലെടുക്കാൻ കാരണമായി. ഇസ്‌ലാമികമായ ചിന്തയും, വിദ്യാഭ്യാസവും വിശ്വാസവും അത്തരം ചിന്താപദ്ധതികളെ ശൈശവദശ മുതൽ പരിചരിച്ചത് നിമിത്തം അവയെ ലളിതമായി ഇസ്‌ലാമികമെന്ന് വിളിക്കുന്നു. ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം വിദേശീയമായ ഈ തത്ത്വശാസ്ത്രങ്ങൾ ചില മുൻധാരണകൾ ഉൾക്കൊള്ളുന്നതാണ്. എങ്കിലും അവ ഖുർആനിക പഠനങ്ങളുടെ അടിസ്ഥാനത്തിലാ

യിരുന്നു കെട്ടിപ്പടുത്തത്. ഇത്തരം തത്ത്വശാസ്ത്രങ്ങൾക്ക് രൂപം നൽകിയ പ്രതിഭാശാലികളായ പണ്ഡിതന്മാർ അടിസ്ഥാനപരമായി മുസ്‌ലിംകൾ തന്നെയായിരുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എങ്കിലും അവരുടെ ഈ തത്ത്വശാസ്ത്രങ്ങൾക്ക് മറ്റുള്ളവയെക്കൂടി ഉൾക്കൊള്ളാൻ കഴിയുന്ന ഉദാര സ്വഭാവം നിമിത്തം സങ്കുചിത മനസ്കരായ ചില പണ്ഡിതന്മാർ അവയെ അനിസ്ലാമികമെന്ന് മുദ്രകുത്തി. ഭൗതിക ശാസ്ത്ര മേഖലകളുമായുള്ള അവരുടെ ഇടപഴകൽ ചിലപ്പോൾ ആ പണ്ഡിതന്മാരുടെ വിശ്വാസത്തിന്റെ ബലത്തിലായിരുന്നു. ഇത് സംബന്ധിച്ച് ഖുർആനും സുന്നത്തും ഉചിതമായ രീതിയിൽ പഠിച്ചതിനു ശേഷം ഈ പണ്ഡിതന്മാർ സമർപ്പിച്ച തത്ത്വശാസ്ത്ര വീക്ഷണങ്ങൾ ഇസ്‌ലാമികമാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള പൂർണമായ അവകാശം ഓരോരുത്തർക്കുമുണ്ട്. ഈ പണ്ഡിതന്മാർ എത്തിച്ചേരുന്ന വിധിപ്രസ്താവങ്ങൾ ചോദ്യം ചെയ്യാൻ എല്ലാവർക്കും സാധിക്കുന്നതാണ്. ചിലർ അവ ഇസ്‌ലാമിക അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ ശരിയാണെന്ന് കണ്ടെത്തിയേക്കാം. ചിലർ അത് തെറ്റാണെന്നും കണ്ടെത്തിയേക്കാം. ഖുർആനും സുന്നത്തും അത്യഗാധമായ നിലയിൽ ആത്മാർത്ഥമായി പഠിച്ചുകൊണ്ട് ഏതൊരു സത്യാന്വേഷിക്കും ഇത്തരം നിഗമനങ്ങളിൽ എത്തിച്ചേരാനുള്ള അവകാശമുണ്ട്. അതുപോലെ മറ്റുള്ളവർക്ക് അയാളുടെ അഭിപ്രായങ്ങളുമായി വിയോജിക്കാനുമുള്ള അവസരവുമുണ്ട്. പക്ഷേ മറ്റുള്ളവർ സത്യമാണെന്ന് കണ്ടെത്തുന്ന വിശ്വാസം എന്തുമായിക്കൊള്ളട്ടെ അവ സത്യമാണെന്ന് വിശ്വസിക്കാനുള്ള അയാളുടെ മൗലികാവകാശത്തെ ഇല്ലായ്മ ചെയ്യാൻ ആർക്കും തന്നെ അവകാശമില്ല.

ഒരേ മൂലസ്രോതസ്സിനെ അവലംബമാക്കിത്തന്നെ വിവിധ നിഗമനങ്ങളിൽ എത്തിച്ചേർന്ന വിഭിന്നങ്ങളായ ഇസ്‌ലാമിക ചിന്താസരണികളെക്കുറിച്ച് നാം ഇപ്പോൾ ചുരുക്കത്തിൽ വിവരിക്കാം. എന്തായിരുന്നാലും ശരി ഖുർആനേയും സുന്നത്തിനേയും അടിസ്ഥാനമാക്കിയുള്ളതായിരിക്കുമെന്ന് അവകാശപ്പെടുന്ന എല്ലാ ചിന്താധാരകളും അവയുടെ പിൻബലത്തിന്നായി അവർ നേരിട്ട് ഉദ്ധരിക്കുന്ന തെളിവുകൾ നിശിതമായി വിലയിരുത്തപ്പെടേണ്ടതുണ്ടെന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. മുസ്‌ലിം പ്രഭാവകാലത്ത് ഉരുവം കൊണ്ട വിവിധ ആശയങ്ങളും വീക്ഷണഗതികളും എല്ലാം തന്നെ ഇസ്‌ലാമിക സ്വാഭാവമുള്ളതാണെന്ന് പറയുക സാദ്ധ്യമല്ല. അവയിൽ ചിലത് ഭാഗികമായി പരസ്പരവിരുദ്ധവും ചിലത് പൂർണ്ണമായും വിരുദ്ധചേരിയിലുള്ളതുമായിരുന്നു. ഇതൊന്നും തന്നെ അത്തരം തത്ത്വശാസ്ത്രങ്ങളെ ഇസ്‌ലാമികമെന്ന് വിശേഷിപ്പിക്കുന്നതിനുള്ള യോഗ്യത ഇല്ലാതാക്കുന്നില്ല.

**മുസ്‌ലിം പ്രഭാവകാലത്ത് ഉരുവം കൊണ്ട വിവിധ ആശയങ്ങളും വീക്ഷണഗതികളും എല്ലാം തന്നെ ഇസ്‌ലാമിക സ്വാഭാവമുള്ളതാണെന്ന് പറയുക സാദ്ധ്യമല്ല. അവയിൽ ചിലത് ഭാഗികമായി പരസ്പരവിരുദ്ധവും ചിലത് പൂർണ്ണമായും വിരുദ്ധചേരിയിലുള്ളതുമായിരുന്നു. ഇതൊന്നും തന്നെ അത്തരം തത്ത്വശാസ്ത്രങ്ങളെ ഇസ്‌ലാമികമെന്ന് വിശേഷിപ്പിക്കുന്നതിനുള്ള യോഗ്യത ഇല്ലാതാക്കുന്നില്ല.**

## അശ്ഹരിയ്യ

അശരിയ്യ വിഭാഗം ഇമാം അബുൽ ഹസൻ അലി ബിൻ ഇസ്മായിൽ അൽ അശ്ഹരി (260–330 ഹി:വ) യോട് കടപ്പെട്ടിരിക്കുന്നു. അദ്ദേഹമാണ് പ്രചുരപ്രചാരം സിദ്ധിച്ച മറ്റു ചിന്താസരണികളിൽ നിന്നും വിഭിന്നമായി പ്രത്യേകമായ രീതിഘടന അശ്ഹരിയ്യാ വിഭാഗത്തിന് നൽകിയത്. ഈ കാലഘട്ടത്തിൽ ചില മുസ്‌ലിം പണ്ഡിതന്മാർ യുക്തിവാദത്തിലേക്ക് അതിശീഘ്രം അടുക്കുകയായിരുന്നു. ഈ പ്രവണതയോട് പ്രതികരിക്കേണ്ട ആവശ്യം സംജാതമായി എന്ന ഒരു ബോധം പൊതുവേ ഉണ്ടായി. ഈ പ്രതിലോമ പ്രസ്ഥാനത്തിന്റെ നേതാവ് പ്രശസ്തനായ ഇമാം ഇസ്മായിൽ അൽ അശ്ഹരിയുമായിരുന്നു. മറ്റൊരു വിരോധാഭാസം അൽഅശ്ഹരിയുടെ ഗുരുനാഥനായിരുന്ന അൽജുബ്ബായി (ഹി: 303) അക്കാലത്തെ ഏറ്റവും പ്രഗത്ഭനായ യുക്തിവാദി പണ്ഡിതനായിരുന്നു. ഇമാം അശ്ഹരി യുക്തിവാദികളോട് ശക്തമായി വിയോജിക്കുക മാത്രമല്ല ചെയ്തത്. സത്യം വിവേചിച്ചറിയാൻ യുക്തിയെ പൂർണമായും ആശ്രയിക്കുന്ന എല്ലാ ചിന്താപദ്ധതിയും അപര്യാപ്തമാണെന്ന് അദ്ദേഹം വീറോടെ വെളിപ്പെടുത്തുകയുണ്ടായി.

അഹ്രിയ്യാക്കളെ സംബന്ധിച്ചിടത്തോളം യുക്തി ദൃഢമായജ്ഞാനത്തിലേക്കോ അനശ്വരസത്യത്തിലേക്കോ നയിക്കുകയില്ല. അതിനെക്കാളുപരി അത് വലിയ സംശയങ്ങളിലേക്കും വൈരുദ്ധ്യങ്ങളിലേക്കുമായിരിക്കും ആനയിക്കുക. അനശ്വര സത്യത്തെ പ്രാപിക്കുന്ന ഒരേയൊരു ഉപാധി എന്ന നിലയിൽ വെളിപാടിനെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിലാണ് യഥാർത്ഥ ജ്ഞാനം ആരോപിക്കാൻ കഴിയുക എന്നതിൽ അശ്ഹരിയ്യക്കാർ ഊന്നൽ നൽകുന്നു. കാരണം സത്യത്തിന്റെ

ആത്യന്തിക സ്രോതസ്സ് ദൈവം തന്നെയാണ്. അതുകൊണ്ട് അത് പ്രാപിക്കാനുള്ള ഒരേയൊരു വഴി ദിവ്യ വെളിപാടുകളുമാണ്.

യുക്തിവാദത്തിന്നെതിരെയുള്ള അശ്ഹരികളുടെ പ്രതികരണത്തിൽ ചിലർ തീവ്രവാദപരമായ നിലപാടിൽ എത്തിച്ചേരുകയുണ്ടായി. മനുഷ്യയുക്തിയുടെ പിന്തുണയുള്ള എല്ലാ ഖുർആനിക വചനങ്ങളേയും അവർ നിരാകരിച്ചു. വിശുദ്ധ ഖുർആന്റെ ആലങ്കാരികമായ എല്ലാ വ്യാഖ്യാനങ്ങളേയും അവർ പൂർണ്ണമായും നിഷേധിക്കുന്നു. ഇമാം അശ്ഹരി തന്നെയും വിദഗ്ധനായ ഒരു താർക്കികനായിരുന്നു. യുക്തി ഉപയോഗിക്കുന്നതിനെതിരെയുള്ള അദ്ദേഹത്തിന്റെ വാദങ്ങൾ വളരെ കൗതുകരമാണ്. അവയും യുക്തിയിലധിഷ്ഠിതമായിരുന്നു. ഈ വസ്തുത വെളിപ്പെടുത്തുവാൻ അദ്ദേഹം നടത്തിയ പ്രശസ്തമായ പൊതുസംവാദങ്ങളിലൊന്ന് തന്റെ ഗുരുനാഥനായ അല്ലാമാ അൽജുബ്ബായിയുമായിട്ടായിരുന്നു. അത് ഇപ്രകാരമാണ്.

*ഒരു വിശ്വാസി, ഒരവിശ്വാസി, ഒരു കുട്ടി. ഈ മൂന്നു സഹോദരന്മാരുടെ മോക്ഷത്തെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ്? അശ്ഹരി അൽജുബ്ബായിയോട് ചോദിച്ചു.*

*വിശ്വാസി സ്വർഗ്ഗത്തിലേക്ക് പോകും. അവിശ്വാസി നരകത്തിലേക്ക് പോകും. പക്ഷേ കുട്ടി നരകത്തിലേക്കും സ്വർഗ്ഗത്തിലേക്കും പോകില്ല. കാരണം അവന്റെ പ്രവൃത്തികൾ പ്രതിഫലത്തിനും ശിക്ഷക്കും അർഹമല്ല' ജുബ്ബായി മറുപടി പറഞ്ഞു.*

*അശ്ഹരി തുടർന്നു: 'കുട്ടിക്ക് ദൈവത്തോട് ഇങ്ങനെ വാദിക്കാവുന്നതാണ്. അതായത് നീ എനിക്ക് കുറച്ചുകൂടി സമയം തരുകയാണെങ്കിൽ ഞാൻ നല്ല പ്രവൃത്തികൾ ചെയ്യുമായിരുന്നു. അപ്പോൾ നീ എന്തുകൊണ്ട് എനിക്ക് സ്വർഗ്ഗം നഷ്ടപ്പെടുത്തി?'*

*അതിന് മറുപടിയായിക്കൊണ്ട് ജുബ്ബായി പറഞ്ഞു: 'ദൈവത്തിനു കുട്ടിയോട് ഇങ്ങനെ മറുപടി പറയാവുന്നതാണ്. അതായത് നീ വളർന്നു വലുതാവുമ്പോൾ തിന്മ പ്രവർത്തിക്കുമെന്ന് എനിക്കറിയാം. അതുകൊണ്ട് നീ ചെറുപ്രായത്തിൽ മരിച്ചത് നിനക്ക് അനുഗ്രഹമാണ്. അതുകൊണ്ടാണ് നീ നരകത്തിൽ നിന്നും രക്ഷപ്പെട്ടത്.*

*അശ്ഹരി തിരിച്ചടിച്ചു: ഈ സന്ദർഭത്തിൽ അവിശ്വാസി ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് ദൈവത്തെ കുറ്റപ്പെടുത്തുന്നതാണ്. അതായത് എനിക്ക് കുട്ടിയുടെ അതേപ്രായത്തിൽ മരണം നൽകാത്തത് എന്തുകൊണ്ടാണ്. അങ്ങനെയായിരുന്നുവെങ്കിൽ എന്റെ ചീത്ത പ്രവൃത്തികളിൽ നിന്നും ഞാൻ രക്ഷിക്കപ്പെടുമായിരുന്നുവല്ലോ'*

യുക്തിവാദികൾക്കെതിരായി വാദിക്കുമ്പോൾ തന്നെ അശ്ഹരി യുക്തിവാദത്തിന്റെ എല്ലാ ആയുധങ്ങളും എടുത്തുപയോഗിക്കുന്ന കാര്യം ശ്രദ്ധേയമാണ്. അദ്ദേഹം യുക്തിവാദത്തിന് പരിപൂർണമായും എതിരാണെന്ന് പറയുന്നത് ശരിയല്ല. ഈ ചിന്താസരണിയുടെ അനുയായികളായ ഇമാം ഗസ്സാലിയും ഇമാം റാസിയും അവരുടെ പ്രശ്നങ്ങൾ നിർദ്ധരിക്കാനും അവരുടെ വിശ്വാസം സ്ഥാപിക്കാനും ശക്തമായ രീതിയിൽ യുക്തിയിലധിഷ്ഠിതമായ വാദം ഉപയോഗിച്ചിട്ടുണ്ട്. യുക്തിചിന്തയെ ആശ്രയിക്കുന്നതിനെതിരെയുള്ള അതിരുകവിഞ്ഞ പ്രതികരണങ്ങൾക്ക് കാരണം ഇസ്‌ലാമികലോകത്ത് നൂതനതത്ത്വശാസ്ത്രങ്ങൾ രംഗപ്രവേശനം ചെയ്യുമ്പോൾ ഇസ്‌ലാമിക വീക്ഷണം അപകടത്തിലായിപ്പോകുമോ എന്ന ഭീതിയായിരുന്നു. യുക്തി ഉപയോഗിക്കുന്നതുമൂലം അന്തിമമായി യഥാർത്ഥ ഇസ്‌ലാമിൽ നിന്നും വ്യതിചലിക്കുന്ന പ്രസ്ഥാനങ്ങളിലേക്ക് അത് വഴി മാറിപ്പോവുമെന്ന് അവർ സംശയിച്ചു. ആയതിനാൽ യുക്തിവാദപ്രവണതയുള്ള എല്ലാ പ്രസ്ഥാനങ്ങളേയും 'ഇൽഹാദി' അഥവാ 'നവീകൃതസമ്പ്രദായം' എന്നാണ് വിളിച്ചിരുന്നത്. ഇത് സത്യപാതയിൽ നിന്നുമുള്ള വ്യതിചലനത്തെ സൂചിപ്പിക്കുന്ന അപകീർത്തികരമായ ഒരുസാങ്കേതിക പദമാണ്. യുക്തിവാദപ്രസ്ഥാനത്തിന്റെ സ്ഥാപകന്മാരെ വിശേഷിപ്പിക്കാൻ കടുത്ത മതയാഥാസ്ഥിതികത്വം ഉപയോഗിച്ച സംജ്ഞകളിൽ അവരുടെ ഇതു സംബന്ധിച്ച ഉത്കണ്ഠ പ്രതിഫലിക്കുന്നു. അവർ യുക്തിപ്രധാനവാദികളെ 'മുഅ്തസിലികൾ' എന്നു വിശേഷിപ്പിക്കുന്നു. സത്യമാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ച് 'ഇൽഹാദി' കളായിത്തീർന്നവരാണ് അവർ എന്നും കരുതുന്നു.

മറ്റൊരു വിഭാഗം 'മതുരിദിയ്യാക്കൾ' എന്ന് അറിയപ്പെടുന്നവരാണ്. വെളിപാടുകൾ ആദ്യം അതേപടി സ്വീകരിക്കപ്പെടണം. അതിനുശേഷം അതിന്റെ പിൻബലത്തിന്നായി യുക്തിപരമായ വിശദീകരണം തേടേണ്ടതുണ്ടെന്ന് അവർ വിശ്വസിക്കുന്നു. വെളിപാടുകൾ വിശ്വാസത്തെ ബലപ്പെടുത്തുന്നു. എന്നാൽ യുക്തിപരമായ വിശദീകരണം ആ വിശ്വാസത്തിന് കൂടുതൽ തൃപ്തി നൽകുന്നു എന്നും അവർ വിശ്വസിക്കുന്നു. അശ്രിയ്യാക്കൾ യുക്തിപരമായ വിശദീകരണത്തെ പൂർണ്ണമായും നിരാകരിക്കുന്നില്ല. അതിനെ ബാഹ്യമാത്രമായി മാത്രം അവർ കാണുന്നു. യുക്തിപരമായ വിശദീകരണം ലഭ്യമാണെങ്കിൽ അത് നല്ലത് തന്നെ. മറ്റൊരുവിധത്തിൽ പറഞ്ഞാൽ വെളിപാടുകളിലൂടെ ലഭ്യമാവുന്നതെല്ലാം തികച്ചും പര്യാപ്തമാണ്. അതിന്നു ലോജിക്കിന്റെയും യുക്തിയുടേയും പിൻബലമില്ലെങ്കിൽ കൂടി അത് പര്യാപ്തമാണെന്ന് അശ്ഹരികൾ വിശ്വസിക്കുന്നു.

അശ്ഹരിയ്യാ പ്രസ്ഥാനത്തിന്റെ വലത് പക്ഷ തീവ്രവാദികളായ 'സുൽഫിയാക്കൾ' (പഴമക്കാരായ പ്രശസ്ത പണ്ഡിതന്മാരെ അന്ധരായി പിന്തുടരുന്ന അനുയായികൾ) രംഗപ്രവേശം ചെയ്യുകയുണ്ടായി. അവരെ സംബന്ധിച്ചിടത്തോളം വെളിപാടുകൾ ചോദ്യം ചെയ്യാതെ സ്വീകരിക്കപ്പെടേണ്ടതുണ്ട്. യാതൊരു തരത്തിലുള്ള താത്വികവും താർക്കികവുമായ വിശദീകരണവും അനുവദനീയമല്ല. ഇത്തരം വിശദീകരണങ്ങൾ ശരിയായ പാതയിൽ നിന്നും വ്യതിചലിപ്പിക്കു

മെന്ന് അവർ കരുതുന്നു.

## മുഅ്തസില

ഒരുവനെ സത്യത്തിലേക്ക് നയിക്കുന്ന ഏറ്റവും വിശ്വസനീയമായ ഉപകരണം വെളിപാടുകളായിരിക്കണം. ഇതിനെ മുഅ്തസിലുകൾ അവരുടെ ഭാഗത്ത് നിന്നും നിഷേധിക്കുന്നില്ല. എന്നിരുന്നാലും വെളിപാടുകളുടെ യഥാർത്ഥ സന്ദേശം യുക്തിയുടെ സഹായമില്ലാതെ ശരിയാംവണ്ണം മനസ്സിലാക്കാൻ സാധ്യമല്ല. ആയതിനാൽ യുക്തിയും വെളിപാടുകളും തമ്മിൽ പ്രത്യക്ഷത്തിൽ ഏറ്റുമുട്ടുമ്പോൾ മാത്രം അവർ യുക്തിക്ക് പരിഗണന നൽകുന്നു, യുക്തിപരമായി കാര്യം മനസ്സിലാക്കൽ വെളിപാടിന് പകരം എന്ന നിലക്കല്ല മറിച്ച് വെളിപാട് സന്ദേശത്തിലെ ഒരു യഥാർത്ഥ വിശദീകരണം എന്ന നിലക്ക് മാത്രമാണ്. അവരുടെ വീക്ഷണത്തിൽ വിശുദ്ധ ഖുർആനിലേയും സുന്നത്തിലേയും വ്യാപകമായി കാണുന്ന വിവിധ ഉപമകളും അലങ്കാരങ്ങളും പ്രതീകങ്ങളും യുക്തിപരമായി വിശകലനം ചെയ്യാതെ അവയിലെ സത്യങ്ങൾ മനസ്സിലാക്കുക അതീവ ദുഷ്ക്കരമായിരിക്കും. ഉദാഹരണത്തിന് ദൈവത്തിന്റെ കരം, ദൈവത്തിന്റെ മുഖം എന്നിവ ദൈവത്തിന്റെ ശക്തി, മഹത്വം എന്നീ അർത്ഥങ്ങളിൽ വ്യാഖ്യാനിക്കേണ്ടതുണ്ട്. ഖുർആനിലെ അത്തരം പ്രതിപാദനങ്ങൾ ദൈവത്തിന്റെ യഥാർത്ഥ ഗുണങ്ങളെ പ്രതിനിധാനം ചെയ്യുന്നുവെന്ന് അൽഅശ്ഹരി യഥാക്രമം ഓരോന്നും വിശദീകരിച്ചു പറയുന്നു. അതിന്റെ സൂക്ഷ്മസ്വഭാവം എന്താണെന്ന് നമുക്ക് അറിഞ്ഞിട്ടുണ്ടായിരുന്നില്ല. എന്നിരുന്നാലും ഖുർആന്റെ അത്തരം പരാമർശങ്ങളിലൂടെ ഭൗതികാർത്ഥത്തിലുള്ള ഗുണങ്ങളല്ല അർത്ഥമാക്കുന്നതെന്ന് അശ്ഹരി പറയുന്നു.

ഒൻപത് മുതൽ പതിനേഴാം നൂറ്റാണ്ടുവരെ യൂറോപ്പിലുണ്ടായ ചിന്താധാരകളോടു ഏറെക്കുറെ സമാനസ്വഭാവമുള്ളതായിരുന്നു മുഅ്തസിലാ പ്രസ്ഥാനം. യൂറോപ്യൻ യുക്തിവാദം അതിന്റെ പുരോഗമനപരമായ പതന ഘട്ടത്തിൽ കൈക്കൊണ്ടതുപോലെ. ഇൽഹാദി (നവീകൃത സമ്പ്രദായം) മാർഗ്ഗം മുഅ്തസിലുകൾ കൈകൊണ്ടില്ല. മുഅ്തസിലുകൾ വിശുദ്ധ ഖുർആന്റെയും സുന്നത്തിന്റെയും യഥാർത്ഥ ഇസ്ലാമിക സ്രോതസ്സിൽ നിന്നും ആശയങ്ങൾ സ്വീകരിച്ചുകൊണ്ടാണ് അവരുടെ വാദമുഖങ്ങളെ സമർത്ഥിച്ചത്. എപ്പോഴും അതിനോടു ഒട്ടിനിൽക്കുകയാണ് അവർ ചെയ്തത്. ഒരിക്കലും അതിൽ നിന്ന് അവർ സ്വയം അകന്നുപോയില്ല.

ഇന്ന് അശ്ഹരിയ്യാക്കളുടേയും മുഅ്തസിലുകളുടേയും വീക്ഷണങ്ങൾ തമ്മിൽ വളരെ കുറഞ്ഞ വ്യത്യാസമേ പ്രത്യക്ഷത്തിലുള്ളൂ. മാത്രമല്ല ചരിത്രപരമായ പരിപ്രേക്ഷ്യത്തിൽ ഈ രണ്ട് ചിന്താധാരകളും വരച്ചുകാട്ടിയിരുന്ന വേർതിരിവിന്റെ മുദ്രകൾ സമകാലീന ഇസ്ലാമിക പണ്ഡിതന്മാരുടെ വൈജ്ഞാനികാന്വേഷണത്തിൽ മാഞ്ഞുപോയിരിക്കുന്നു. കഴിഞ്ഞകാലത്തെ തീക്ഷ്ണമായ വിഭാഗീയത ഇപ്പോൾ വ്യക്തമായി വ്യാഖ്യാനിക്കാൻ സാധ്യമല്ല. ഇക്കാലത്തെ പണ്ഡിതന്മാർ ഏതെങ്കിലും ഒരു വിഭാഗം ചിന്താപ്രസ്ഥാനത്തിന്റെ വക്താക്കൾ എന്നതിനേക്കാൾ വ്യക്തിപരമായ സ്വന്തം അഭിപ്രായത്തിന്റെ വക്താക്കളായാണ് കാണപ്പെടുന്നത്. എന്നിരുന്നാലും ഭൂതകാലാവശിഷ്ടങ്ങളുടെ ചില വ്യത്യസ്തതകൾ ഇപ്പോഴും തിരിച്ചറിയാവുന്നതാണ്. വിഭിന്നങ്ങളായ ചിന്താധാരകൾ തമ്മിൽ കാലഘട്ടങ്ങളിലൂടെ ക്രമേണയുണ്ടായ പരസ്പരം സമന്വയത്തിന്റേയും വിട്ടുവീഴ്ചകളുടേയും ഉല്പന്നങ്ങളായി അവ നിലകൊള്ളുന്നു. അവയിൽ ചിലത് സമീപനത്തിൽ മധ്യകാലസ്ഥിതമാണ്. എങ്കിലും അവരുടെ വീക്ഷണങ്ങൾ സമർത്ഥിക്കാൻ പഴയകാല ചിന്താസരണികളിൽ നിന്നും മാത്രം ഉദ്ധരിക്കാറില്ല.

അവർ ഏത് ചിന്താസരണിയിൽപ്പെട്ട പണ്ഡിതന്മാരേയും മാറിമാറി തങ്ങളുടെ വാദമുഖങ്ങൾ ഉദ്ധരിച്ച് സ്ഥാപിക്കാൻ കഴിയുന്നവരാണ്. അവരെ സംബന്ധിച്ചേടത്തോളം വിവിധങ്ങളായ മധ്യകാല വിഭാഗങ്ങളുടെ അതിർവരമ്പുകൾ അപ്രത്യക്ഷമായിരിക്കുകയാണ്. പക്ഷേ അവർക്ക് മാർഗ്ഗദർശനമായിക്കൊണ്ട് മധ്യകാല – മനഃസ്ഥിതി ഇപ്പോഴും തുടരുന്നു. ആധുനികരെന്ന് വിളിക്കപ്പെടുന്നവരെ സംബന്ധിച്ചിടത്തോളവും ഇത് ഒരളവോളം ശരിയാണ്. തങ്ങളുടെ ആവശ്യങ്ങൾക്ക് അനുയോജ്യമാണെന്നുവരുമ്പോൾ പഴയകാല പണ്ഡിതന്മാരെ തങ്ങൾക്ക് അനുകൂലമായി ഉദ്ധരിക്കാൻ ആധുനികന്മാർ ഒരിക്കലും മടിക്കാറില്ല. എന്നാൽ അവരുടെ വ്യക്തിപരമായ മറ്റു വീക്ഷണങ്ങൾ പുലർത്തുന്ന രംഗങ്ങളിൽ അവർ നവീകൃത ആശയങ്ങൾ കൈക്കൊള്ളുന്നവരിൽ സ്വതന്ത്രരാണെന്ന് അവർ കരുതുന്നു. ■

## നീതിന്യായം

***നിങ്ങൾ ജനങ്ങൾക്കിടയിൽ നീതിപൂർവ്വം***
***വിധി കൽപ്പിക്കുവിൻ (വി: ഖുർആൻ 4:59)***

**ശിക്ഷകൾ വിധിക്കുന്നത് കഴിയുന്നതും ഒഴിവാക്കാൻ ശ്രമിക്കാവുന്നതാണ്. എന്നാൽ ശിക്ഷകൾ തീരെ നിർത്തൽ ചെയ്യുവാൻ ഒരു ഭരണകർത്താവിനും പാടുള്ളതല്ല. ആളുകളെ കഴിയുന്നിടത്തോളം ശിക്ഷകളിൽ നിന്നും ഒഴിവാക്കാൻ ശ്രമിക്കുവിൻ. സാദ്ധ്യമായ എല്ലാ സംശയങ്ങളുടെയും ആനുകൂല്യങ്ങൾ പ്രതിഭാഗത്തിനു നൽകണം. ശിക്ഷിക്കുന്നതിൽ തെറ്റു പിണയുന്നതിനേക്കാൾ ദയ കാണിക്കുന്നതിൽ തെറ്റു പിണയുന്നതാണ് ഒരു ന്യായാധിപന് ഏറെ നല്ലത്.**

**(നബിവചനം)**

# പവിത്ര ജീവിതം

മുഹമ്മദ് ഉമർ

## ദൈവ നിയുക്തരാവുന്നതിനു മുമ്പുള്ള പ്രവാചകന്മാരുടെ ജീവിതം അവരുടെ സത്യസാക്ഷ്യത്തിനുള്ള അനിഷേധ്യമായ തെളിവാണ്

പഞ്ചാബിലെ ഒരു കുഗ്രാമമമായിരുന്ന ഖാദിയാനിൽ വെച്ചു ഒരാൾ 123 വർഷങ്ങൾക്കുമുമ്പ് ദൈവം തനിക്ക് ഇപ്രകാരം ദിവ്യവെളിപ്പാടു അറിയിച്ചിരിക്കുന്നുവെന്നു വാദിക്കുകയുണ്ടായി.

അതായത് നീ പ്രഖ്യാപിക്കുക, ഞാൻ നിയുക്തനാക്കപ്പെട്ടിരിക്കുന്നു. അതിൽ ഞാൻ ഒന്നാമതായി വിശ്വാസം കൊള്ളുന്നു. എല്ലാ അനുഗ്രഹങ്ങളും മുഹമ്മദു (സ) തിരുമേനിയിൽ നിന്നുള്ളതാണ്. പഠിപ്പിക്കുന്ന ആളും പഠിക്കുന്ന ആളും (ഗുരുവും ശിഷ്യനും) അനുഗ്രഹീതരാകുന്നു.

തുടർന്ന് ഇപ്രകാരം വാദിച്ചു

''എനിക്ക് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവും ആയ ദിവ്യവെളിപ്പാടു മുഖേന ഞാൻ അവന്റെ ഭാഗത്തു നിന്നുള്ള വാഗ്ദത്ത മഹ്ദിയും മസീഹും ആണെന്നും ആന്തരികവും ബാഹ്യവും ആയ വിശ്വാസവൈരുദ്ധ്യങ്ങളെ നീതിയോടുകൂടി തീർപ്പു കല്പിക്കുന്നവനും ആണെന്നും ഉള്ള വിവരം ലഭിച്ചിരിക്കുന്നു.” (അർബയീൻ 1 പേജ് 40).

പിന്നീടു തന്റെ വാദത്തെക്കുറിച്ച് അല്ലാഹുവിനെ സാക്ഷിനിറുത്തിക്കൊണ്ട് അവന്റെ പേരിൽ ആണയിട്ടു അരുൾ ചെയ്യുന്നു.

“ഏതൊരുവന്റെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത്, ആ അല്ലാഹുവിന്റെ പേരിൽ ആണയിട്ടുകൊണ്ടു പറയുന്നു. ഹസ്റത്ത് റസൂൽ കരീം(സ) സഹീഹായ ഹദീസുകളിൽ പ്രവചിച്ചതനുസരിച്ച് ഞാൻ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹാണ്. ഈ പ്രവചനം സഹീഹ് ബുഖാരിയിലും മുസ്ലിമിലും ഇതര സഹീഹുകളിലുമുണ്ട്.” (മൽഫൂസാത്ത് വോ. 1. പേജ് 213)

വീണ്ടും അരുൾ ചെയ്യുന്നു:

ഞാൻ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹാണ്. ഏതൊരാളുടെ പേര് ഹദ്റത്ത് റസൂൽ തിരുമേനി (സ) നബിയുല്ലാഹ് എന്നു വെച്ചിരിക്കുന്നുവോ ആ ആൾ ഞാൻ തന്നെയാണ്.

(നുസൂലുൽ മസീഹ് പേ: 48)

തനിക്ക് ലഭ്യമായ ഈ ആത്മീയ സ്ഥാനത്തിന്റെ യാഥാർത്ഥ്യം വിവരിച്ചു കൊണ്ടു അദ്ദേഹം എഴുതുന്നു.

“ഞാൻ നബിതിരുമേനി(സ) യുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ ലോകത്തുള്ള സർവ്വ പർവ്വതങ്ങൾക്കും സമാനമായത്ര പുണ്യകർമ്മങ്ങൾ ഞാൻ ചെയ്തിട്ടുണ്ടെന്നാലും അല്ലാഹുവിൽ നിന്നുള്ള മധുരഭാഷണത്താൽ ഞാൻ അനുഗ്രഹീതനാകുമായിരുന്നില്ല. എന്തെന്നാൽ മുഹമ്മദീയാ നുബുവ്വത്ത് അല്ലാത്ത മറ്റെല്ലാ നുബുവ്വത്തുകളും നിർത്തലാക്കിയിരിക്കുകയാണ്. ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത നബി വരാവുന്നതാണ്. പക്ഷെ ആ നബി ഒന്നാമതായി തിരുനബിയുടെ ഉമ്മത്തിയായിരിക്കേണ്ടതാണ്. (തജല്ലിയാത്തെ ഇലാഹിയ്യ ഭാ: 24, 25)

മേൽ വിവരിച്ച യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദ്(അ)ന്റെ വാഗ്ദത്ത മഹ്ദീ മസീഹ് വാദത്തെക്കുറിച്ചു അവലോകനം നടത്തുന്നതിന്നുമുമ്പായി ഒരു ദൈവനിയുക്തവാദിയുടെ വാദത്തോട് നാം എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്ന വിശുദ്ധ ഖുർആനിലെ അദ്ധ്യാപനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാനാഗ്രഹിക്കുന്നു. അതായത് ഖുർആൻ പറയുന്നു:

قُلْ أَرَأَيْتُمْ إِن كَانَ مِنْ عِندِ اللَّهِ ثُمَّ كَفَرْتُم بِهِ مَنْ أَضَلُّ مِمَّنْ هُوَ فِي شِقَاقٍ بَعِيدٍ

سَنُرِيهِمْ آيَاتِنَا فِي الْآفَاقِ وَفِي أَنفُسِهِمْ حَتَّىٰ يَتَبَيَّنَ لَهُمْ أَنَّهُ الْحَقُّ أَوَلَمْ يَكْفِ بِرَبِّكَ أَنَّهُ عَلَىٰ كُلِّ شَيْءٍ شَهِيدٌ

പറയുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ. ഈ വാദി അല്ലാഹുവിൽ നിന്നുള്ളതാവുകയും എന്നിട്ടു നിങ്ങൾ അദ്ദേഹത്തെ നിഷേധിക്കുകയും ചെയ്യുന്നതായാൽ വിദൂരമായ ഭിന്നതയിൽ ഉള്ളവനേക്കാൾ കൂടുതൽ വഴിപിഴച്ചവൻ മറ്റാരാണ്. ഈ വാദി സത്യവാനാണെന്ന് അവർക്ക് സ്പഷ്ടമായി മനസ്സിലാകുമാറ് നമ്മുടെ ദൃഷ്ടാന്തങ്ങളെ ദിങ്മണ്ഡലങ്ങളിലും (ആകാശദൂതുകളിലും) അവരുടെ നഫ്സുകളിൽത്തന്നെയും നാം വേഗം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. നിന്റെ നാഥൻ എല്ലാ കാര്യത്തിന്നും സാക്ഷിയാണെന്നത് (അവർക്ക്) മതിയായതല്ലേ? (41:53-54)

വീണ്ടും മറ്റൊരു സ്ഥലത്ത് അരുൾ ചെയ്യുന്നു.

وَآمِنُوا بِمَا أَنزَلْتُ مُصَدِّقًا لِّمَا مَعَكُمْ وَلَا تَكُونُوا أَوَّلَ كَافِرٍ بِهِ

നിങ്ങളുടെ അടുക്കലുള്ളതിനെ സാക്ഷീകരിച്ചുകൊണ്ട് ഞാൻ ഇറക്കിയതിനെ നിങ്ങൾ വിശ്വസിക്കുക. ആ ആളെ നിഷേധിക്കുന്നതിൽ നിങ്ങൾ മുമ്പന്മാരാകരുത് (2:42).

പ്രസ്തുത രണ്ടു തിരുവാക്യങ്ങളുടെയും വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ വാദത്തെക്കുറിച്ചും അതിന്നു നിദാനവും സാക്ഷ്യവും ആയി വിശുദ്ധ ഖുർആനിൽ നിന്നും തെളിയുന്ന ദൃഷ്ടാന്തങ്ങളെയും തെളിവുകളെയും കുറിച്ചും കൂലങ്കുഷമായി ചിന്തിക്കേണ്ടതുണ്ട്. വാദം ശ്രവിച്ച മാത്രയിൽ എതിർക്കുകയും നിഷേധിക്കുകയും ഹാലിളകിക്കൊണ്ട് കുഫ്ർഫത്വ പുറപ്പെടുവിക്കുകയും ചെയ്യുന്നത്, 'നിഷേധിക്കുന്നതിൽ മുമ്പന്മാരാവരുത്' എന്ന ഖുർആനികാദ്ധ്യാപനത്തിന്നെതിരാണ്. ഇതിന്നുള്ള ഉത്തമമാതൃക ഹദ്റത്ത് റസൂൽകരീം (സ) തിരുമേനിയിൽ നിന്നു നമുക്കു മനസ്സിലാകുന്നു. അതായത്, ഹദ്റത്ത് റസൂൽതിരുമേനി(സ)യുടെ അടുക്കെ ഒരു വ്യാജ നുബുവ്വത്ത് വാദിയായിരുന്ന ഇബ്നു സയാദു വന്നു "അതശ്ഹദു ഇന്നീ റസൂലുല്ലാഹി, ഞാൻ ഒരു ദൈവപ്രവാചകനാണെന്ന് താങ്കൾ സാക്ഷ്യം വഹിക്കുന്നുവോ എന്നു ചോദിച്ചു.അതിന്നുള്ള പ്രതികരണമെന്നോണം തിരുമേനി(സ) അയാളെ എതിർക്കുകയോ ഞാൻ നബിയായിരിക്കെ നിങ്ങൾക്കിപ്രകാരം വാദിക്കാനും ചോദിക്കാനും ഉള്ള അധികാരമെന്തുണ്ട് എന്നു പറയുകയോ നീ കള്ളവാദിയാണെന്നു പറഞ്ഞു ദണ്ഡിക്കുകയോ അയാളെ വധിക്കുവാൻ ശ്രമിക്കുകയോ ചെയ്യാതെ വളരെ സൗമ്യനായി ഹദ്റത്ത് റസൂൽ തിരുമേനി (സ) കൊടുത്ത മറുപടി **'ആമൻത്തു ബില്ലാഹി വറുസുലിഹി** ഞാൻ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു എന്നായിരുന്നു.

ഇത്രയും ആമുഖമായി വിവരിച്ചതിന്നുശേഷം, പ്രസ്തുത ആയത്തിന്റെ വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ സത്യത്തിന്നു സാക്ഷിയായി വിശുദ്ധ ഖുർആൻ നൽകുന്ന മാനദണ്ഡം എന്താണെന്നു നോക്കുക. അതിന്നായി ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ സത്യത്തിന്നു നിദാനമായി വിശുദ്ധ ഖുർആൻ കാണിക്കുന്ന മാർഗ്ഗദർശനം മാർഗ്ഗദീപമായിക്കാണേണ്ടതാണ്.

ഒരു ദൈവനിയുക്തവാദിയുടെ സത്യസാക്ഷ്യത്തിന്നായി അദ്ദേഹത്തിന്റെ വാദത്തിന്നുമുമ്പുള്ള ജീവിതം പവിത്രവും നിഷ്കളങ്കവും കുറ്റമറ്റതും ആയിരിക്കണമെന്ന മാനദണ്ഡം വിശുദ്ധ ഖുർആൻ വിളിച്ചോതുന്നു.

അല്ലാഹുവിന്റെ കല്പനയനുസരിച്ച് ഹദ്റത്ത് റസൂൽ തിരുമേനി(സ) മക്കയിലെ അവിശ്വാസികളെ ഇപ്രകാരം ഉദ്ബോധിപ്പിക്കുകയുണ്ടായി.

ഇതിന്നു (വാദത്തിന്നു)മുമ്പ് ഒരു ദീർഘകാലം ഞാൻ നിങ്ങളുടെയിടയിൽ ജീവിച്ചിട്ടുണ്ടല്ലോ. എന്നിട്ടും നിങ്ങൾ (കാര്യങ്ങൾ) ഗ്രഹിക്കുന്നില്ലേ? (10:17) ഹദ്റത്ത് റസൂൽ കരിം(സ) തന്റെ സത്യതയെ തെളിയിക്കുവാനായി മക്കയിലെ വിഗ്രഹാരാധകരും അവിശ്വാസികളുമായവരുടെ മുമ്പാകെ വെച്ചിരുന്ന സത്യസാക്ഷ്യം ഇതായിരുന്നു. ഞാൻ എന്റെ വാദത്തന്നു മുമ്പു നിങ്ങൾക്കിടയിൽ നാല്പത് വർഷക്കാലം ജീവിച്ചിരുന്നുവല്ലോ. എന്റെ ജീവിതത്തിൽ ഏതെങ്കിലും ന്യൂനതയോ പോരായ്മയോ അസത്യമോ നിങ്ങൾക്ക് തെളിയിക്കുവാൻ സാധിക്കുമോ? എന്റെ പരിശുദ്ധ ജീവിതം കാരണം നിങ്ങളെനിക്ക് 'സിദ്ദീഖ്' എന്നും 'അമീൻ' എന്നും ഉള്ള പേരുകൾ നൽകിയിരുന്നില്ലേ? ഞാനെന്റെ ബാല്യകാലവും യൗവ്വനവും പിന്നിട്ടു നാല്പതാമത്തെ വയസ്സിൽ നിങ്ങളുടെ മുമ്പാകെ നിറഞ്ഞുനിൽക്കുകയാണ്. എന്റെ പരിശുദ്ധ ജീവിതം ദർശിച്ച നിങ്ങൾ മാജർറബ്നാ അലൈക്ക ഇല്ലാ സിദ്ഖാ. (നിന്നിൽ ഞങ്ങൾക്ക് സത്യമല്ലാതെ മറ്റൊന്നുംതന്നെ കാണുവാൻ സാധിച്ചിട്ടില്ല) എന്നു ഐകകണ്ഠ്യേന നിങ്ങൾ സാക്ഷ്യംവഹിച്ചില്ലേ? എന്നിരിക്കെ ഞാൻ പെട്ടെന്നു ഒരു സുപ്രഭാതത്തിൽ ഒരു പെരുംകള്ളം പറഞ്ഞുവെന്നാണോ നിങ്ങൾ പറയുന്നത്? അതും സാർവ്വലോക നിയന്താവും സർവ്വജ്ഞനും ആയ അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടി കള്ളവാദം പുറപ്പെടുവിക്കുകയാണെന്ന് നിങ്ങൾക്കെങ്ങിനെ പറയുവാൻ സാധിക്കും? ഹദ്റത്ത് റസൂൽ തിരുമേനിയുടെ ഈ വെല്ലുവിളി സ്വീകരിക്കുവാൻ ഇന്നും അന്നും ആർക്കും തന്നെ സാധിച്ചിരുന്നില്ല.

ചുരുക്കത്തിൽ ആ പുണ്യാത്മാവ് തന്റെ വാദത്തിന്ന് സത്യസാക്ഷ്യമായി ലോകത്തിന്റെ മുമ്പാകെ വെച്ച മാനദണ്ഡം തന്റെ പരിശുദ്ധവും പരിപാവനവും ആയ ജീവിതമായിരുന്നു. അതേ പ്രകാരം ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹും തന്റെ സത്യത്തിന്ന് നിദാനമായിട്ടെടുത്തു കാണിക്കുന്നത് തന്റെ വാദത്തിന്നു മുമ്പുള്ള പവിത്ര ജീവിതമാണ്. അദ്ദേഹം അരുൾ ചെയ്യുന്നു.

'വാദത്തിനു മുമ്പുള്ള എന്റെ ജീവിതത്തിൽ നിന്നും നിങ്ങൾക്ക് കളവു വഞ്ചന കറ്റുകെട്ടു മുതലായ ഒരു

ന്യൂനതയും ദോഷവും എടുത്തു കാണിക്കുവാൻ സാധിക്കുന്നതല്ല. പണ്ടുമുതലേ കളവും വഞ്ചനയും കൈമുതലായുള്ള ഒരാൾ പെട്ടെന്ന് ഇങ്ങനെ ഒരു വാദം പുറപ്പെടുവിക്കുന്നതാണല്ലോ സംശയാസ്പദമായിരിക്കുക. എന്റെ ജീവിതത്തിൽ ഏതെങ്കിലും ഒരു ദൂഷ്യം നിങ്ങൾക്കു എടുത്ത് കാണിക്കുവാൻ സാധിക്കുമോ? ആരംഭത്തിൽ തന്നെ അല്ലാഹു എന്റെ ജീവിതം ഭയഭക്തിയിലും തഖ്‌വയിലും അധിഷ്ഠിതമാക്കിയത് എനിക്ക് ലഭിച്ച ഒരു മഹാഭാഗ്യമാണ്. ചിന്തിക്കുന്നവർക്ക് ഇതും ഒരടയാളമാണ്.'

(തദ്കിറത്തുശ്ശഹാദത്തൈൻ – പേ: 62)

വീണ്ടും അരുൾ ചെയ്യുന്നു.

അക്രമികളായ എന്റെ എതിരാളികളുടെ വായടക്കുവാൻ അല്ലാഹു എന്നെ ഇൽഹാം മുഖേന ഇപ്രകാരം അറിയിച്ചിരിക്കുന്നു. നീ അവരോടു ചോദിക്കുക. എന്റെ നാല്പത് വർഷക്കാലജീവിതം ഒരു തുറന്ന പുസ്തകം പോലെ നിങ്ങളുടെ മുമ്പാകെ ഉണ്ടല്ലോ. ആ ജീവിതത്തിൽ എന്തൊരു ദൂഷ്യവും ന്യൂനതയുമാണ് നിങ്ങൾക്ക് കാണുവാൻ സാധിച്ചത്! ഏതെങ്കിലും ഒരു കളവു, ചതി, എന്റെ ജീവിതത്തിൽ നിന്നും നിങ്ങൾക്കു എടുത്തു കാണിക്കുവാൻ സാധിക്കുമോ? (തിരിയാഖുൽ ഖുലൂബ്)

വീണ്ടും അരുൾ ചെയ്യുന്നു.

എനിക്കിപ്പോൾ അറുപത്തഞ്ചു വയസ്സായി. എന്റെ അടുത്തോ ദൂരത്തോ വസിക്കുന്ന ആർക്കും തന്നെ എന്റെ ഇത്രപര്യന്തമുള്ള ജീവിതത്തിൽ നിന്നും ഒരു പോരായ്മയും എടുത്തുകാണിക്കുവാൻ സാധ്യമല്ല. മാത്രമല്ല എന്റെ വാദത്തിന്നു മുമ്പുള്ള ജീവിതത്തിന്റെ പരിശുദ്ധത അല്ലാഹു എന്റെ ശത്രുക്കളെ ക്കൊണ്ടുതന്നെ പറയിപ്പിച്ചിരിക്കുന്നു. ഉദാഹരണമായി മൗലവി മുഹമ്മദു ഹുസൈൻ സാഹിബ് തന്റെ ഇശാഅത്തുസ്സുന്നാ: എന്ന മാസികയിൽ ഈയുള്ളവനെയും കുടുംബത്തെയും കുറിച്ച് തനിക്കറിയുംപോലെ മറ്റാർക്കും അറിയില്ലെന്നും വാദിച്ചിരിക്കുന്നു. അങ്ങനെ എനിക്കെതിരായി പുറപ്പെടുവിക്കപ്പെട്ട കുഫ്ർ ഫത്‌വകളുടെ കാരണക്കാരനായ ഒരുശത്രുവിനെക്കൊണ്ടുതന്നെ അല്ലാഹു എന്റെ പരിശുദ്ധിയെക്കുറിച്ച് 'ഫഖദ്‌ലബിസ്ത്തു ഫീക്കും' എന്ന സത്യസാക്ഷ്യം പൂർത്തീകരിച്ചിരിക്കുന്നു. (നുസൂലുൽ, മസീഹ്)

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഈ വാദം അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന്നുള്ള സുശക്തമായ ഒരു തെളിവാകുന്നു. അദ്ദേഹത്തിന്റെ വാദത്തിന്നുമുമ്പുള്ള ജീവിതത്തിൽ ആർക്കും ഇന്നുവരെ ഒരു ന്യൂനതയും പോരായ്മയും ദൂഷ്യവും ചൂണ്ടിക്കാണിക്കുവാൻ സാധിച്ചിട്ടില്ല. എന്നുമാത്രമല്ല, ഹദ്റത്ത് വാഗ്ദത്ത മസീഹ് സൂചിപ്പിച്ച മൗലവി മുഹമ്മദു ഹുസൈൻ ബട്ടാലവി, അദ്ദേഹത്തിന്റെ പവിത്രജീവിതത്തെക്കുറിച്ച് ഇപ്രകാരം ഏറ്റു പറയുന്നു.

'ബറാഹീനെ അഹ്മദിയ്യായുടെ ഗ്രന്ഥകർത്താവിന്റെ സ്ഥിതികളെയും അദ്ദേഹത്തിന്റെ ചിന്താഗതികളെയും കുറിച്ച് നാം അറിയുന്നതുപോലെ നമ്മുടെ സമകാലീനന്മാർക്ക് അധികവും അറിവുണ്ടായിരിക്കുകയില്ല. അദ്ദേഹം എന്റെ സ്വന്തം നാട്ടുകാരനും ആദ്യകാല സഹപാഠിയുമായിരുന്നു. (ഇശാഅത്തുസ്സുന്ന വോ. 7. പേ. 176)

"ബറാഹീനെ അഹ്മദിയ്യാ ഗ്രന്ഥകർത്താവ് അനുകൂലമായും പ്രതികൂലമായും ഉള്ള അനുഭവങ്ങളിലൂടെ സാക്ഷ്യങ്ങളുടെയും വെളിച്ചത്തിൽ (അല്ലാഹു പോരുന്നവനാണ്) ശരീഅത്തെ മുഹമ്മദിയ്യയിൽ അധിഷ്ഠിതനും, പരിശുദ്ധവാനും സത്യാത്മാവും ആണ്. (ഇശാഅത്തുസ്സുന്ന – വോ.7 പേ. 384)

ധനം കൊണ്ടും ദേഹം കൊണ്ടും പേന കൊണ്ടും നാവുകൊണ്ടും പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും ഇസ്‌ലാമിന്നുവേണ്ടി ഈ ഗ്രന്ഥകർത്താവിനെപ്പോലെ സേവനം ചെയ്തിട്ടുള്ളവർ പൂർവ്വിക മുസ്‌ലിംകളിൽപ്പോലും വളരെ വിരളമായേ കാണപ്പെടുന്നുള്ളൂ. (ഇശാ അത്തുസ്സുന്ന: വോ. 6 പേ. 169, 100)

അഹ്മദിയ്യാ ജമാഅത്തിന്റെ മറ്റൊരു ബദ്ധവൈരിയായിരുന്ന മൗലാനാ സഫർ അലിഖാൻ തന്റെ 'സമീന്ദാർ' എന്ന പത്രത്തിൽ ഹദ്റത്ത് അഹ്മദി(അ)നെക്കുറിച്ചുള്ള ചരമക്കുറിപ്പിൽ എഴുതുന്നു:

യൗവ്വനദശയിൽ പോലും അദ്ദേഹം വളരെയധികം സാത്വികനും, മുത്തഖിയും ആയ ഒരു മാന്യദേഹമായിരുന്നുവെന്ന് ഒരു ദൃക്‌സാക്ഷിയെന്നോണം ഞാൻ സാക്ഷ്യം വഹിക്കുന്നു. വ്യക്തിപരമായി അദ്ദേഹത്തിന്റെ വാദഗതികളോട് പൂർണ്ണമായി യോജിക്കുവാൻ സാധിക്കുകയില്ലെങ്കിൽ കൂടി അദ്ദേഹം ഒരു യഥാർത്ഥ മുസൽമാനാണെന്ന് ഞങ്ങൾക്കു പറയുവാൻ സാധിക്കുന്നതാണ്. (സമീന്ദാർ)

അഹ്മദിയ്യത്തിന്റെ മറ്റൊരു ബദ്ധവൈരിയായിരുന്ന മൗലവി സനാഉല്ലാ അമൃതസരി തന്റെ 'താരീഖെമിർസാ' എന്ന പുസ്തകത്തിലെഴുതുന്നു:

''എപ്രകാരം മിർസാസാഹിബിന്റെ ജീവിതത്തിന്നു രണ്ടുഭാഗങ്ങളുണ്ടോ അതേപ്രകാരം മിർസാ സാഹിബുമായുള്ള എന്റെ ബന്ധത്തിന്നും രണ്ടു ഭാഗങ്ങളുണ്ട്. ബറാഹീനെ അഹ്മദിയ്യാ വരെയും അതിന്നുശേഷവും. ബറാഹീൻ വരെ ഞാൻ മിർസാ സാഹിബിനോട് സദ്ഭാവന വെച്ചുപുലർത്തിയിരുന്നു. ഒരിക്കൽ എനിക്ക് പതിനേഴോ പതിനെട്ടോ വയസ്സുള്ള പ്പോൾ അദ്ദേഹത്തെ സന്ദർശിക്കാനുള്ള അഭിവാഞ്ഛയിൽ ഞാൻ ബട്ടാലയിൽ നിന്നു ഖാദിയാനിലേക്ക് കാൽനടയായി ചെന്നിരുന്നു

(താരീഖെ മിർസാ പേജ് 53)

ചുരുക്കത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ വാദത്തിന്നുമുമ്പുള്ള പവിത്രമായ ജീവിതം നിർണ്ണായകമായ ഒരു സത്യസാക്ഷ്യമാണ്. വിശുദ്ധ ഖുർആൻ കാണിച്ചുതരുന്ന ഈ മാനദണ്ഡം ആ മഹാത്മാവിന്റെ സത്യസാക്ഷ്യത്തിന്നുള്ള അനിഷേധ്യമായ ഒരു തെളിവാണ്. ■

ലേഖനം

# എയ്ഡ്സ്: വാഗ്ദത്ത മഹ്ദിമസീഹിന്റെ താക്കീത്

## ഈ നൂറ്റാണ്ടിന്റെ മഹാമാരിയെക്കുറിച്ച് വാഗ്ദത്ത മസീഹ്

വളരെ കഠിനമായ നാളുകൾ ഇതാ വരാൻ പോകുന്നുവെന്നോർമ്മിച്ചുകൊള്ളുവിൻ. ആ നാളുകളിൽ ലോകത്തിനു വളരെയധികം അപകടകരമായ പ്രയാസങ്ങളെയും ആപത്തുകളെയും നേരിടേണ്ടിവരുന്നതാണ്. സമീപഭാവിയിൽത്തന്നെ കഠിനമായ രോഗങ്ങളും ഭൗമികവും വാനവികവും ആയ ആപത്തുകളും പ്രത്യക്ഷപ്പെടുവാൻ പോകുന്നുവെന്നും ഖിയാമത്തിന്റെ മാതൃകയെന്നോണമുള്ള കഠിനമായ ഭൂകമ്പങ്ങൾ വരുന്നതാണെന്നും അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. അതായത് ആ ഭൂകമ്പം അപ്രതീക്ഷിതമായ രീതിയിൽ പെട്ടെന്നായിരിക്കും ഉണ്ടാവുക എന്നും അല്ലാഹു അരുൾ ചെയ്തിരിക്കുന്നു. അതുപോലുള്ള ഭയപ്പെടുത്തുന്ന പല കാര്യങ്ങളെക്കുറിച്ചും അല്ലാഹു എനിക്ക് മുന്നറിയിപ്പു നൽകിയിട്ടുണ്ട്. എനിക്ക് ആത്മീയമായ ദർശനത്തിൽ കാണുവാൻ സാധിച്ച കാര്യങ്ങളെക്കുറിച്ച് നിങ്ങൾ അറിയുകയാണെങ്കിൽ രാത്രിയും പകലും മുഴുവനും നിങ്ങൾ അല്ലാഹുവിന്റെ തിരുമുമ്പിൽ വിലപിച്ചു കൊണ്ടിരിക്കുമായിരുന്നു.

ഹദ്റത്ത് മൂസാ നബി(അ)യുടെ കാലത്ത് വെട്ടുകിളി, പേൻ. തവള എന്നിവ കൊണ്ടുള്ള ദൈവശിക്ഷയായിരുന്നു ഉണ്ടായിരുന്നത്. ശത്രുക്കൾ ഇതൊക്കെ ഒരു വിധത്തിലുള്ള തമാശയായിട്ടായിരുന്നു കണക്കാക്കിയിരുന്നത്. ഇതിനുള്ള മൂലകാരണം ഈ ദുർഭഗർക്ക് വരാൻ പേകുന്ന ഒരു മഹാത്ഭുതത്തെപ്പറ്റിയുള്ള അറിവില്ലാതിരുന്നതാണ്. അതായത് അവന് (ഫിർഔന്ന്) "ഞാനിതാ ഇസ്രായീൽ സന്തതികൾ വിശ്വസിക്കുന്ന ഏക ദൈവമല്ലാതെ മറ്റൊരാരാധ്യനും ഇല്ല എന്നു വിശ്വസിക്കുന്നു" എന്ന് ഏറ്റു പറയേണ്ടുന്ന ഒരു മഹാസംഭവം ഉണ്ടാകുമെന്നവൻ അറിഞ്ഞില്ല.

അതുകൊണ്ട് ഒരു കാര്യം നന്നായിട്ടോർച്ചുകൊള്ളുക. പ്രാഥമികമായ ഭയപ്പെടുത്തലുകളെ ഒരു മുന്നറിയിപ്പിന്റെ ദൃഷ്ടികളോടെ വീക്ഷിക്കുകയും അല്ലാഹുവിനെ ഭയന്നുകൊണ്ട് ഇസ്തിഗ്ഫാറും ലാഹൗലും ഓതി സൽകർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും ആണെങ്കിൽ അതു നിങ്ങൾക്കു നന്നായിരിക്കും. എന്നാൽ ഇത്തരം കാര്യങ്ങളെക്കുറിച്ചു അശ്രദ്ധ കാണിക്കുകയും അലംഭാവം കൊള്ളുകയും ചെയ്തു ആ വിഷമഘട്ടം വരുമ്പോൾ കരഞ്ഞത് കൊണ്ട് ഒരു ഫലവും ഉണ്ടാകുന്നതല്ല. അവസാനം വളരെ അപമാനത്തോടും അപജയത്തോടും കൂടി നാശത്തിന്റെ മുഖം കാണേണ്ടി വരുന്നതാണ്. അവസാനം ഏതൊരു ദുൻയാവിനു വേണ്ടിയാണോ ദീനിനെ ഉപേക്ഷിക്കേണ്ടി വന്നത് അതിനെയും വളരെ ഖേദത്തോടു കൂടി ഉപേക്ഷിക്കേണ്ടി വരുന്നതാണ്. നോക്കുക, പ്ലേഗിനെകുറിച്ച് അതിപ്പോൾ ദൂരപ്പെട്ടുപോയിരിക്കുന്നുവെന്നും അതിന്റെ കാലം അവസാനിച്ചു പോയിരിക്കുന്നുവെന്നും ജനങ്ങൾ പറയുന്നു. എന്നാൽ മുമ്പു കഴിഞ്ഞു പോയ പ്ലേഗിനേക്കാൾ വളരെ കാഠിന്യമേറിയ പ്ലേഗ് വ്യാപിക്കുവാൻ പോകുകയാണ്. ഒരുപേരുവിട്ടു വിളിക്കാൻ സാധിക്കാനാവാത്ത മാരകമായ ഒരു രോഗം വ്യാപിക്കുന്നതാണ്.

ഇത്രയും കാര്യങ്ങൾ വ്യക്തമാക്കിയതിനു ശേഷം എനിക്ക് നിങ്ങളോടു പറയുവാനുള്ളത് ഇതാണ്. അല്ലാഹുവിന്റെ കാരുണ്യങ്ങൾ സമുദ്രങ്ങളെക്കാൾ വിശാലമാണ്. അവൻ കഠിനശിക്ഷ നൽകുന്നവനാണെങ്കിലും അതോടൊപ്പം അവൻ വളരെയധികം പൊറുത്തു കൊടുക്കുന്നവനും വളരെയധികം അനുകമ്പയും ദയയും കാണിക്കുന്നവനും ആകുന്നു. തൗബാ ചെയ്യുകയും ഇസ്തിഗ്ഫാറും ലാഹൗലും ചൊല്ലിക്കൊണ്ടിരിക്കുന്നതിൽ വ്യാപൃതരാകുകയും ദീനിന്നു ദുൻയാവിനേക്കാൾ പ്രാധാന്യം നൽകുകയും ചെയ്യുന്നവർ തീർച്ചയായും രക്ഷിക്കപ്പെടും. ദൈവശിക്ഷ വരുന്നതിനുമുമ്പേ ഭയപ്പെടുകയും ദൈവസ്മരണയിൽ നിരതരായിരിക്കുകയും ചെയ്യുന്നവർ പെട്ടെന്നുണ്ടാകുന്ന ദൈവശിക്ഷയിൽ നിന്നും തീർച്ചയായും രക്ഷപ്പെടുന്നതാണെന്ന് ഒരു ലക്ഷത്തി ഇരുപത്തിനാലായിരം പ്രവാചകന്മാരുടെ ഏകോപിച്ച അഭിപ്രായമാണ്. എന്നാൽ ദൈവശിക്ഷ വന്നതിനു ശേഷം നിലവിളിക്കുകയും വിലപിക്കുകയും പരിഭ്രമിക്കുകയും ചെയ്യുന്നവർ വിശ്വാസമില്ലാത്തവരാണ്. അവരൊരിക്കലും രക്ഷപ്പെടുന്നതല്ല. കാരണം ഏറ്റവും വലിയ കഠിനചിത്തനും അത്തരം സന്ദർഭങ്ങളിൽ ഭയന്നു വിറക്കുന്നത് സഹജമാണ്.

(മൽഫൂസാത്ത്,
ഹദ്റത്ത് ഇമാം മഹ്ദി (അ)
വാല്യം 10 : പേജ് 67–69)

ലേഖനം

# നബി തിരുമേനി (സ): സമാധാനത്തിന്റെ രാജകുമാരൻ

എസ്. മുഹമ്മദ് സലീം

●

**റസൂൽ തിരുമേനി (സ) യുടെ ജീവിത ചലനങ്ങളെല്ലാം ശാന്തിയിലേക്കുള്ള ചുവടുവെപ്പുകളായിരുന്നു.**

●

തൗറാത്തിലെ (ബൈബിൾ പഴയനിയമം) യശയ്യാ പുസ്തകത്തിൽ 9-ാം അദ്ധ്യായം 6-ാം വചനത്തിൽ ഇസ്രായീലുകൾക്ക് യഹോവയായ ദൈവം വാഗ്ദാനം ചെയ്ത സമാധാനത്തിന്റെ ഒരു രാജകുമാരൻ പ്രത്യക്ഷപ്പെടുമെന്ന പ്രവചനമുണ്ട്. ക്രിസ്ത്യാനികൾ മറിയമിന്റെ മകനായ ക്രിസ്തുവാണ് പ്രസ്തുത സമാധാനത്തിന്റെ രാജകുമാരനെന്ന് വിശ്വസിക്കുന്നു. എന്നാൽ ക്രിസ്തുവിന് 6 നൂറ്റാണ്ടുകൾക്കുശേഷം മക്കാ മണലാരണ്യത്തിൽ സർവ്വലോകങ്ങൾക്കും അനുഗ്രഹമായി അയക്കപ്പെട്ടതും സമാധാന സമ്രാട്ടുമായിരുന്ന മുഹമ്മദ് മുസ്തഫാ (സ)യായിരുന്നു ആ പ്രവചനത്തിന്റെ സാക്ഷാത്കാരം.

മനുഷ്യകുലത്തിന് പരിപൂർണ്ണ മതസംഹിതയുമായി മക്കയിൽ പ്രത്യക്ഷപ്പെട്ട മുഹമ്മദ് നബി(സ) തങ്ങൾ ലോകം കണ്ടതിൽ വെച്ച് ഏറ്റവും മഹാനായ ശാന്തിദൂതനും സമാധാന പ്രേമിയുമായിരുന്നു. തിരുനബിയുടെ തിരുഹൃദയത്തിൽ സ്നേഹവും രഞ്ജിപ്പും നിർലീനമായിരുന്നു. എപ്പോഴെല്ലാം സംഘട്ടനത്തേയും സമാധാനത്തേയും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടോ അപ്പോഴെല്ലാം നബി(സ) തങ്ങൾ സമാധാനത്തെ മാത്രമായിരുന്നു തെരഞ്ഞെടുത്തിരുന്നത്.

നബി(സ) തിരുമേനിയ മനസ്സിന്റെ എല്ലാ തലങ്ങളിലും ജന്മസിദ്ധമായിത്തന്നെ സമാധാനത്തിന്റേയും ശാന്തിയുടേയും പരാഗങ്ങൾ ചിതറിക്കിടന്നിരുന്നു. സർവ്വശക്തനായ അല്ലാഹു തിരുമേനിയെ പ്രവാചകനായി നിയോഗിക്കുന്നതിന്ന് മുമ്പുതന്നെ ഈ യാഥാർത്ഥ്യങ്ങൾക്ക് ജനങ്ങൾ സാക്ഷിയായിരുന്നു. നബി(സ) തങ്ങളുടെ യുവത്വ കാലഘട്ടത്തിൽ മക്കാ താഴ്വരയിലെ വിവിധ ഗോത്രങ്ങൾ രക്തത്തിന് വേണ്ടി പരസ്പരം കടിച്ചുകീറി. ഗോത്ര വൈരത്തിന്റെ തീക്ഷ്ണയുദ്ധങ്ങളിൽ നിരവധി മനുഷ്യാത്മാക്കൾ ഹോമിക്കപ്പെട്ടു. നീണ്ട വർഷങ്ങൾ കടന്നുപോയിട്ടും അവരുടെ യുദ്ധക്കൊതിക്ക് ഒരു മാറ്റവും വന്നിരുന്നില്ല. ആയുധമേന്തിയ പ്രസ്തുത ഗോത്രയുദ്ധങ്ങൾ അറേബ്യൻ ചരി

ത്രത്തിൽ ഫിജാറെന്നും സാക്രിലിജിയസ് യുദ്ധങ്ങൾ എന്നുമാണ് അറിയപ്പെട്ടിരുന്നത്. യുദ്ധം നിഷിദ്ധമാക്കിയ വിശുദ്ധ മാസങ്ങളിൽ പോലും അവർ യുദ്ധത്തിൽ നിന്നും മാറിനിന്നിരുന്നില്ല.

പ്രസ്തുത ഗോത്രയുദ്ധങ്ങൾക്ക് ഒരു ശമനം കൈവന്നത് മക്കാതാഴ്‌വരയിലുള്ള വിവിധ ഗോത്രങ്ങളിലുള്ള സമാധാനപ്രേമികളായ ഒരുപറ്റം യുവാക്കളുടെ രംഗപ്രവേശനത്തോടുകൂടിയാണ്. അവർ വിവിധ ഗോത്രങ്ങൾ തമ്മിൽ സമാധാനത്തിലും രഞ്ജിപ്പിലും സന്ധിയിലും നിലകൊള്ളേണ്ട ഗൗരവത്തെക്കുറിച്ച് ബോധ്യപ്പെടുത്തുകയും പതിറ്റാണ്ടുകളായി രക്തം ചിന്തിക്കൊണ്ടിരുന്ന മക്കാതാഴ്‌വരയിൽ സമാധാനത്തിന്റേയും ശാന്തിയുടേയും സന്ദേശം പ്രചരിപ്പിക്കുകയും ചെയ്തു. അങ്ങനെ പാവങ്ങളേയും അശരണരേയും ആലംബഹീനരേയും മർദ്ദിതരേയും സഹായിക്കുമെന്നും സംരക്ഷിക്കുമെന്നുമുള്ള ദൃഢപ്രതിജ്ഞയോടുകൂടിയാണ് അവർ തുടക്കം കുറിച്ചത്. നബി(സ) തങ്ങളുടെ ആദരണീയനായ പിതൃസഹോദരൻ സുബൈർ(റ)ന്റെ പ്രേരണയോടെയാണ് തിരുമേനി(സ) പ്രസ്തുത സമാധാന സ്ഥാപനസംഘത്തിൽ അംഗമായിച്ചേരുന്നതിന് പ്രതിജ്ഞയെടുക്കുന്നത്. പ്രസ്തുത ഉടമ്പടി ചരിത്രത്തിൽ ഹൽഫുൽ ഫുളൂൽ എന്നാണ് അറിയപ്പെടുന്നത്.

കഅബാദേവാലയം പുനരുദ്ധരിക്കേണ്ട അവസരം വീണ്ടും സമാഗതമായപ്പോൾ ഗോത്രങ്ങൾ തമ്മിൽ യുദ്ധം പൊട്ടിപ്പുറപ്പെടുമെന്ന ഒരു നിലവന്നെത്തി. നബി(സ) തങ്ങളുടെ സമയോചിതവും സന്ദർഭോചിതവുമായ ഇടപെടൽ ഒരു വലിയ സംഘട്ടനത്തിൽ നിന്നും അവരെ രക്ഷപ്പെടുത്തി. അതായത് കഅബയുടെ അറ്റകുറ്റപ്പണികളിൽ എല്ലാ ഗോത്രങ്ങളും സജീവമായി പങ്കുകൊണ്ടിരുന്നു. ദേവാലയത്തിന്റെ ചുവരുകൾ അവർ പടുത്തുയർത്തി. വിശുദ്ധ കല്ല് (ഹജ്റുൽ അസ്‌വദ്) പ്രതിഷ്ഠിക്കേണ്ട സ്ഥലമെത്തിയപ്പോൾ ഖുറൈശികളായ പ്രമുഖരായ നാല് ഖുറയ്ശീ ഗോത്രങ്ങളിലെ ഗോത്രത്തലവന്മാർ തങ്ങളാണ് ഹജ്റുൽ അസ്‌വദ് പ്രതിഷ്ഠിക്കേണ്ടത് എന്ന് അവകാശവാദമുന്നയിച്ചു. രംഗം സംഘർഷഭരിതമായി. കഅബയുടെ പുനർനിർമ്മാണം നിർത്തിവെയ്ക്കേണ്ടിവന്നു. കുറച്ചു കാലത്തേയ്ക്ക് നിർമ്മാണ പ്രവർത്തനം നടത്താൻ സാധ്യമായില്ല. കുറച്ചുകാലങ്ങൾക്കുശേഷം ഖുറൈശികൾ വീണ്ടും ഒത്തുചേരുകയും അടുത്തദിവസം കഅബ ദേവാലയത്തിൽ ആദ്യമായി പ്രവേശിക്കുന്ന ആളെ പ്രസ്തുത തർക്കവിഷയം പരിഹരിക്കാൻ ഏൽപിക്കാമെന്ന് ഐകകണ്ഠ്യേന തീരുമാനമെടുക്കുകയും ചെയ്തു. ഭാഗ്യവശാൽ തൊട്ടടുത്ത ദിവസം സമാധാനത്തിന്റെ രാജകുമാരനായിരുന്ന തിരുനബി(സ) ആയിരുന്നു ആദ്യമായി കഅബാ ദേവാലയത്തിൽ പ്രവേശിച്ചത്. തിരുനബി(സ) തർക്കത്തിന്റെ ഗൗരവം മനസ്സിലാക്കുകയും തർക്കത്തിലേർപ്പെട്ടിരുന്ന നാല് ഗോത്രനേതാക്കളോടും ഒരു വിരിപ്പിൽ ഹജറുൽ അസ്‌വദ് വെയ്ക്കാനും വിരിപ്പിന്റെ ഓരോ മൂലയിലും ഓരോ ഗോത്രത്തലവന്മാർ പിടിച്ച് കഅബാ ദേവാലയത്തിൽ എത്തിക്കുകയും നബി(സ) തങ്ങൾ തന്റെ വിശുദ്ധ കരങ്ങളാൽ ഹജറുൽ അസ്‌വദ് പ്രതിഷ്ഠിക്കുകയും ചെയ്തു. അങ്ങനെ ഒരു വലിയ യുദ്ധത്തിൽ കലാശിക്കുമായിരുന്ന സംഭവം റസൂൽ തിരുമേനി(സ)യുടെ ഇടപെടൽ മൂലം ഇല്ലാതായി. എല്ലാവർക്കും സന്തോഷകരവും സമാധാനപരവുമായ അന്തരീക്ഷം സംജാതമാകുകയും ചെയ്തു.

പ്രസ്തുത സംഭവം നബി തിരുമേനി(സ) തങ്ങളുടെ പ്രവാചകത്വത്തിന് തൊട്ടുമുമ്പ് സംഭവിച്ചതായിരുന്നു. ഈ സംഭവത്തിൽ നിന്ന് റസൂൽ തിരുമേനി(സ) തങ്ങളുടെ പരിശുദ്ധ പ്രകൃതിയിൽ തന്നെ സമാധാനകാംക്ഷ രൂഢമൂലമായിരുന്നുവെന്ന് കാണാം. അനാവശ്യമായ സംഘട്ടനങ്ങൾക്കും ഗോത്രയുദ്ധങ്ങൾക്കും വഴിവെയ്ക്കുന്ന അവസരങ്ങൾ ഒഴിവാക്കുവാനുള്ള കഠിനമായ ശ്രമങ്ങൾ നബിതിരുമേനിയിൽ നിന്നും വെളിപ്പെട്ടിരുന്നു. നീണ്ട 23 വർഷം സംഭവബഹുലമായ തന്റെ ദൗത്യം നിർവ്വഹണ ഘട്ടത്തിൽ മക്കയിലെ ശത്രുക്കളിൽ നിന്നും അഭിമുഖീകരിക്കേണ്ടിവന്നത് തിക്തമായ ശത്രുതയും കഠിനമയ പീഡനങ്ങളും ഘോരമായ ഭേദ്യങ്ങളുമായിരുന്നു. തന്റെ സ്വന്തം ഗോത്രം പോലും തിരുമേനിയുടെ ദൗത്യത്തെ ചെവിക്കൊള്ളുകയോ മൃദുസമീപനം കൈക്കൊള്ളുകയോ ചെയ്തിരുന്നില്ല. ശത്രുക്കൾ തിരുമേനിയെ ശാരീരികവും മാനസികവുമായ പീഡനങ്ങൾക്ക് വിധേയമാക്കി. തെരുവുകളിൽ പരിഹസിക്കപ്പെട്ടു. ചീഞ്ഞു നാറിയ അവശിഷ്ടങ്ങളും പാഴ്‌വസ്തുക്കളും തിരുമേനിയുടെ വിശുദ്ധ ശരീരത്തിൽ എറിയപ്പെട്ടു. ചില ഘട്ടങ്ങളിൽ തിരുമേനിയുടെ ജീവന് തന്നെ ഭീഷണിയുണ്ടായി. മക്കാജീവിതഘട്ടത്തിൽ സർവ്വവിധ അപമാനങ്ങൾക്കും പരിഹാസങ്ങൾക്കും പീഡനങ്ങൾക്കും വിധേയനായിട്ടും നബി(സ) തങ്ങളുടെ അധരങ്ങളിൽ നിന്നും പരാതിയുടെ ഒരു ലാഞ്ചന പോലും ഉതിർന്ന് വീണിരുന്നില്ല. ഇത്തരത്തിലുള്ള അതികഠിനമായ പരീക്ഷണാവസ്ഥയിലും തിരുനബി(സ) തങ്ങൾ തന്റെ പ്രതിയോഗികളുമായി സംഘർഷത്തിന് മുതിർന്നില്ല. ശാന്തിയുടെ ദൂതുമായിട്ടായിരുന്നു ആ സമാധാന പ്രഭു അവർക്കിടയിൽ അക്ഷോഭ്യനായി നിന്നത്.

തായിഫിൽ തന്റെ സന്ദേശമെത്തിക്കാൻ പോയപ്പോൾ അവിടത്തെ ശത്രുമൂപ്പന്മാർ നബിതിരുമേനിയെ കല്ലെറിഞ്ഞ് ഓടിക്കുവാനും കൂക്കിവിളിക്കുവാനും തെരുവുകുട്ടികളെ അയച്ചപ്പോഴും കല്ലേറ് കൊണ്ടു രക്തം ശരീരത്തിൽ നിന്നും ഒഴുകുന്ന അവസ്ഥയിൽ മലക്ക് പ്രത്യക്ഷപ്പെട്ടു തായിഫ് നിവാസികളെ

ഒന്നടങ്കം നശിപ്പിക്കണമോ എന്നാരാഞ്ഞപ്പോൾ സമാധാനത്തിന്റെ രാജകുമാരനായ തിരുനബി (സ) തങ്ങൾ അരുതേ, അരുതേ ഒരു നാൾ അവരുടെ സന്തതികൾ ഏകനായ അല്ലാഹുവിനെ ആരാധിക്കുമെന്ന് താൻ പ്രത്യാശ പ്രകടിപ്പിക്കുന്നു എന്ന ശബ്ദം മാത്രമാണ് പുറത്തുവന്നത്.

പ്രവാചക ദൗത്യത്തിന് മുമ്പ് തന്നെ നബിതിരുമേനിയുടെ പ്രകൃതിയിൽ നിഗൂഢമായി കിടന്നിരുന്ന സമാധാനകാംക്ഷ പ്രവാചകത്വത്തിന് ശേഷം പൂർണതയുടെ പുതിയ മേഖലകളിലേക്ക് വളരുകയായിരുന്നു. നബിതിരുമേനിയുടെ ജീവിതം മുഴുവനും സമാധാനം പുലർന്നുകാണുവാൻ വെമ്പൽ കൊള്ളുകയും സർവ്വവിധ സംഘട്ടനങ്ങളും യുദ്ധങ്ങളും ഒഴിവാക്കുവാൻ ശ്രമിക്കുകയോ, ചുരുങ്ങിയപക്ഷം അവയുടെ ആധിക്യം ഇല്ലായ്മ ചെയ്യുവാൻ ശ്രമിച്ചിരുന്നതായോ കാണാം. ഒരിക്കൽ ഒരു ജൂതൻ ഒരു മുസ്‌ലിമുമായി വാഗ്വാദത്തിലേർപ്പെട്ടു. മോശയാണോ തിരുമേനിയാണോ ശ്രേഷ്ഠനായ പ്രവാചകൻ എന്നതായിരുന്നു തർക്കവിഷയം. ജൂതൻ തിരുമേനിയുടെ മുന്നിൽ പരാതിപ്പെട്ടു. നോക്കുക. പ്രസ്തുത ജൂതന് നബി തിരുമേനി(സ) തങ്ങളിൽ അങ്ങേയറ്റത്തെ വിശ്വാസവും പ്രതീക്ഷയുമുണ്ടായിരുന്നു. നബി(സ) തങ്ങൾ മുസ്‌ലിം സഹോദരനെ ശാസിക്കുകയും മോശയേക്കാൾ മഹാനായ പ്രവാചകനാണ് താനെന്ന് പറയരുതെന്ന് കൽപിക്കുകയും ചെയ്തു. പ്രസ്തുത സംഭവം തിരുനബി(സ) തങ്ങളുടെ വിനയത്തിന്റെ അങ്ങേയറ്റത്തെ മനോഹരമായ ഉദാഹരണമാണ്.

പ്രിയനഗരമായ മക്കയിൽ നിന്ന് ഹൃദയവേദനയോടുകൂടി പലായനം ചെയ്ത് മദീനയിലെത്തിയശേഷം നബി തിരുമേനി മദീനയിലെ വിവിധ ഗോത്രങ്ങളെസംഘടിപ്പിക്കുവാനും അങ്ങനെ ഒരു നീതിയുക്തമായ ഒരു ഭരണകൂടത്തിന് രൂപം നൽകുവാനും ശ്രമിക്കുകയുണ്ടായി. ആധുനിക മതേതര സിദ്ധാന്തങ്ങളുടെ പ്രയോക്താക്കൾക്ക് പാഠമാവേണ്ട ഒരു ഭരണഘടനയ്ക്കായിരുന്നു നബി(സ) തങ്ങൾ മദീനയിൽ രൂപം നൽകിയത്. നബിതിരുമേനി (സ) തങ്ങൾ മദീനയിലെത്തിയപ്പോൾ മദീനാ നിവാസികൾ വിവിധ ഗോത്രങ്ങളും മതവിഭാഗങ്ങളുമായി വിഘടിച്ച് നിൽക്കുകയായിരുന്നു. ജൂതഗോത്രങ്ങളായ ബനൂഖയ്നുക്ക, ബനൂനദീർ, ബനൂ ഖുറൈസായും അറബി ഗോത്രങ്ങളായ ഔസ്, ഖസ്റജ് എന്നീ ഗോത്രങ്ങളുമായി പരസ്പരം ശത്രുതയിലും യുദ്ധത്തിലുമായിരുന്നു. പലപ്പോഴും ഇവർ തമ്മിൽ ഘോരയുദ്ധങ്ങൾ നടത്തി. എല്ലാ വിഭാഗങ്ങളുടേയും പരസ്പര സഹകരണവും സഹവർത്തിത്വവും കൊണ്ട് മാത്രമേ പ്രശാന്ത സുന്ദരമായ സമാധാന അന്തരീക്ഷം സംജാതമാകുകയുള്ളൂവെന്ന് റസൂൽ തിരുമേനി (സ) തിരിച്ചറിഞ്ഞിരുന്നു. ഈ ഉദ്ദേശ്യസാഫല്യത്തിനായി തിരുമേനി(സ) തങ്ങൾ മദീനാനിവാസികൾക്കായി ഒരു ഭരണഘടനയ്ക്ക് രൂപം നൽകി. പ്രസ്തുത ഭരണഘടന എല്ലാ ഗോത്രങ്ങളും അംഗീകരിച്ചു. സർവ്വവിധ സംഘട്ടനങ്ങളും യുദ്ധങ്ങളും അപ്പാടെ ഇല്ലായ്മ ചെയ്യുവാനും മദീനയിലെ എല്ലാ നിവാസികൾക്കും തുല്യപൗരാവകാശങ്ങൾ പ്രധാനം ചെയ്യാനും ഭരണഘടനയിൽ വ്യക്തമാക്കിയിരുന്നു.

തിരുമേനി എല്ലായ്പ്പോഴും സംഘട്ടനങ്ങളേയും കൊലയേയും ഒഴിവാക്കുവാൻ അങ്ങേയറ്റം ശ്രമിച്ചുകൊണ്ടിരുന്നു. ആയുധമേന്തി തിരുനബി പങ്കെടുത്തിരുന്ന എല്ലാ യുദ്ധങ്ങളിലും തന്റെ ചെറു ആയുധങ്ങളായിരുന്നു പ്രയോഗിച്ചിരുന്നത്. കഠിനമായ ചൂട് കാലത്തെ യുദ്ധാവസരങ്ങളിൽ തിരുനബി പ്രാർത്ഥനയ്ക്കായിരുന്നു മുൻഗണന നൽകിയിരുന്നത്. അങ്ങനെ ശത്രുക്കളെ പോലും തന്റെ കയ്യിൽ നിന്നും പരമാവധി മുറിവേൽപിക്കുന്നതിൽ നിന്നും സംരക്ഷിച്ചിരുന്നു.

യുദ്ധങ്ങളേയും സംഘട്ടനങ്ങളേയും തിരുനബിയുടെ പ്രകൃതി കഠിനമായി വെറുക്കുകയും അങ്ങേയറ്റത്തെ അതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. തിരുമേനി(സ) തങ്ങൾ മക്ക ക്കാരോട് മനഃമില്ലാമനസ്സോട് കൂടിയാണ് ബദ്റിലും ഉഹദിലും യുദ്ധത്തിലേർപ്പെട്ടത്. അപ്പോഴാണ് ഖന്ത ക്ക് യുദ്ധം ഉണ്ടാകുന്നത്. വീണ്ടും മക്കക്കാരോട് യുദ്ധം ചെയ്യുകയെന്നത് തിരുമേനിയ്ക്ക് ചിന്തിക്കാനേ കഴിഞ്ഞിരുന്നില്ല. എങ്ങനെയെങ്കിലും ഈ യുദ്ധം ഒഴിവാക്കാനുള്ള ചിന്തയിലായിരുന്നു തിരുനബി(സ) തങ്ങൾ. പല പ്രമുഖ സഹാബിമാരുമായും കൂടിക്കാഴ്ച നടത്തി. പേർഷ്യൻ വംശജനായ സൽമാനുൽ ഫാരിസി(റ)ന്റെ ഉപദേശം റസൂൽ തിരുമേനി സ്വീകരിക്കുകയും മദീനാപട്ടണത്തിന് ചുറ്റും കിടങ്ങ് കുഴിക്കുവാൻ കൽപിച്ചു. തന്ത്രപരമായി നബിയും ശിഷ്യന്മാരും മദീനയിൽ തന്നെ ഒതുങ്ങിക്കൂടുവാനും ശത്രുക്കളെ പട്ടണത്തിന് പുറത്ത് അകറ്റി നിർത്തുവാനും കഴിഞ്ഞു. അങ്ങനെ മദീനാനിവാസികളുടേയും ശത്രുക്കളുടേയും ജീവനും സ്വത്തും സംരക്ഷിക്കുവാനും ഒരു വലിയ ഭീകരയുദ്ധത്തിൽ നിന്നും തന്റെ അനുയായികളെ രക്ഷപ്പെടുത്തുകയും ചെയ്തു എന്നുള്ളത് ഒരു ചെറിയ സംഭവമായിരുന്നില്ല.

മക്കാ ജീവിതകാലത്ത് നബി (സ) തങ്ങൾക്ക് നിരവധി ശാരീരിക പീഡനങ്ങളും മാനഹാനിയും നേരിടേണ്ടി വന്നു. മദീനയിലെത്തിയപ്പോഴും തിരുനബിയ്ക്ക് വ്യക്തിപരമായ പല അധിക്ഷേപങ്ങളും ജനങ്ങളിൽ നിന്നും സഹിക്കേണ്ടി വന്നു. എന്നിട്ടും തിരുനബി ശത്രുക്കൾക്കെതിരെ തന്റെ മുഷ്ടി ഉയർത്തിയിരുന്നില്ല. തനിയ്ക്കു വേണ്ടി ജീവൻ പോലും നൽകാൻ തയ്യാറായിരുന്ന തന്റെ പ്രിയപ്പെട്ട ശിഷ്യന്മാർക്ക് ഇതൊന്നും സഹിക്കുവാൻ കഴിയുമായിരുന്നില്ല. തന്റെ ജീവന് തുല്യ

രായ ശിഷ്യഗണങ്ങളെ ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടുത്തുവാനും ഇസ്ലാമിന്റെ സംരക്ഷണത്തിനും വേണ്ടിയുള്ള പ്രതിരോധ യുദ്ധത്തിൽ കവിഞ്ഞ് ഒന്നുമായിരുന്നില്ല അത്. അതും വിശുദ്ധ ഖുർആനിൽ പ്രതിരോധത്തിനുള്ള അനുമതി നൽകിയതിനുശേഷമായിരുന്നു. റസൂൽ തിരുമേനി(സ) തങ്ങൾ എപ്പോഴും സമാധാനത്തിലേക്കാണ് ചാഞ്ഞു കൊണ്ടിരുന്നത്. നബി(സ) തങ്ങൾ മനുഷ്യകുലത്തിന്നായി കൊണ്ടുവന്ന പരിശുദ്ധ ഇസ്ലാമിന്റെ അർത്ഥം തന്നെ സമാധാനം എന്നാണല്ലോ. അതുകൊണ്ടു തന്നെയാണ് നബി തിരുമേനി തന്റെ ജീവിതത്തിലുടനീളം സമാധാനം പ്രോത്സാഹിപ്പിക്കുകയും പ്രഘോഷിക്കുകയും സമാധാനത്തിനായി എന്ത് വിട്ടുവീഴ്ചയും ചെയ്തിരുന്നതും. നബി(സ) തങ്ങൾ എന്താണോ പ്രബോധിച്ചിരുന്നത് അതു മാത്രമാണ് സ്വന്തം ജീവിതത്തിൽ പ്രവർത്തിച്ചു കാണിച്ചത്.

മദീനയിൽ മുസ്ലിംകളുടെ ആധിക്യം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. നബിതിരുമേനി(സ) മറ്റു ന്യൂനപക്ഷങ്ങളുടെ പൗരാവകാശങ്ങൾ ധ്വംസിക്കപ്പെടുമോ എന്ന് ശങ്കിച്ചു. അത്തരത്തിലുള്ള ഒരവസ്ഥ സംജാതമാകുന്നതിന് മുമ്പായിത്തന്നെ ക്രിസ്തുമത വിശ്വാസികൾക്കുവേണ്ടി മാത്രം ഒരു പ്രത്യേക അവകാശരേഖയ്ക്ക് രൂപം നൽകി. പ്രസ് തുത അവകാശ രേഖ പ്രകാരം ക്രിസ്ത്യാനികൾക്ക് അവരുടെ സ്വന്തം വിശ്വാസം വെച്ചുപുലർത്തുവാനും ജീവിതത്തിലാചരിക്കുവാനും തീർത്ഥാടനങ്ങൾ നടത്തുവനും അനുവാദം നൽകിയിരുന്നു. കൂടാതെ അവരുടെ മേൽ അനീതികരമായ ഒരു നികുതിയും ചുമത്തുന്നതല്ലെന്നും അവകാശ രേഖയിൽ പ്രത്യേകം രേഖപ്പെടുത്തിയിരുന്നു. ചർച്ചും മസ്ജിദും യാതൊരു കാരണവശാലും തകർക്കപ്പെടുന്നതല്ല. കൂടാതെ ക്രിസ്ത്യൻ പള്ളികളുടെ അറ്റകുറ്റപ്പണികൾക്ക് മുസ്ലിംങ്ങൾ സഹായം നൽകേണ്ടതാണെന്ന് അവകാശരേഖയിൽ വ്യവസ്ഥ ചെയ്തിരുന്നു. ഇങ്ങനെയുള്ള ഒരു മഹാപ്രവാചകന്നെതിരെയാണ് ഇസ്ലാമിന്റെ ശത്രുക്കളായ ക്രിസ് ത്യൻ പാതിരിമാരും ഓറിയന്റലിസ്റ്റുകളും ആക്ഷേപങ്ങളും അധിക്ഷേപങ്ങളും ചൊരിഞ്ഞ് കൊണ്ടിരിക്കുന്നത്.

നബി(സ) തങ്ങൾ സമാധാനസ്നേഹിയായിരുന്നു എന്നതിനുള്ള മഹത്തായ ഉദാഹരണമാണ് വിശ്വവിഖ്യാതമായ ഹുദൈബിയ സന്ധി. മക്കയിൽ നിന്നും റസൂൽ തിരുമേനിയും അനുചരന്മാരും പുറത്താക്കപ്പെട്ടതിനുശേഷം ഹിജ്റ 6-ാംവർഷം ഏ.ഡി 28 ഫിബ്രവരി മാസത്തിൽ നബിയും 1400 ശിഷ്യന്മാരും ഹജ്ജ് കർമ്മത്തിനായി പുറപ്പെട്ടു. യുദ്ധം നിഷിദ്ധമാക്കിയ വിശുദ്ധ നാല് മാസങ്ങളിൽ ഒരു മാസമായിരുന്ന ദുൽഖഅദ് മാസത്തിലായിരുന്നു ചരിത്രപ്രസിദ്ധമായ ആ യാത്ര.

റസൂൽ തിരുമേനി(സ) തങ്ങളും അനുചരന്മാരും മക്കയിലേയ്ക്ക് മാർച്ചു ചെയ്യുന്ന വിവരമറിഞ്ഞ ഖുറൈശികൾ വിഭ്രാന്തിയിലാണ്ട് ഒരിക്കലും മുസ്ലിംകളെ മക്കയിലേയ്ക്ക് പ്രവേശിപ്പിക്കയില്ലെന്ന പ്രതിജ്ഞയെടുത്ത് യുദ്ധസന്നാഹങ്ങൾക്കുള്ള കോപ്പ് കൂട്ടിത്തുടങ്ങി. ഇതിനിടയിൽ മുസ്ലിംകളുടെ സമാധാനദൂതനെ മക്കക്കാരുടെയടുക്കലേക്ക് അയക്കുകയും അദ്ദേഹത്തെ വധിച്ചുവെന്ന കിംവദന്തി പരന്നതോടുകൂടി മുസ്ലിംകൾക്കിടയിൽ അമ്പരപ്പും സംഘർഷവും പടർന്നുപിടിച്ചു. ഇതിന്നുപകരം വീട്ടുമെന്ന് മുസ്ലിംകൾ റസൂൽ തിരുമേനി(സ) തങ്ങളുടെ കരങ്ങളിൽ പ്രതിജ്ഞ ചെയ്തു. ഭാഗ്യവശാൽ ദൂതൻ സുരക്ഷിതനായി തിരിച്ചെത്തി. ഹുദൈബിയ സന്ധി എന്ന പേരിലറിയപ്പെടുന്ന പ്രസ്തുത ഉടമ്പടിക്ക് വേണ്ടി മക്കക്കാരുടെ പ്രതിനിധിയായി സുഹൈൽ ബിൻ അംറിനെയായിരുന്നു മക്കക്കാർ നിശ്ചയിച്ചിരുന്നത്. മുസ്ലിംകളെ പ്രതിനിധീകരിച്ചുകൊണ്ട് റസൂൽ തിരുമേനി(സ) തങ്ങൾ ഉടമ്പടി എഴുതിത്തയ്യാറാക്കുവാൻ കല്പിച്ചു. പരമകാരുണികനും കരുണാനിധിയുമായ ദൈവത്തിന്റെ നാമത്തിൽ! ഇതു കേട്ടപ്പോൾ സുഹൈൽബിൻ അംർ പ്രതിഷേധിച്ചുകൊണ്ട് തങ്ങൾക്ക് റഹ്മാനായ അല്ലാഹുവിനെ പരിചയമില്ല, ബിസ്മിക്ക അല്ലാഹുമ്മ എന്നെഴുതുവാൻ നിർദ്ദേശിച്ചു. തിരുമേനിയുടെ ചില സഹചരന്മാർ ഇതിനെയെതിർത്തുവെങ്കിലും റസൂൽ തിരുമേനി അതെഴുതിച്ചേർക്കുവാൻ ആജ്ഞാപിച്ചു. അല്ലാഹുവിന്റെ പ്രവാചകനായ മുഹമ്മദും അംറിന്റെ മകനായ സുഹൈലും എന്നെഴുതിയപ്പോൾ ഇവിടേയും സുഹൈൽ പ്രതിഷേധിച്ചുകൊണ്ട് താങ്കൾ അല്ലാഹുവിന്റെ പ്രവാചകനാണെന്ന് ഞങ്ങൾ വിശ്വസിക്കുകയാണെങ്കിൽ താങ്കളേയും അനുചരന്മാരേയും ഞങ്ങൾ തടയുകയില്ലല്ലോ. താങ്കളുമായി ഞങ്ങൾ യുദ്ധം ചെയ്യുകയുമില്ലായിരുന്നു. അതുകൊണ്ട് അബ്ദുല്ലായുടെ മകൻ മുഹമ്മദ് എന്നെഴുതിച്ചേർക്കാൻ സുഹൈൽ നിർദ്ദേശിച്ചു. ഈ അവസരത്തിൽ അലി(റ) അല്ലാഹുവിന്റെ പ്രവാചകൻ മുഹമ്മദ് എന്നെഴുതിച്ചേർത്തിരുന്നു. നബിതിരുമേനി അത് മായ്ച്ചുകളയുവാനും പകരം സുഹൈൽ അലി (റ) നിർദ്ദേശിച്ചു. റസൂൽ തിരുമേനിയുടെ പേര് മായ്ക്കാൻ അലി(റ) മടിച്ചുനിന്നപ്പോൾ, തിരുമേനി (സ) സ്വന്തം കൈ കൊണ്ട് തന്നെ ആ വാചകങ്ങൾ മായ്ചുകളഞ്ഞു.

സർവ്വവിധ അപമാനങ്ങളും സഹിച്ചുകൊണ്ട് റസൂൽ തിരുമേനിയും ശിഷ്യഗണങ്ങളും ഈ ഉടമ്പടിയിൽ പ്രവേശിച്ചത് രക്തച്ചൊരിച്ചിൽ ഒഴിവാക്കുവാനായിരുന്നു. പ്രത്യേകമായി ഈ ഉടമ്പടി ശത്രുക്കൾക്ക് അനുകൂലമായതും മുസ്ലിംകൾക്ക് പ്രതികൂലവുമായിരുന്നു. ഹദ്റത്ത് ഉമർ അബൂബക്കർ പോലും ഈ കരാറിൽ തൃപ്തരായിരുന്നില്ല. പ്രത്യേകിച്ച്, പ്രസ്തുത

*(ശേഷം 37-ാം പേജിൽ)*

ലേഖനം

# തേൻ: ഒരു ശമനൗഷധം

മൻസൂറുൽ എ. സിക്ദർ

**വിശുദ്ധ ഖുർആൻ ശമനൗഷദമായി വിശേഷിപ്പിച്ച തേനിന്റെ ഔഷധ വീര്യം ആധുനിക ശാസ്ത്രത്തിന് ബോദ്ധ്യമായിരിക്കുന്നു.**

ഇസ്ലാമിക പാരമ്പര്യവൈദ്യത്തിലും രോഗചികിത്സയിലും തേനിന് ഒരു പ്രത്യേകസ്ഥാനമുണ്ട്. വിശുദ്ധ ഖുർആൻ തേനിനെ ശമനകാരി എന്നാണ് വിളിക്കുന്നത്.

"നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി. 'മലകളിൽ നിന്നും വൃക്ഷങ്ങളിൽ നിന്നും മനുഷ്യൻ കെട്ടിയുണ്ടാക്കുന്ന പന്തലുകളിൽ നിന്നും ചിലേടങ്ങളിൽ നീ കൂടുണ്ടാക്കുക. പിന്നെ എല്ലാ ഫലവർഗ്ഗങ്ങളിൽ നിന്നും നീ ഭക്ഷിക്കുക. എന്നിട്ട് നിന്റെ നാഥന്റെ സരണികളിൽ സുഗമമായി പ്രവേശിക്കുകയും ചെയ്യുക. 'അവയുടെ വയറുകളിൽ നിന്ന് വിവിധ വർണങ്ങളോടുകൂടിയ ഒരു പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിലൊരു ദൃഷ്ടാന്തമുണ്ട് (16:69:70)

ഇബ്നു അബ്ബാസിൽ നിന്നും നിവേദനം. തിരുനബി(സ) പറഞ്ഞു: 'മൂന്ന് കാര്യങ്ങളിൽ രോഗശമനമുണ്ട്. ഒരു കവിൾ തേനിൽ, കൊമ്പ് വെക്കലിൽ, ചൂടുവെക്കലിലും. തേൻ ആത്മീയമായും ശാരീരികമായുമുള്ള ഓജസ്സ് നൽകുന്നതായി (2) (3) ഹദീസുകളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

ആധുനിക കാലത്ത് മുഖ്യധാരാ വൈദ്യശാസ്ത്രം തേനിന്റെ ഉപയോഗത്തെപറ്റിയും അതിന്റെ ഫലത്തെ സംബന്ധിച്ചും അശ്രദ്ധരായിരുന്നു. പച്ചമരുന്നിന്റെയും (Herbal Medicine) ബദൽ വൈദ്യരീതി (Alternative Medicine) യിലും ഈയ്യിടെയുണ്ടായ വമ്പിച്ച പുനരുത്ഥാനം മൂലം വൈദ്യഗവേഷകന്മാർ തേനിന്റെ ആരോഗ്യപരമായ മേന്മകളെപറ്റി അന്വേഷണം ആരംഭിച്ചിരിക്കുകയാണ്. (4)

പൊള്ളൽമൂലമുണ്ടാകുന്ന പരിക്കുകൾക്കും പഴുപ്പ് ബാധിച്ച വ്രണങ്ങൾക്കും, ത്വക്കിലെ അൾസറിനും തേൻ വളരെ നല്ല ശമനൗഷധമാണ്. പത്താം നൂറ്റാണ്ടിൽ ജീവിച്ച അവിസെന്ന (ഇബ്നു സീന) ക്ഷയരോഗ ചികിത്സക്ക് തേൻ ഉപയോഗിക്കാമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. (5) ഈ അടുത്ത കാലത്ത് നടത്തിയ ഒരു പഠനത്തിൽ നിന്നും ബാക്ടീരിയയെ നശിപ്പിക്കുന്നതിന് ആവശ്യമായ പദാർത്ഥങ്ങളെ കൂടാതെ മനുഷ്യനെ ബാധിക്കുന്ന പല രോഗങ്ങളെയും പ്രതിരോധിക്കാൻ കഴിവുള്ള പദാർത്ഥങ്ങൾ തേനിലുണ്ടെന്ന് തെളിയിക്കപ്പെടുകയുണ്ടായി. പ്രത്യേകിച്ച് ഇക്കോളി (E.Coli;) പി.എയ്റൂജിനോസ, (P. Geruginosa) എച്. ഇൻഫ്ളുവൻസ (H. influenzae) മുതലായ രോഗാണുക്കളെ നശിപ്പിക്കാനുള്ള പദാർത്ഥങ്ങൾ തേനിൽ അടങ്ങിയിട്ടുണ്ട് (6). തേനിൽ കണ്ടുവരുന്ന ഇത്തരം ബഹുമുഖമായ രോഗാണു പ്രതിരോധശേഷി കാരണമാണ് പരമ്പരാഗതമായി തേൻ ഔഷധമായി ഉപയോഗിക്കുന്നത്. (7) (8) (9) ആന്റിബയോട്ടിക് എന്ന നിലക്ക് തേനിന്റെ നിരവധി രീതിയിലുള്ള ഉപയോഗങ്ങൾ ബഹുമുഖമായ ഒരു ശമനകാരി എന്ന നിലക്ക് സമൂഹത്തിൽ ശ്രദ്ധ നേടുകയായിരുന്നു. അതിന്റെ ബാക്ടീരിയകൾക്കെതിരായ അതിവിശിഷ്ടമായ പ്രവർത്തനങ്ങൾ, രോഗാണുക്കളെ നശിപ്പിക്കൽ, വിലക്കുറവ്, എളുപ്പത്തിലുള്ള ലഭ്യത തുടങ്ങിയ ഗുണങ്ങൾ തേനിനെ ഒരു മാതൃക ആന്റി ബാക്ടീരിയാ ഔഷധമാക്കി മാറ്റി.

കിടക്ക ചൊറി, നടക്കാൻ കഴിയാത്ത രോഗികൾക്ക് ഭീതിജനകമായ ഒരു അനുഭവമാണ്. ഡോക്ടർമാർക്ക് അത് വമ്പിച്ച ഒരു വെല്ലുവിളിയുമായിരുന്നു. തേൻ ഉപയോഗം മുഖേന ഇത് വേഗത്തിലും പൂർണമായും ശമിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. പ്രഷർ, അൾസർ തേൻ ഉപയോഗത്തിലൂടെ അതി

ശീഘ്രം പൂർണമായി മാറിക്കിട്ടിയിട്ടുണ്ട്. ഇതിന്റെ ഫലമായി പല നേഴ്സിങ്ങ് ഹോമിലും കാലപ്പഴക്കമുള്ള വ്രണങ്ങൾക്ക് തേൻ നല്ലൊരു ഔഷധമായി ഉപയോഗിക്കുന്നു (10) പൊള്ളലേറ്റ രോഗികൾക്ക് തേൻ കൊണ്ടുള്ള ചികിത്സ ഫലപ്രദമാണെന്ന് തെളിയിക്കപ്പെട്ടതാണ്. നൈജീരിയയിൽ പൊള്ളലേറ്റ പത്ത് ശതമാനം രോഗികൾ തേൻ ചികിത്സ മുഖേന മാത്രം ചികിത്സിക്കപ്പെടുന്നു (11) വായ്പുണ്ണ്, വായയുമായി ബന്ധപ്പെട്ട മറ്റ് അസുഖങ്ങൾ എന്നിവക്ക് തേൻ വളരെ ഫലപ്രദമായ ചികിത്സയാണന്നതിന് വൈദ്യസാഹിത്യത്തിൽ നിരവധി വാല്യങ്ങൾ തന്നെ എഴുതപ്പെട്ടിട്ടുണ്ട് (12)

തേനിന് രാസപരമായി വളരെ സങ്കീർണ്ണമായ ഘടനയാണുള്ളത്. പ്രാഥമികമായി അത് പഞ്ചസാര ഉൾക്കൊള്ളുന്നു. കൂടാതെ മറ്റു സജീവ ഘടകങ്ങളുമുണ്ട്. മുകളിൽ പ്രസ്താവിച്ചത് പോലെ തേനിൽ ശക്തമായ ആന്റി ബയോട്ടിക്ക് ഘടകങ്ങളുണ്ട്. ജീവശാസ്ത്രപരമായി വളരെ പ്രാധാന്യമുള്ള ചില ആന്റി ഓക്സിഡൻസ് (Antioxidants) അതിലടങ്ങിയിരിക്കുന്നു. മറ്റു സംയുക്തങ്ങളുടെ ഓക്സീകരണം തടയുന്ന രാസവസ്തുക്കളാണ് 'ആന്റിഓക്സിഡന്റ്' എന്ന് വിളിക്കുന്നത്. ഒരു ജീവവ്യവസ്ഥയിൽ അഥവാ ശരീരത്തിൽ സാധാരണ ഓക്സീകരണ പ്രക്രിയ പ്രതിപ്രവർത്തനകാരികളായ നിരവധി റാഡിക്കിൾ (Radicles) പദാർഥങ്ങളെ ഉൽപ്പാദിപ്പിക്കാം. മറ്റു 'തന്മാത്രകളുമായി പ്രതിപ്രവർത്തിക്കാനും അതിനെ പരിക്കേൽപ്പിക്കാനായും തയ്യാറായി ഇവ നിലകൊള്ളുന്നു. ഇത് ശരീരത്തിലെ മറ്റു കോശങ്ങളേയും ബാധിക്കുന്നു. കോശങ്ങളുടെ ജീർണ്ണനം വർദ്ധിപ്പിക്കുന്നു. ആന്റിഓക്സിഡന്റുകളുടെ സാന്നിദ്ധ്യം മൂലം നാശകാരികളായ സ്വതന്ത്ര റാഡിക്കലുകളുകൾ മറ്റു ശരീരതന്മാത്രകളെ ആക്രമിക്കുന്നതിനു മുമ്പായി നശിപ്പിക്കപ്പെടുന്നു. പരീക്ഷണശാലയിൽ വളർത്തിയ കോശകലകളിൽ തേൻ ആന്റിഓക്സിഡന്റ് പ്രവർത്തനങ്ങൾ നടത്തുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. അതിലടങ്ങിയിരിക്കുന്ന ഫിനോലിക് ഘടകങ്ങളാണ് ഇത് നിർവ്വഹിക്കുന്നത് (13) ഗവേഷകന്മാർക്ക് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ മൃഗങ്ങളിൽ പുനരുല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അത്തരം ഒരു പരീക്ഷണം അമേരിക്കയിലെ ഇല്ലിനോയിഡ് സർവ്വകലാശാലയിൽ ജനിതപരിവർത്തനത്തിന്റെ ഭാഗമായി നടത്തുകയുണ്ടായി. (14) ഉപയോഗിച്ച എല്ലാ തേനും ദീർഘകാലാടിസ്ഥാനത്തിൽ ഉപയോഗിക്കുമ്പോൾ കോശങ്ങളുടെ മരണത്തേയും കാൻസർ ഉണ്ടാക്കുന്ന വിഷാംശങ്ങളേയും (കാർസിനോജൻ) തടഞ്ഞു നിർത്തുന്നതിൽ ഒരു ബന്ധമുള്ളതായി തെളിഞ്ഞിട്ടുണ്ട്.

തേൻ ഒരു പ്രീബയോട്ടിക്ക് (Pebiotic) ആയും ഉപയോഗിക്കാം. അതായത് വൻകുടലിലെ ആരോഗ്യദായകമായ ബാക്ടീരിയകളെ തിരഞ്ഞ് പിടിച്ച് അവയുടെ വളർച്ചയെയും പ്രവർത്തനങ്ങളേയും ഉത്തേജിപ്പിക്കുന്ന ധർമ്മം തേൻ നിർവ്വഹിക്കുന്നു. ഈ അനുകൂലമായ പ്രവർത്തനങ്ങൾ കാൽസിയം ആഗിരണത്തെ കൂടി ഉൾക്കൊള്ളുന്നു. മലവിസർജ്ജനത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നു. കുടലുകളിലൂടെയുള്ള സഞ്ചാരസമയം കുറക്കുന്നു. രക്തത്തിലെ കൊഴുപ്പിനെ ഇല്ലാതാക്കുന്നു (15) ഹദീസുകളിൽ തന്റെ അനുചരന്ന് അതിസാരവും വയർസ്തംഭനവും ഉണ്ടായപ്പോൾ റസൂൽ തിരുമേനി (സ) തേൻ നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ട്.

പുതിയ പുതിയ രോഗങ്ങളും പുതിയരോഗാണുക്കളും ഉടലെടുക്കുന്ന ഈ ലോകത്ത് തേനിന് രോഗശമനത്തിനും ശാരീരിക ക്ഷേമത്തിനും വളരെ നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയും. അതിന്റെ ദൂരവ്യാപകമായ ഫലങ്ങൾ വെളിപ്പെടണമെങ്കിൽ വിപുലമായ ഗവേഷണങ്ങൾ നടത്തേണ്ടതുണ്ട്. തേനിന്റെ രോഗപ്രതിരോധശേഷി ഇനിയുംപരീക്ഷണത്തിന് വിധേയമാക്കേണ്ടിയിരിക്കുന്നു. ഖുർആന്റെ വചനവും റസൂൽ തിരുമേനി (സ) യുടെ ഉപദേശവും നമുക്ക് വഴികാട്ടിയായി മാറട്ടെ. ■

## ജീവികളുടെയും മനുഷ്യന്റെയും ഉൽപ്പാദനം

### കന്നുകാലികൾ: പാൽ

"തീർച്ചയായും കന്നുകാലികളിലും നിങ്ങൾക്കൊരു പാഠമുണ്ട്. അവയുടെ വയറുകളിൽ ഉള്ളതിൽ നിന്ന് – ചാണകച്ചണ്ടിയുടെയും രക്തത്തിന്റെയും ഇടയിൽ നിന്ന് – ശുദ്ധവും കുടിക്കുന്നവർക്ക് രുചികരവുമായ പാൽ നാം നിങ്ങളെ കുടിപ്പിക്കുന്നു."

***(വി. ഖുർആൻ 16 :67)***

### തേനീച്ച: തേൻ

"നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി...... അവയുടെ വയറുകളിൽ നിന്ന് വിവിധ വർണങ്ങളോടുകൂടിയ ഒരു പാനീയം പുറത്തുന്നവരുന്നു. അതിൽ മനുഷ്യർക്കു രോഗശമനമുണ്ട്."

***(ഖുർആൻ 16:70)***

### മനുഷ്യൻ: ലഹരിയും ആഹാരവും

"ഈത്തപ്പഴങ്ങളിൽ നിന്നും മുന്തിരിപ്പഴങ്ങളിൽ നിന്നും ലഹരിപദാർത്ഥങ്ങളും നല്ല ആഹാരങ്ങളും നിങ്ങൾ ഉദ്പാദിപ്പിക്കുന്നു. ബുദ്ധി ഉപയോഗിക്കുന്ന ജനത്തിന് ഇതിൽ വലിയൊരു ദൃഷ്ടാന്തമുണ്ട്"

***(ഖുർആൻ 16:68)***

**പിൻകുറി** : അശുദ്ധിക്കും വിഷത്തിനും പകരമായി ഞങ്ങൾ (തേനീച്ചകൾ) ഞങ്ങളുടെ വസതികളിൽ തേനും മെഴുകും നിറക്കുന്നു. മാനവലോകം ഈ രണ്ട് വിശുദ്ധ വസ്തുക്കൾകൊണ്ട് അലംങ്കരിക്കപ്പെടുന്നു. അതായത് മധുരവും വെളിച്ചവും

***-ജോനാഥൻ സ്വിഫ്റ്റ്***

(ഇംഗ്ലീഷ് ഗദ്യസാഹിത്യകാരൻ)

ജൂതജനതയുടെ ചരിത്രം - 7

ലേഖനം

# ഇസ്രയേൽ രൂപീകരണവും ബാൾഫർ പ്രഖ്യാപനവും

ഏ.എം. മുഹമ്മദ് സലീം

**ഡോ. ഹെയിം വീസ്മാൻ എന്ന ജൂത രസതന്ത്രജ്ഞനാണ് ബാൾഫർ പ്രഖ്യാപനത്തിന്റെ സൂത്രധാരത്വം വഹിച്ചത്**

ഫലസ്തീനിൽ യഹൂദ രാഷ്ട്രം സ്ഥാപിക്കുക എന്ന സിയോണിസ്റ്റുകളുടെ സ്വപ്നം എളുപ്പത്തിൽ സാക്ഷാൽകൃതമാവുന്ന ഒന്നായിരുന്നില്ല. ആയിരക്കണക്കിന് വർഷങ്ങളായി ഫലസ്തീനിന്റെ മണ്ണിൽ നിന്നും വെള്ളവും ആഹാരവും സ്വീകരിച്ച് ആ ദേശത്തിന്റെ അവിഭാജ്യഘടകമായി മാറിയ ഫലസ്തീൻ അറബികളെ അവിടെ നിന്നും വേരോടെ പിഴുതുമാറ്റി പകരം ആയിരക്കണക്കിന് വർഷങ്ങളായി വിദേശത്ത് കഴിഞ്ഞിരുന്ന യഹൂദരെ കുടിയിരുത്തി ഇസ്രയേൽ രാഷ്ട്രം സ്ഥാപിക്കുക എന്ന പദ്ധതിക്ക് യാതൊരു രാഷ്ട്രീയ നീതീകരണവുമില്ലായിരുന്നു. അത് സൃഷ്ടിക്കുന്ന രാഷ്ട്രീയ പ്രത്യാഘാതങ്ങളും പ്രശ്നങ്ങളും അളന്നു തിട്ടപ്പെടുത്താനും സാധ്യമല്ലായിരുന്നു. നൂറ്റാണ്ടുകളായി മർദ്ദിതരും പീഡിതരുമായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ അലഞ്ഞു നടന്ന ജൂതന്മാർ ഒരു രാഷ്ട്രമായി തിരിച്ചുവരുമെന്നുള്ളത് ചരിത്രയുക്തിക്ക് നിരക്കുന്ന ഒന്നായിരുന്നില്ല. ആധുനികകാലഘട്ടത്തിൽ യഹൂദികൾക്കെതിരെയുള്ള ക്രിസ്ത്യാനികളുടെ നിലപാടിൽ മാറ്റമുണ്ടാവുകയും യഹൂദർക്ക് പ്രാബല്യം സിദ്ധിക്കുകയും ചെയ്തപ്പോൾ സിയോണിസ്റ്റ് പ്രസ്ഥാനത്തിന് ശക്തി പ്രാപിക്കുകയുണ്ടായി. അതിന്റെ അനിഷേധ്യ നേതാവായ തിയോഡർ ഹെർഡ്സിനു പോലും ഫലസ്തീനിൽ യഹൂദരാഷ്ട്രം സ്ഥാപിക്കുമെന്ന കാര്യത്തിൽ ഉറപ്പൊന്നുമുണ്ടായിരുന്നില്ല. പക്ഷേ ഫലസ്തീൻ മണ്ണിലേക്ക് അവസാനകാലത്തെ ദൃഷ്ടാന്തമെന്ന നിലയിൽ യഹൂദികൾ തിരിച്ചുവരുമെന്നത് വിശുദ്ധ ഖുർആന്റെ ഒരു പ്രവചനമായിരുന്നു. ആ പ്രവചനത്തിന്റെ അത്ഭുതകരമായ പുലർച്ച നമ്മെ വിസ്മയിപ്പിക്കുന്നു. ഈ സംഭവം അവസാനകാലത്തിന്റെ വാഗ്ദാനം അഥവാ വാഗ്ദത്ത മസീഹിന്റെ അവതരണകാലവുമായി ബന്ധപ്പെട്ടതാണെന്നും അല്ലാഹു ഖുർആനിൽ പറയുന്നു.

''ഒടുവിലത്തെ വാഗ്ദാനം പൂർത്തിയാവുന്ന സമയമായാൽ നാം നിങ്ങളെ (ഇസ്രായേല്യരെ) ഒരുമിച്ചുകൂട്ടി കൊണ്ടുവരുന്നതാണ് (17:105)

ഇസ്രയേലികളുടെ അന്യായമായ ഈ കൂടിച്ചേരൽ താൽക്കാലികമാണെന്നും ഖുർആനിൽ സൂചനയുണ്ട്. വരാനിരിക്കുന്ന ശിക്ഷകളുടെ അടയാള പൂർത്തീകരണവുമായി ബന്ധപ്പെട്ടതാണ് ഈ യഹൂദ രാഷ്ട്രസ്ഥാപനം.

## ഡോ: ഹെയിം വീസ്മാൻ

സിയോണിസത്തിന്റെ സ്ഥാപകനായ ഹെട്സ് യഹൂദർക്കായുള്ള ജന്മഗേഹവാദം ബ്രിട്ടീഷ് ഭരണകൂടത്തിനു മുമ്പിൽ സമർപ്പിച്ചപ്പോൾ അവർ ആഫ്രിക്കൻ രാജ്യമായ ഉഗാണ്ടയായിരുന്നു അതിന്നായി നിർദ്ദേശിച്ചത്. ഫലസ്തീൻ അക്കാലത്ത് ബ്രിട്ടീഷുകാരുടെ കീഴിലുമല്ലായിരുന്നു. ബ്രിട്ടന്റെ ഈ തീരുമാനം ഹെർഡ്സ് സിയോണിസ്റ്റ് കോൺഗ്രസ്സിൽ വെക്കുകയും രൂക്ഷമായ എതിർപ്പിന് വിധേയമാവുകയും ചെയ്ത കാര്യം പരാമർശിച്ചുവല്ലോ. ഒന്നാം ലോകമഹായുദ്ധത്തിനു

മുമ്പ് ബ്രിട്ടനിൽ നിന്നും സിയോണിസത്തിന് കാര്യമായ പിന്തുണയൊന്നും ലഭിച്ചിട്ടില്ല. സിയോണിസ്റ്റ് ആശയങ്ങളുടെ പ്രചാരണത്തിന്നായി യൂറോപ്യൻ രാജ്യങ്ങളിലെ രാഷ്ട്രീയനയരൂപീകരണ സമിതികളിലും, ശാസ്ത്ര സ്ഥാപനങ്ങളിലും സ്വാധീനം ചെലുത്താൻ യഹൂദ ബുദ്ധിജീവികളെയും ശാസ്ത്ര ജ്ഞന്മാരേയും രഹസ്യ ഏജന്റുമാരായി നിയമിച്ചിരുന്നു. അതിൽപെട്ട ഒരു ശാസ്ത്രജ്ഞനായിരുന്നു ഡോ. ഹെയിം വീസ്മാൻ. പിൽക്കാലത്ത് ഹെർഡ്സ് പരാജയപ്പെട്ടിടത്തു നിന്ന് ഇസ്രായേൽ രാഷ്ട്രത്തെ ഒരു യാഥാർ ത്ഥ്യമാക്കിത്തീർക്കാൻ സൂത്രധാരത്വം വഹിച്ചവരിൽ പ്രധാനിയായിരുന്ന ഈ രസതന്ത്രജ്ഞൻ. ഇസ്രയേൽ രാഷ്ട്രത്തിന്റെ അടിസ്ഥാനമായിത്തീർന്ന 1917–ലെ ബാൾഫർ പ്രഖ്യാപനത്തിന് പിന്നിൽ പ്രവർത്തിച്ചത് വീസ്മാനാണ്.

ഒന്നാം ലോക മഹായുദ്ധത്തിനു മുമ്പു തന്നെ യഹൂദികൾ അവരുടെ ഗൂഢാലോചനയും പ്രവർത്തനങ്ങളും ആരംഭിച്ചിരുന്നു. യഹൂദ ജനവിഭാഗത്തോടു യിദ്ദിസ് ഭാഷയിലും ബ്രിട്ടീഷുകാരോടു മനോഹരമായ ഇംഗ്ലീഷിലും സംസാരിക്കാൻ കഴിവുള്ള ഹെയിം വീസ്മാന് ബ്രിട്ടീഷ് ഭരണകൂടത്തിലെ സമുന്നതരുമായി സുദൃഢമായ ബന്ധമുണ്ടായിരുന്നു. ബ്രിട്ടനിൽ ഇത്രമാത്രം സ്വാധീനമുണ്ടായിരുന്ന മറ്റൊരു സിയോണിസ്റ്റുമുണ്ടായിരുന്നില്ല. ഒന്നാം ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷുകാരെ സഹായിച്ച ഈ രസതന്ത്രജ്ഞന് പകരം കിട്ടിയതായിരുന്നു ഇസ്രയേൽ രാഷ്ട്രം എന്ന് പറയാം.

ബോംബ് നിർമ്മാണത്തിൽ അവശ്യഘടകമായി ഉപയോഗിക്കുന്ന അസിടോണിൽ നിന്നും ഉല്പാദിപ്പിക്കുന്ന കോർഡൈറ്റ് എന്ന രാസപദാർത്ഥം ജർമ്മനിയായിരുന്നു അക്കാലത്ത് ഉത്പാദിപ്പിച്ചിരുന്നത്. ജർമ്മനിയുമായി ബ്രിട്ടന്റെ യുദ്ധമാരംഭിച്ചപ്പോൾ കോർഡൈറ്റിന്റെ ലഭ്യത അതീവ നിർണ്ണായകമായിത്തീർന്നു. ജർമ്മനിയിൽ വിദ്യാഭ്യാസം നിർവ്വഹിച്ച വിസ്മാൻ ഈ വെല്ലുവിളി ഏറ്റെടുത്തു കൊണ്ട് ബ്രിട്ടീഷുകാർക്ക് കോർഡൈറ്റ് നിർമ്മാണത്തിന്റെ ഫോർമുല ഗവേഷണത്തിലൂടെ കണ്ടുപിടിച്ച് കൈമാറുകയുണ്ടായി. ഇത് ബ്രിട്ടന്റെ യുദ്ധവിജയത്തെ നിർണ്ണായകമായി സ്വാധീനിച്ചു. ഇതിന്റെ പശ്ചാത്തലത്തിൽ 1917ൽ വീസ്മാൻ ബ്രിട്ടീഷ് ഭരണകൂടത്തെ സമീപിച്ചു കൊണ്ട് യഹൂദർക്ക് ഫലസ്തീനിൽ ഒരു ജന്മഗേഹം സ്ഥാപിക്കാനുള്ള അഭ്യർത്ഥന അന്നത്തെ ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ലോർഡ് ബാൾഫറിനു മുമ്പാകെ സമർപ്പിച്ചു. അതിനു മറുപടിയായിക്കൊണ്ട് ലോർഡ് ബാൽഫർ നവം: 2 ന് ഒരു വിളംബരം പുറപ്പെടുവിച്ചു. അതിൽ ഇങ്ങിനെ പ്രഖ്യാപിക്കുകയുണ്ടായി "ഫല്സതീനിൽ യഹൂദികൾക്ക് ഒരു ജന്മഗേഹം സ്ഥാപിക്കാൻ ബ്രിട്ടീഷ് രാജഭരണകൂടത്തിന്ന് അനുഭാവമുണ്ട്..." ഈ പ്രഖ്യാപനം യഹൂദികൾ ചരിത്രപരമായ ഒരു വിജയമായി ആഘോഷിക്കുകയുണ്ടായി. ഈ പ്രഖ്യാപനത്തിന്റെ ശ്രവണമാത്രയിൽ വീസ്മാൻ പറഞ്ഞു: 'ഞങ്ങൾ ഈ പ്രഖ്യാപനത്തിൽ മിശിഹായുടെ കാലൊച്ച കേൾക്കുന്നു.'

വാസ്തവത്തിൽ ഒന്നാം ലോകമഹായുദ്ധത്തിന് മുമ്പുവരെ ബ്രിട്ടൺ ഫലസ്തീനിൽ യഹൂദർക്ക് ഒരു ജന്മഗേഹമുണ്ടാക്കാനുള്ള സിയോണിസ്റ്റ് ആശയത്തോടു യോജിച്ചിരുന്നില്ല. അക്കാലത്ത് ഫലസ്തീൻ തുർക്കിയുടെ കീഴിലുമായിരുന്നു. ബാൽഫർ പ്രഖ്യാപനത്തിന് ശേഷവും ബ്രിട്ടനിൽ ഇസ്രയേൽ രൂപീകരണത്തിന് കാര്യമായ പിന്തുണയുണ്ടായിരുന്നില്ല. നയതന്ത്രങ്ങൾക്കും തുറന്ന സമീപനങ്ങൾക്കും അതീതമായി നിഗൂഢമായി പ്രവർത്തിക്കുന്ന സിയോണിസം – ബ്രിട്ടീഷ് പാർലമെന്റിന്റെ അംഗീകാരം നേടിയെടുത്തത് ദുരൂഹമായി അവശേഷിക്കുന്നു. ഇസ്രായേൽ രൂപീകരണ പശ്ചാത്തലത്തെ സംബന്ധിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് 1991 ഫെബ്രുവരി 15ന് നടത്തിയ ഒരു ഖുത്ബ പ്രഭാഷണത്തിൽ ലോർഡ് ബാൽഫറിന് ശേഷം ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറിയായിരുന്ന ലോർഡ് കഴ്സണനെ ഉദ്ധരിച്ചുകൊണ്ടു നടത്തിയ നിരീക്ഷണം ശ്രദ്ധേയമാണ്.

"ഏതായാലും മുഴുവൻ ബ്രിട്ടീഷ് ജനതയും ഈ ഗൂഢാലോചനയിൽ പങ്കെടുത്തു എന്നു പറയുന്നത് യാതൊരർത്ഥത്തിലും ശരിയല്ല. ലോർഡ് കഴ്സൺ ഇസ്രയേൽ രൂപീകരണത്തെ രൂക്ഷമായി എതിർത്തിരുന്നു. ഇസ്രയേൽ രൂപീകരണത്തിന്റെ യഥാർത്ഥ കാരണങ്ങൾ നല്ലത് പോലെ മനസ്സിലാക്കിയ വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹം പറഞ്ഞതിന്റെ സാരാംശം ഇതാണ്:

"ഫലസ്തീൻ ദേശവുമായി ഇസ്രയേലിന്റെ ചരിത്രപരമായ ബന്ധം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടു നിരന്തരം അദ്ദേഹത്തിൽ (കഴ്സൺ പ്രഭുവിൽ) സമ്മർദ്ദങ്ങൾ ചെലുത്തിക്കൊണ്ടിരുന്നു. ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു അഗാധമായ ഗൂഢാലോചനയെപറ്റിയും അദ്ദേഹം മനസ്സിലാക്കിയിരുന്നു. ഒരിക്കൽ അത് അംഗീകരിച്ചുകഴിഞ്ഞാൽ യഹൂദന്മാരെ തടഞ്ഞു നിർത്താനും പിൻതിരിപ്പിക്കാനും സാദ്ധ്യമല്ല.' (The origin & evolution of the Palestine problem. 1917-1989. pages 21-28 published by the United Nations. New York. 1990).

അവസാനം വരെ കഴ്സൺ പ്രഭു ഇസ്രായേൽ രൂപീകരണത്തിനെതിരെ ശക്തമായി നിലകൊണ്ടു. എന്നാൽ ലോയിഡ് ജോർജിന്റെ കാബിനറ്റ് അംഗങ്ങൾ യഹൂദികളുടെ നിഗൂഢമായ പദ്ധതികൾക്ക് വശംവദരായി സ്വാധീനിക്കപ്പെടുകയും ജൂതന്മാർക്ക് ഫലസ്തീൻ ഭൂമിയുമായി ചരിത്രപരമായ ബന്ധമുണ്ടെന്ന' അടിസ്ഥാനത്തിൽ ഫലസ്തീൻ പ്രശ്നം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്ന ഒരു ബിൽ ബ്രിട്ടീഷ് പാർലമെന്റിൽ പാസ്സാക്കുകയും ചെയ്തു. 'ചരിത്രപരമായ ബന്ധം' ('Historical Connections') എന്ന പദത്തെയാണ് കഴ്സൺ പ്രഭു വളരെ കർശനമായ ഭാഷയിൽ അപ

ലപിച്ചിരുന്നത്. പ്രത്യക്ഷത്തിൽ നിരുപദ്രവമായി തോന്നുന്ന ഈ പദം വളരെ സമർത്ഥമായി ഉപയോഗിക്കുകയായിരുന്നു. ഈ സന്ദർഭത്തിൽ ഈ ഉദ്ധരണിയുടെ മറുഭാഗം ഞാൻ ഇവിടെ ഉദ്ധരിക്കുന്നില്ല. അതു നിങ്ങളെ വായിച്ചു കേൾപ്പിക്കാൻ എനിക്കിപ്പോൾ സാധ്യമല്ല. നിങ്ങൾ ഇത് വായിക്കുമ്പോൾ അത്ഭുതപ്പെട്ടു പോകും. യഹൂദരുടെ എല്ലാ ലക്ഷ്യങ്ങളും പൂർത്തീകരിക്കാൻ കഴിയുമാറ് നിഗൂഢാത്മകമായ ഭാഷയാണ് അവർ ഉപയോഗിച്ചത്. ഈ ബില്ല് ബ്രിട്ടീഷ് പ്രഭു സഭയിൽ അവതരിപ്പിച്ചപ്പോൾ പ്രഭുസഭാംഗങ്ങൾ അവരുടെ നീതിബോധം പ്രദർശിപ്പിക്കുകയുണ്ടായി. അതിന്റെ പ്രശംസ അവർ അർഹിക്കുന്നു. നീതിയുടെ പാതയിൽ അവർ ഉറച്ചു നിൽക്കുക മാത്രമല്ല തങ്ങളുടെ രാജ്യത്തിന് ശക്തമായ ഒരു താക്കീത് നൽകുകയും ചെയ്തു. ഈ ഗൂഢാലോചനയിൽ ഒരു രാഷ്ട്രം എന്ന നിലക്ക് നിങ്ങൾ ഭാഗഭാക്കാകരുതെന്നായിരുന്നു ആ താ ക്കീത്. അല്ലാത്ത പക്ഷം അത് നീതിലംഘനത്തിന്റെ ഹീനമായ ഒരു പ്രവൃത്തിയായിരിക്കും. അതിന്റെ ദൂഷ്യഫലങ്ങളും അതിലെ വഞ്ചനയും ദീർഘകാലത്തോളം അനുഭവിക്കേണ്ടി വരും. ഇതിന്റെ വിനാശങ്ങൾ എപ്പോഴാണ് അവസാനിക്കുക എന്ന് പറയാനും സാധ്യമല്ല. അതുകൊണ്ട് ഹൗസ് ഓഫ് ലോർഡ്സ് (പ്രഭുസഭ) ഈ ബില്ല് തള്ളികളയുകയാണുണ്ടായത്. പിന്നീട് അത് ഹൗസ് ഓഫ് കോമൺസിൽ (പൊതുസഭ)യിൽ വെച്ച് നിയമപരമായി പാസാക്കുകയാണുണ്ടായത്. ബാൽഫർ പ്രഖ്യാപനത്തോട് പ്രതികരിച്ചുകൊണ്ട് ബ്രിട്ടീഷ് പ്രഭുസഭയിലെ ഒരു അംഗം പറഞ്ഞത് ഇപ്രകാരമാണ്.

''അപരിചിതരായ ഒരു ജനതയെ ചുറ്റും അറബികൾ മാത്രം താമസിക്കുന്ന ഒരു അറബ് രാജ്യത്ത് കൊണ്ടുപോയി വസിപ്പിച്ചുകൊണ്ട് ചെയ്തു വെച്ചിട്ടുള്ള ഈ ദ്രോഹം ഒരിക്കലും പരിഹരിക്കാനാകാത്തതാണ്. ജൂതജനതക്കല്ല സിയോണിസ്റ്റ് തീവ്രവാദികൾക്കാണ് നാം ഈ ആനുകൂല്യം ചെയ്തുകൊടുത്തിട്ടുള്ളത്. പൗരസ്ത്യദേശത്ത് ഇത് മൂലം ഉണ്ടായ വ്രണം എത്രത്തോളം വ്യാപകവും ഉണങ്ങാതെ നിൽക്കുന്നതുമാണെന്ന് ആർക്കും പറയാനാകില്ല.” (the origin and evolution of the Palestine probem - P. 29). ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദിന്റെ ഖുത്ബാ സമാഹാരമായ The Gulf Crisis & New World Order എന്ന പുസ്തകത്തിൽ നിന്നും ഉദ്ധരിച്ചത്.

## കേരളവും ഇസ്രയേലും

കേരളത്തിൽ യഹൂദികൾ അതിപ്രാചീനകാലം മുതൽ തന്നെ അധിവാസമുറപ്പിച്ചതായി ചരിത്രകാരന്മാർ പറയുന്നു. പുരാതനകാലത്തെ സോളമന്റെ കപ്പലുകൾ പോയിരുന്ന ഓഫീർ (രാജാ : 1:9:28) കേരളത്തിലെ ബേപ്പൂർ ആയിരുന്നുവെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കേരളത്തിലെ പുരാതന ബുദ്ധമതക്കാർ ബനീ ഇസ്രായേലിൽ പെട്ട യഹൂദന്മാരായിരുന്നുവെന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. 16ാം നൂറ്റാണ്ടിൽ മുസ്‌ലിംകളിൽ നിന്നും ക്രിസ്ത്യാനികൾ സ്പെയിൻ പിടിച്ചെടുത്തപ്പോൾ ഇന്ത്യയിലേക്ക് പ്രവഹിച്ച യഹൂദികളിൽ പെട്ടവരായിരുന്നു കൊച്ചിയിലെ വെളുത്ത ജൂതന്മാർ. അവരാണ് മട്ടാഞ്ചേരിയിലെ ജൂതപ്പള്ളി നിർമ്മിച്ചത്. പഴയജൂതന്മാരെ കറുത്ത ജൂതന്മാർ എന്നും പുതിയവരെ വെളുത്ത ജൂതന്മാർ എന്നുമാണ് വിളിച്ചത്. ഇവർ തമ്മിൽ ഗോത്രീയമായും മതപരമായും നിരവധി തർക്കങ്ങളുണ്ടായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെയാണ് സിയോണിസ്റ്റ് പ്രസ്ഥാനവുമായി കേരളത്തിലെ ജൂതന്മാർ ഇടപഴകുന്നത്. സിയോണിസ്റ്റ് ആശയത്താൽ പ്രചോദിതരായി 'ബി ഇറ്റ് ജറുസലേം' (Be It Jerusalem) സഫാദ്, തിബെരിയ്യ, ഹെബ്റോൺ, മുതലായ യൂറോപ്പിലെ ജൂതപ്രസ്ഥാനങ്ങളുടെ ഏജന്റുമാർ കൊച്ചിയിലെ ജൂതന്മാരുമായി നിരന്തരം ബന്ധപ്പെട്ടിരുന്നു. തിയോഡർ ഹെർട്സ് 1897-ൽ ശക്തമായ അടിത്തറയും ലക്ഷ്യവും നിശ്ചയിച്ചുകൊണ്ട് സിയോണിസ്റ്റ് പ്രസ്ഥാനത്തെ പുനസ്സംഘടിപ്പിച്ചതിന് ശേഷം സിയോണിസ്റ്റ് പ്രസ്ഥാനമായും ഇസ്രയേൽ രൂപീകരണവുമായും കൊച്ചിയിലെ ജൂതന്മാർ സഹകരിക്കുകയും ഇന്ത്യയിലെയും റംഗൂണിലേയും മറ്റു ജൂതകേന്ദ്രങ്ങളെ ഇക്കാര്യത്തിൽ ഏകോപിപ്പിക്കാൻ മുൻകൈയെടുക്കുകയുമുണ്ടായി. ഇസ്രയേൽ രൂപീകരണം സംബന്ധിച്ച് ഫലസ്തീനിൽ ഭൂമി നൽകാൻ തിയോഡർ ഹെർഡ്സ് തുർക്കി സുൽത്താൻ അബ്ദുൾ ഹമീദ്ഖാനെ സമീപിച്ചിരുന്നുവല്ലോ. ജൂതകേന്ദ്രങ്ങൾ വമ്പിച്ച ആവേശത്തോടെയാണ് ഈ വാർത്തയെ സ്വാഗതം ചെയ്തത്. അന്തർദേശീയ സിയോണിസ്റ്റ് പ്രസ്ഥാനവുമായി അപ്പോഴേക്കും നല്ല ബന്ധം സ്ഥാപിച്ചുകഴിഞ്ഞ കൊച്ചിയിലെ ജൂതന്മാർക്കും തുർക്കി സുൽത്താനുമായുള്ള ഹെർട്സിന്റെ ഈ കൂടിക്കാഴ്ച ആഹ്ലാദം പകരുകയുണ്ടായി. കൊച്ചിയിലെ ജൂത പ്രമാണിയും പണ്ഡിതനുമായിരുന്ന നെപ്താലി എലിയാവു റഹാബി (റോബി) ഇത് സംബന്ധിച്ച് തിയോഡർ ഹെർട്സിന് അയച്ച കത്ത് മട്ടാഞ്ചേരി യഹൂദപള്ളിയുടെ (സിനഗോഗിന്റെ) 400-ാമതു വാർഷികം പ്രമാണിച്ച് പ്രസിദ്ധീകരിച്ച സോവനീറിൽ (1968 ഡിസംബർ) പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് ഇപ്രകാരമാണ്:

Cochin (India)
15 Oct. 1901

To
Dr. Theodore Herzl
Vienna

Sir,

The Zionist movement created by you has put your coreligionists throughout India into great excitement specially after your interview with the Sulthan of Turkey. Now you can draw

*(ശേഷം 42-ാം പേജിൽ)*

# ദജ്ജാലി മുഖമുള്ള യഅ്ജൂജ് മഅ്ജൂജും ആധുനിക ദുൽഖർനൈന്റെ പ്രതിരോധവും

ഏ.പി. കുഞ്ഞാമു

**കഅ്ബത്തുല്ലായിൽ പോലും കുരിശു നാട്ടുമെന്നായിരുന്നു ക്രിസ്തീയ പ്രചാരകർ പ്രഖ്യാപിച്ചത്. ഹദ്റത്ത് അഹ്മദി (അ) തന്റെ അപ്രതിരോദ്യമായ ആശയ സമരം ആരംഭിച്ചപ്പോൾ ക്രിസ്തുമതത്തിന്റെ അടിത്തറ തകർന്നു തരിപ്പണമായി**

ദജ്ജാലിന്റെ മുഖത്തോടുകൂടിയ യഅ്ജൂജ് മഅ്ജൂജിന്റെ വ്യാപനത്തെ ലോകത്ത് തടയുക എന്നതാണ് ദുൽഖർനൈൻ എന്ന അഭിധാനം കൂടിയുള്ള ഹദ്റത്ത് അഹ്മദ് (അ)ന്റെ നിയോഗോദ്ദേശ്യങ്ങളിൽ പ്രധാനമായത്. അതിൽ അദ്ദേഹം എത്രത്തോളം വിജയിച്ചിട്ടുണ്ട് എന്നത് നാം പരിശോധിക്കേണ്ടതുണ്ട്. അക്കാലത്തെ മുസ്‌ലിം ലോകത്തിന്റെ അവസ്ഥ അതിദാരുണമായിരുന്നു. ക്രിസ്തീയ പ്രചാരകരുടെ പ്രചണ്ഡമായ പ്രചാരണപ്രവർത്തനങ്ങൾക്കും ഇസ്‌ലാമിനെതിരെയുള്ള തീക്ഷ്ണമായ ആശയസമരത്തിനും മുമ്പിൽ മുസ്‌ലിം ലോകത്തിന് പിടിച്ചുനിൽക്കാനായില്ല. ഉന്നതശീർഷരായ മുസ്‌ലിം പണ്ഡിത കേസരികൾ തൊപ്പിയും തലപ്പാവുമുപേക്ഷിച്ച് ളോഹയും കുരിശുമണിഞ്ഞ് ക്രിസ്തുമതം സ്വീകരിക്കുന്ന കാഴ്ചകൾ ഇന്ത്യയുടെ നാനാഭാഗത്തും അരങ്ങേറി. ബ്രിട്ടീഷിന്ത്യയിൽ ക്രിസ്തുമതത്തിന്റെ വമ്പിച്ച മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകിയ ഒരു ക്രിസ്തീയ പാതിരി മുഖ്യൻ തന്റെ പ്രേഷിത പ്രവർത്തനങ്ങളുടെ ആവേശലഹരിയിൽ കഅ്ബത്തുല്ലാഹിൽ പോലും കുരിശുനാട്ടുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. റസൂൽ തിരുമേനിയുടെ ഒരു ഹദീസിൽ എഴുപതിനായിരം മുസ്‌ലിംകൾ ദജ്ജാലിനെ അനുഗമിക്കുമെന്ന പ്രവചനമുണ്ട്. എഴുപതിനായിരം എന്ന സംഖ്യ ആധികൃത്തിന്റെ പ്രതീകമാണ്. ക്രൈസ്തവ പാശ്ചാത്യ നാഗരികതയുടെ പ്രഭാവത്തിന്നടിമപ്പെട്ടു മുസ്‌ലിംകൾ വമ്പിച്ച തോതിൽ അവരെ പിന്തുടരാനാരംഭിച്ച ഒരു കാലഘട്ടമായിരുന്നു അത്. അക്ഷരാർത്ഥത്തിൽ തന്നെ ലോകവ്യാപകമായി ഇസ്‌ലാമിൽ നിന്നും ക്രിസ്തുമതത്തിലേക്ക് വിശ്വാസപരിവർത്തിതരുടെ പ്രവാഹമുണ്ടായി. വടക്കനാഫ്രിക്കയിലെ മൊറോക്കൊ എന്ന രാജ്യത്തുനിന്നു മാത്രം 80 ലക്ഷം മുസ്‌ലിം കൾ അക്കാലത്ത് ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്തുപോകുകയുണ്ടായി. അങ്ങനെ ഇസ്‌ലാം മതം അധഃപതനത്തിന്റേയും ജീർണതയുടെയും നിലയില്ലാക്കയങ്ങളിൽ പതിച്ചുപോയ കാലഘട്ടമായിരുന്നു ഹദ്റത്ത് അഹ്മദ് രംഗപ്രവേശം ചെയ്ത പത്തൊമ്പതാം നൂറ്റാണ്ട്.

ക്രിസ്തു ഒരു മനുഷ്യനായ പ്രവാചകൻ മാത്രമാണെന്ന് അനിഷേധ്യമായ തെളിവുകളിലൂടെ സമർത്ഥിച്ചുകൊണ്ട് ക്രിസ്ത്യാനികളെ ഏകദൈവത്വത്തിലേക്ക് ക്ഷണിച്ച ഹദ്റത്ത് അഹ്മദ് (അ) ന് മുസ്‌ലിംകളുമായും കടുത്ത ആശയസമരത്തിലേർപ്പെടേണ്ടി വന്നു. ക്രിസ്തുവിനെ

ദൈവമായി കരുതുന്ന ക്രിസ്ത്യാനികളെപ്പോലെ മുസ്‌ലിംകളും ഈസാനബി (അ) യെപ്പറ്റി നിരവധി ശിർക്കൻ വിശ്വാസങ്ങൾ വെച്ചുപുലർത്തുന്നവരാണ്.

സ്രഷ്ടാവും സൃഷ്ടികളും തമ്മിലുള്ള ഗുണങ്ങൾ പരസ്പരം വെച്ചുമാറ്റുക എന്നതിനർത്ഥം, ദൈവത്തിൽ പങ്കുചേർക്കലാണ് എന്ന കാര്യത്തിൻ യാതൊരു സംശയവുമില്ല. ശൂന്യതയിൽ നിന്നും സൃഷ്ടിക്കുക, ജീവിപ്പിക്കുക എന്നീ ഗുണങ്ങൾ ദൈവത്തിനു മാത്രം കഴിയുന്ന ഗുണങ്ങളാണ്. ഈ ഗുണങ്ങൾ മറ്റാർക്കും യാതൊരു കാരണവശാലും ആരോപിക്കാൻ സാധ്യമല്ല. ഇല്ലാമാശാ അല്ലാഹ് ക്രിസ്ത്യാനികളുടെ ചുവടുപിടിച്ച് ഈ ഗുണങ്ങൾ മുസ്‌ലിം ഭൂരിപക്ഷം ഈസാനബി (അ) യിൽ ആരോപിക്കുന്നു. തൗഹീദിനെ തുരങ്കം വെക്കുന്നതും ക്രിസ്തീയ വിശ്വാസത്തിന് അനുഗുണവുമാണ് ഈ വിശ്വാസം. ക്രിസ്ത്യാനികൾ ഈസാനബി (അ) വല്ലതും ഈ ഭൂമിയിൽ വെച്ചു സൃഷ്ടിച്ചതായി പറയുന്നില്ല. എന്നാൽ അദ്ദേഹം പക്ഷിയെ സൃഷ്ടിച്ചുവെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. കൂടാതെ ക്രിസ്തു മരിച്ചവരെ ജീവിപ്പിച്ചെന്നും, കുരുടനേയും, പാണ്ഡുരോഗിയേയും സ്പർശനമാത്രയിൽ സുഖപ്പെടുത്തിയെന്നും മറ്റും വിശ്വസിക്കുന്നു. ദൈവത്തിനുള്ള ഈ സിഫത്തുകൾ അശ്റഫുൽ ഖൽഖായ മുത്തുമുഹമ്മദ് മുസ്തഫാക്ക് (സ:അ) പോലും ഇല്ലെന്നും അവർ വിശ്വസിക്കുന്നു. മുസ്‌ലിംകളുടെ ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ തന്നെ പ്രവാചകനായ മുഹമ്മദ് നബിയേക്കാളും ശ്രേഷ്ഠത ഈസാനബിക്ക് ഉണ്ടെന്നും അതുകൊണ്ടാണ് അവർ ഈസാനബി(അ) ദൈവപുത്രനായി വിളിക്കുന്നതെന്നും ക്രിസ്ത്യാനികൾ പറയുന്നു. ഇവിടെ മുസ്‌ലിം ലോകം പരാജയപ്പെട്ടു പോവുകയാണ്. എന്നാൽ ഈ അന്ധവിശ്വാസത്തെ ഹദ്റത്ത് അഹ്മദ് (അ) മുസ്‌ലിംകൾക്ക് തിരുത്തിക്കൊടുക്കുകയുണ്ടായി. വിശുദ്ധ ഖുർആനിൽ ഖണ്ഡിതവചനവും ആലങ്കാരികവചനങ്ങളും ഉണ്ട്. ആലങ്കാരികവചനങ്ങൾക്ക് ഖണ്ഡിതമായ അർത്ഥം നൽകരുത്. ഉദാഹരണമായി വിശുദ്ധ ഖുർആനിൽ ആദമിനെ അല്ലാഹു രണ്ടു കൈകൊണ്ടും സൃഷ്ടിച്ചു. അല്ലാഹുവിന്റെ കൈ ജമാഅത്തിന്റെ മേലെയാണ് എന്നും ഒരു ഖുദ്സിയായ ഹദീസിൽ അല്ലാഹു ഒരു കാര്യം കണ്ടുചിരിച്ചുപോയതായി തിരുമേനിയെ (സ:അ) അറിയിക്കുന്നു. ഇങ്ങനെ മനുഷ്യന്റെ സിഫത്തുകൾ ദൈവത്തിൽ ആരോപിച്ചാൽ അത് ആലങ്കാരികമായി എടുക്കുക. അല്ലാഹുവിന് നമ്മെപ്പോലെ രണ്ട് കൈകൾ ഉണ്ടെന്നും, നാം ചിരിക്കുന്നതു പോലെ ചിരിച്ചെന്നുമാണോ? ദൈവം സന്തോഷിച്ചു. ദൈവം മനുഷ്യനെ തന്റെ ഗുണങ്ങളോടുകൂടി സൃഷ്ടിച്ചു. എന്നൊക്കെയാണ് നാം വ്യാഖ്യാനാർത്ഥം പറയുക. അതേപ്പോലെ അല്ലാഹുവിന്റെ സിഫത്തുകൾ മനുഷ്യരിൽ ആരോപിച്ചാൽ അതും നാം ആലങ്കാരികമായെടുത്താൽ ശിർക്കിൽ നിന്ന് നമുക്ക് രക്ഷപ്പെടാം. ഉദാഹരണത്തിന് മുഹമ്മദ് നബി (സ:അ) പരിശുദ്ധരായ ഒരു സമൂഹത്തെ സൃഷ്ടിച്ചു. ഇവിടെ നാം നൽകുന്ന അർത്ഥം അദ്ദേഹത്തിന്റെ ശിക്ഷണം മുഖേന പരിശുദ്ധരായ വ്യക്തികൾ ഉണ്ടായി എന്നാണ്. മരിച്ചവരെ ജീവിപ്പിക്കലും ഇതേ അർത്ഥത്തിൽ എടുത്താൽ മതി. വിശുദ്ധ ഖുർആനിൽ റസൂൽ തിരുമേനി (സ) നിങ്ങൾക്ക് ജീവൻ നൽകാൻ വിളിക്കുന്നതായി ആയത്തുണ്ടായിട്ടും അതിന്ന് ആലങ്കാരികമായ അർത്ഥമാണ് വ്യാഖ്യാതാക്കൾ നൽകിയത്. അതേപോലെ ഈസാനബി (അ) യുടെ തർബിയ്യത്ത് (ശിക്ഷണം) മുഖേന ആത്മീയ വിഹായസ്സിൽ പറക്കുന്ന പക്ഷികളെപ്പോലെ വിശുദ്ധരായിത്തീരാൻ അദ്ദേഹത്തിന്റെ അനുചരന്മാരിൽ ചിലർക്ക് ഭാഗ്യമുണ്ടായി. ആദ്ധ്യാത്മികമായി മരിച്ചവരെ ജീവിപ്പിക്കാനാണ് പ്രവാചകന്മാർ വരുന്നതെന്ന കാര്യവും നാമോർക്കണം. ഇങ്ങനെ വ്യാഖ്യാനിച്ചാൽ വിശുദ്ധ ഖുർആനിലെ മറ്റു ആയത്തുകൾക്ക് എതിരായി വരികയുമില്ല. കാരണം ഖുർആനിൽ പരസ്പര വൈരുദ്ധ്യമില്ല എന്നത് ഖുർആന്റെ സവിശേഷതയാണ്. എന്റെ സമുദായത്തിലുള്ള പണ്ഡിതന്മാർ ബനൂഇസ്രായേൽ പ്രവാചകന്മാർക്ക് തുല്യരാണ് എന്നു നബിതിരുമേനി (സ:അ) അരുളുകയുണ്ടായി. കുറഞ്ഞപക്ഷം ഈ സ്ഥാനം മുജദ്ദിദുമാർക്കെങ്കിലും നൽകാമല്ലോ? മുജദ്ദിദുമാരുടെ കൂട്ടത്തിൽ ഉന്നത സ്ഥാനീയരിൽപ്പെട്ട ആളാണ് ഹ: മുഹ്‌യുദ്ദീൻ ശേഖ് ജീലാനി. (ഖ). അദ്ദേഹം ഇത്തരം മുഅ ജിസാത്ത് കാണിച്ചതായി സുന്നികളുടെ മുഹ്‌യിദ്ദീൻ മാലയിൽ കാണാം. അത് അക്ഷരാർത്ഥത്തിൽ അല്ലാഹുവിന്റെ 'ഇദ്ന്' അഥവാ അനുമതി കൊണ്ടു ചെയ്തതാണെന്നും അവർ പറഞ്ഞിട്ടും മുജാഹിദുകൾ അതു വിശ്വസിക്കുന്നില്ല. ചുരുക്കത്തിൽ ഒരു മഹാതത്ത്വത്തെ ഹസ്രത്ത് അഹ്മദ് (അ) നമ്മെ പഠിപ്പിച്ചു. അതായത് അല്ലാഹുവിന്റെ സിഫത്ത് മനുഷ്യരിൽ ആരോപിച്ചാൽ അതു ആലങ്കാരികമായി എടുക്കുക. അതേപോലെ മറിച്ചും. ഇന്നു മുസ്‌ലിം ലോകം ഈ യുക്തി ദീക്ഷ പാലിച്ചുകൊണ്ടു പതു ക്കെയാണെങ്കിലും വിശ്വാസങ്ങളെ പുനപ്പരിശോധിക്കാൻ തയ്യാറാവുന്നുണ്ട്.

മറ്റൊരു വസ്തുത വിശുദ്ധ ഖുർആൻ ഏതെങ്കിലും ഒരു പ്രവാചകനെക്കുറിച്ചു മരിച്ചുപോയെന്ന് ശക്തവും വ്യക്തവുമായ നിലയിൽ തെളിവുകളോടുകൂടി പറഞ്ഞിട്ടുണ്ടെങ്കിൽ അതു ഈസാനബി(അ) കുറിച്ചാണ് . വിശുദ്ധ ഖുർആന്റെയും തിരു ഹദീസുകളുടെയും വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദ് (അ) തന്നെയാണ് ഇത് സ്ഥാപിച്ചത്. എന്നിട്ട് മുസ്‌ലിംകളേയും ക്രിസ്ത്യാനികളേയും അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു: നിങ്ങൾ വിശ്വസിക്കുന്ന ദൈവത്തിന്റെ അഥവാ ഈസാനബിയുടെ കബർ കാശ്മീരിലാണ് എന്ന്. ബൈബിളിന്റെയും വിശുദ്ധ ഖുർആന്റെയും ചരിത്രഗ്രന്ഥങ്ങളുടേയും സഹായത്താൽ അദ്ദേഹം ഈ സത്യം തെളിയിച്ചുകാണിക്കുകയുണ്ടായി. ഈസാനബിയെ(അ) പറ്റി വിശുദ്ധ ഖുർആൻ ബനൂഇസ്രായീൽ പ്രവാചകനായിട്ടാണ് പറഞ്ഞുതരുന്നത്. എന്നാൽ അദ്ദേഹത്തിന്റെ പ്രതീകമായി ഒരാൾ റസൂൽ തിരുമേനിയുടെ ഉമ്മത്തിൽ വരുമെന്നും അപ്പോൾ അദ്ദേഹത്തിന്റെ ജനം കൈകൊട്ടി കളിയാക്കി ആരവം മുഴക്കുമെന്നും

പറയപ്പെട്ടിരിക്കുന്നു. ഇതുകൂടാതെ ബുഖാരിയിലും മുസ്‌ലിമിലും വന്ന ഹദീസുകളിൽ അദ്ദേഹം നിങ്ങളിൽ നിന്നുള്ള നിങ്ങളുടെ ഇമാമായിരിക്കുമെന്നും പറയപ്പെട്ടിരിക്കുന്നു. കുരിശുമരണത്തിൽ നിന്നും അത്ഭുതകരമായി ഈസാനബി(അ)യെ അല്ലാഹു രക്ഷപ്പെടുത്തുന്നു. യേശു ക്രൂശിതനായപ്പോൾ കുരിശിൽ അദ്ദേഹം മരിച്ചിരുന്നില്ല. ബോധശൂന്യനാവുകയാണുണ്ടായത്. ഇത് ചുറ്റും കൂടി നിന്ന യഹൂദികൾ മരണമാണെന്ന് തെറ്റിദ്ധരിക്കുകയും ചെയ്തു. യേശുവിന്റെ രഹസ്യശിഷ്യന്മാരായ ജോസഫ് അരിമത്യൻ, നിക്കോദമസ് വൈദ്യൻ എന്നീ രണ്ടുപേർ വിശാലമായ കല്ലറയിൽ വെച്ച് യേശുവിന്റെ ശരീരം മരുന്നുകൾ ലേപനം ചെയ്ത് ശുശ്രൂഷിക്കുകയും ബോധം തെളിയുകയും ചെയ്തു. കാണാതെപോയ ഇസ്രയേൽ ഗോത്രങ്ങൾക്കിടയിലേക്കല്ലാതെ താൻ അയക്കപ്പെട്ടിട്ടില്ല എന്ന് യേശുപറഞ്ഞത് പ്രകാരം കുരിശ് സംഭവത്തിനുശേഷം പ്രവാസികളായി കഴിഞ്ഞിരുന്ന പത്ത് ഇസ്രയേൽ ഗോത്രങ്ങളിലേക്ക് ദിവ്യദൗത്യവുമായി അദ്ദേഹം നടന്നുനീങ്ങി. പുരാതനകാലത്ത് ചിതറിത്തെറിച്ച ഇസ്രയേൽ സമൂഹം പലസ്തീനിൽ നിന്നും കിഴക്കോട്ട് ഇന്ത്യവരെയുള്ള ദേശങ്ങളിൽ അപ്പോഴേക്കും വ്യാപിച്ചിരിക്കുന്നു എന്നതിന് ബൈബിളും ചരിത്രവും സാക്ഷ്യം വഹിക്കുന്നു. ആ ഇസ്രയേൽ ഗോത്രങ്ങളിൽ അഥവാ കാണാതെ പോയ ഇസ്രായേൽ ഗൃഹങ്ങളിൽ ദൈവിക ദൗത്യമെത്തിക്കാനായിരുന്നു യേശു കിഴക്കോട്ട് സഞ്ചരിച്ചത്. അവസാനം അദ്ദേഹം കശ്മീരിൽ വെച്ച് ദിവംഗതനായി. ഖുർആൻ ഇതിലേക്ക് അസന്നിഗ്ധമായ സൂചന നൽകുന്നു. 'മറിയമിന്റെ മകനെയും അദ്ദേഹത്തിന്റെ മാതാവിനെയും നാം ഒരു അടയാളമാക്കുകയും അവർക്ക് പച്ചിളിപ്പുള്ളതും ജലാശയനിർഭരവുമായ ഒരുന്നതസ്ഥാനത്ത് അഭയം നൽകുകയും ചെയ്തു. (23:51)

ഹദീസിൽ തിരുമേനി (സ) പറഞ്ഞതുപോലെ 120 –ാം വയസ്സിലാണ് അദ്ദേഹം ദിവംഗതനായത്. അദ്ദേഹത്തിന്റെ കബർ കാശ്മീർ ശ്രീനഗറിൽ ഖാൻയാർ തെരുവിൽ ഇന്നും സ്ഥിതിചെയ്യുന്നു. ഈ കാര്യങ്ങൾ ഹദ്റത്ത് അഹ്മദ് (അ) Jesus in India (യേശുമശീഹാ ഇന്ത്യയിൽ), (മലയാളം) എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. യേശുവിനെ സംബന്ധിച്ച ഈ സത്യം ക്രിസ്തീയ ലോകത്ത് ഒരു ആറ്റംബോംബ് സ്ഫോടനത്തിന്റെ പ്രതീതിയാണ് ഉളവാക്കിയത്. ക്രിസ്തുമതത്തിന്റെ ശീഘ്രമായ പ്രചാരണം അതോടെ അവസാനിക്കുകയും ലക്ഷക്കണക്കിന് ക്രിസ്ത്യാനികൾക്ക് ഇസ്‌ലാമിൽ പുതിയ ഔത്സുക്യം ജനിക്കുകയും ചെയ്തു. അദ്ദേഹം ഉന്നയിച്ച വാദങ്ങളുടെ മുമ്പിൽ നിവർന്നുനിൽക്കാൻ ക്രിസ്ത്യാനികൾക്ക് സാദ്ധ്യമായില്ല. അങ്ങനെ ഈ കാലഘട്ടത്തിലെ ദുൽഖർനൈനായ ഹദ്റത്ത് അഹ്മദ് (അ) ക്രിസ്തുമതത്തിന്റെ ഇസ്‌ലാമിനെതിരായുള്ള ആക്രമണത്തെ പ്രതിരോധിക്കുക മാത്രമല്ല അത്യുജ്ജ്വലമായ പ്രത്യാക്രമണത്തിലൂടെ ക്രിസ്തുമതത്തിന്റെ നെടുങ്കോട്ടകളെ നിലംപരിശാക്കുകയും ചെയ്തു. ഹദ്റത്ത് അഹ്മദ് (അ) ഇസ്‌ലാമിന്റെ ഭാഗത്തു നിന്നും ക്രിസ്തുമതത്തിനെതിരെ നടത്തിയ ഈ പ്രതിരോധ സന്നാഹങ്ങൾ അദ്ദേഹത്തെ എതിർത്തിരുന്ന ഭൂരിപക്ഷ മുസ്‌ലിംകൾക്കും പ്രയോജനകരമായിത്തീർന്നു. നാനാവിധത്തിലുള്ള അദ്ദേഹത്തിന്റെ വാദമുഖങ്ങളിൽ മുസ്‌ലിം ലോകം അവർക്ക് ഉചിതമായതെല്ലാം എടുത്തുപയോഗിച്ച് ക്രിസ്തുമതത്തെ തടഞ്ഞുനിർത്തുകയുണ്ടായി. മുമ്പു 10 പേർ ക്രിസ്ത്യാനിയാകുമ്പോൾ ഒരാൾ പോലും മുസ്‌ലിം ആകാതിരുന്നു. എന്നാൽ ഇന്ന് 10 പേർ മുസ്‌ലിം ആകുമ്പോൾ ഒരാൾ പോലും ക്രിസ്ത്യാനിയാവുന്നില്ല. മതപരിവർത്തനത്തിന്റെ പ്രവാഹഗതി തന്നെ മാറിപ്പോയിരിക്കുന്നു.

ബനൂഇസ്രായിൽ ജനതക്ക് വന്ന ഈസാമസീഹ് ചുവപ്പുനിറവും ചുരുണ്ട തലമുടിയോടുകൂടിയ ആളാണെന്നും ദജ്ജാലിന്റെ കാലത്ത് അവതീർണ്ണരാകുന്ന ഇബ്നുമറിയം ഗോതമ്പ് നിറത്തോടുകൂടിയ ആളാണെന്നും തിരുനബി (സ) പറഞ്ഞുതന്നതുകൊണ്ടു അവർ രണ്ടു വ്യത്യസ്ത വ്യക്തികളാണെന്ന് മനസ്സിലാവുന്നു. ഏതാണ്ട് ഇതേപോലെ തന്നെ ഈസാനബി(അ) ആകാശത്തിൽ ഇന്നും ജീവിച്ചിരിപ്പുണ്ടെന്ന് വാദിച്ചുകൊണ്ട് മുസ്‌ലിംകൾക്ക് അഹ്മദീ മുസ്‌ലിംകളുടെ മുമ്പിൽ ഇന്ന് നില്ക്കാൻ പറ്റില്ല. കാരണം അത്രയും രേഖകൾ വിശുദ്ധ ഖുർആനിൽ നിന്നും സഹീയായ ഹദീസുകളിൽ നിന്നും ഹദ്റത്ത് അഹ്മദ് (അ) തെളിയിച്ചുകാണിച്ചിട്ടുതന്നിട്ടുണ്ട്. അങ്ങനെ ക്രിസ്ത്യാനികളേയും മുസ്‌ലിംകളേയും ഈ അന്ധവിശ്വാസത്തിൽ നിന്ന് ഹദ്റത്ത് അഹ്മദ് (അ) രക്ഷപ്പെടുത്തി.

ദൈവസഹായം ക്രിസ്ത്യാനികൾക്കാണെന്നും പ്രാർത്ഥന കൊണ്ടു എന്തും നേടാമെന്നുമുള്ള ഒരു വിശ്വാസം ക്രിസ്ത്യാനികൾ ബോധപൂർവ്വം പ്രചരിപ്പിക്കാറുണ്ട്. ഈ ആദ്ധ്യാത്മിക മേഖലയിലും ഹദ്റത്ത് അഹ്മദ് (അ) അവരെ പരാജയപ്പെടുത്തി. അദ്ദേഹത്തിന്റെ കാലത്ത് അമേരിക്കയിൽ ഷിക്കാഗോയിൽ ഡോ. ജോൺ അലക്സാണ്ടർ ഡോവി എന്നയാൾ താൻ യേശുവിന് മുമ്പു വഴിയൊരുക്കാൻ വന്ന ഏലിയാ പ്രവാചകനാണെന്നു വാദിച്ചു. യേശുവിന്റെ പുനരാഗമനത്തിന് മുമ്പായി ഇസ്‌ലാമിനെ നശിപ്പിക്കാൻ ദൈവം തന്നെ നിയോഗിച്ചിരിക്കയാണെന്ന് അദ്ദേഹം വാദിച്ചു. തന്റെ പ്രാർത്ഥന മൂലം സകല മുസ്‌ലിംകളും നാശമടയുമെന്നും ഇസ്‌ലാമിന്റെ വേര് അറുക്കപ്പെടുമെന്നും കഅ്ബ വിജനമായിത്തീരുമെന്നും മറ്റും അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. സംഗതികൾ ഈ ഘട്ടത്തിലെത്തിയപ്പോൾ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹത്തെ നേരിടൽ തന്റെ കർത്തവ്യമാണെന്നു പറഞ്ഞുകൊണ്ടു രംഗത്തിറങ്ങി. 1902 ആഗസ്ത് 8ന് ഹദ്റത്ത് അഹ്മദ് (അ) ഡോ. ഡോവിക്ക് ഒരു തുറന്ന് കത്തെഴുതി. യേശു മരിച്ചുപോയിരിക്കുന്നുവെന്നും യേശുവിന്റെ കബർ കാശ്മീരിലെ ശ്രീനഗറിൽ സ്ഥിതിചെയ്യുകയാണെന്നും അറിയിച്ചുകൊണ്ടു ഒരു ദിവ്യസമരത്തിന് അതിൽ ആഹ്വാനം ചെയ്തു. ഇസ്‌ലാമിനെ സംരക്ഷിക്കു

വാനും അതിനെ വിജയിപ്പിക്കുവാനും താൻ ദൈവത്താൽ നിയുക്തനായിരിക്കുകയാണെന്നും ഡോ: ഡോവി ക്രിസ്തുമതത്തെ സംരക്ഷിക്കാൻ നിയുക്തനാണെങ്കിൽ തന്നോട് മത്സരിക്കാൻ മുന്നോട്ട് വരണമെന്നും ആഹ്വാനത്തിൽ പറഞ്ഞു. കപടവാദിയെ സത്യവാദികളുടെ ജീവിതകാലത്ത് നശിപ്പിക്കാൻ വേണ്ടി ഇരുവർക്കും ദൈവത്തോട് പ്രാർത്ഥന നടത്താമെന്നും കപടവാദിയേയും സത്യവാദിയേയും വേർതിരിച്ചുകാട്ടുന്നതിന് ദൈവം നിശ്ചയമായും ഒരു സത്യദൃഷ്ടാന്തം കാണിക്കുന്നതാണെന്നും ഡോ. ഡോവിക്കയച്ച തുറന്ന കത്തിൽ ഹ:അഹ്‌മദ് (അ) അറിയിച്ചു. (Review of Religions Sept 1902) ഈ വാദം ഉന്നയിക്കുമ്പോൾ ഹദ്റത്ത് അഹ്‌മദിന് (അ) 70 വയസ്സും ഡോ. ഡോവിക്ക് 55 വയസ്സുമായിരുന്നു. കൊടികുത്തിയ കോടീശ്വരന്മാർ ഡോവിയുടെ അനുയായികളിൽ ധാരാളമുണ്ടായിരുന്നു. ZION എന്ന നഗരം പണിതു അതിനെ കേന്ദ്രമാക്കി ഒരു പുതിയ ക്രിസ്ത്യൻ സഭക്ക് അദ്ദേഹം രൂപം നൽകുകയും മറ്റ് അമേരിക്കൻ പട്ടണങ്ങളെ വെല്ലുന്ന രൂപത്തിലുള്ള നഗരമായി ZIONനെ ഉയർത്തുകയുണ്ടായി. 'ലീവ്സ് ഓഫ് ഹീലിംഗ്" എന്ന ഒരു പത്രവും അദ്ദേഹം തുടങ്ങി. പ്രാർത്ഥന കൊണ്ടു രോഗങ്ങൾ മാറുമെന്നും ആരും മരുന്നു കഴിക്കേണ്ടതില്ലെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. അദ്ദേഹത്തിന് ലക്ഷക്കണക്കിന് അനുയായികൾ അമേരിക്കയുടെ പല ഭാഗങ്ങളിലും ഉണ്ടായി. എന്നാൽ ഹദ്റത്ത് അഹ്‌മദി (അ) ന്റെ ആഹ്വാനം അദ്ദേഹത്തിൽ ഒരു പ്രതികരണവും ഉളവാക്കിയില്ല. അതൊരു വനരോദനമായി ഭവിച്ചു. പക്ഷെ അന്നത്തെ ദിനപത്രങ്ങൾ അതിനെ ഒരു വെല്ലുവിളിയായി കാണുകയും അതു പ്രസിദ്ധീകരിക്കുകയും ചെയ്തതോടെ അതു ലോകത്തു ഒരു സംസാരവിഷയമായി മാറി. ഡോക്ടർ ഡോവിയെപ്പോലെ അമേരിക്കൻ പത്രത്തിൽ ഖ്യാതി നേടിയ മറ്റൊരാൾ കഴിഞ്ഞ ദശകത്തിനിടയിൽ ഉണ്ടായിട്ടില്ലെന്ന് അദ്ദേഹത്തെക്കുറിച്ചുള്ള ഒരു ജീവചരിത്ര ഗ്രന്ഥത്തിന്റെ മുഖവുരയിൽ പ്രൊ. ഫ്രാങ്കളിൻ ഡോൺസ് പ്രസ്താവിക്കുകയുണ്ടായി. ഡോവിയെക്കുറിച്ചുള്ള ഒരു കുറിപ്പ് The Columbia Encyclopaedea ൽ കാണാം. (വാഗ്ദത്ത മസീഹിന്റെ അത്ഭുത ദൃഷ്ടാന്തങ്ങൾ) ഡോ: ഡോവിക്ക് വാഗ്ദത്ത മസീഹ് എഴുതിയ കത്തിന്റെ ഉള്ളടക്കം ഇതാണ്. ''നിങ്ങൾ ഒരു മതവിഭാഗത്തിന്റെ തലപ്പത്താണല്ലോ. എനിക്കും ധാരാളം അനുയായികളുണ്ട്. ഇവരിൽ ദൈവത്തിന്റെ ആൾ ആരാണെന്ന കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കുന്നതിന് നമുക്ക് ദൈവത്തോടുതന്നെ പ്രാർത്ഥിക്കാം. ആരുടെ പ്രാർത്ഥനയാണോ സ്വീകരിക്കപ്പെടുന്നതു അയാൾ ദൈവത്തിന്റെ ആളാണെന്ന് തീർച്ചപ്പെടുത്താം. നാം ഇരുവരിൽ ആരാണോ കള്ളവാദി അയാളെ ആദ്യം നശിപ്പിക്കണമെന്നായിരിക്കണം പ്രാർത്ഥന. ഇത് എത്രയും യുക്തിയുക്തവും നീതിപൂർവ്വകവുമായ ഒരു സത്യനിർണ്ണയമാർഗ്ഗം തന്നെയാണെന്നതിൽ സംശയമില്ല." (Argument 1-12-1902) ഈ രൂപത്തിലുള്ള പത്രപ്രസ്താവനകളും ചർച്ചകളും തുടരെത്തുടരെ അമേരിക്കൻ പത്രങ്ങളിൽ പ്രസിദ്ധമായിട്ടും അദ്ദേഹത്തിൽ അതു യാതൊരു പ്രതികരണവും ഉണ്ടാക്കിയില്ല. ഹദ്റത്ത് അഹ്‌മദ് (അ)മിന്റെയും ഡോ: ഡോവിയുടേയും ഫോട്ടോയോടുകൂടി വളരെ പ്രാധാന്യത്തിൽ പത്രങ്ങളിൽ റിപ്പോർട്ട് വന്നിട്ടും അദ്ദേഹം മൗനം ദീക്ഷിച്ചു. ഒടുവിൽ ഹദ്റത്ത് അഹ്‌മദ് (അ) New Commercial Advertiser, New Yorkൽ 26–10–1903ൽ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ച ഒരു പ്രസ്താവനയിൽ ഇങ്ങനെ തുടർന്നു "തന്നെ കാത്തിരിക്കുന്ന മരണത്തിൽ നിന്ന് ഓടിപ്പോകാൻ എത്ര തന്നെ ശ്രമിച്ചാലും ഇത്തരം ഒരു പോരാട്ടത്തിൽ നിന്നുള്ള അദ്ദേഹത്തി ന്റെ ആ ഒളിച്ചോട്ടവും മരണത്തിലേക്കല്ലാതെ മറ്റെവിടേക്കും ആയിരിക്കുകയില്ല. ആപത്തുകൾ അദ്ദേഹത്തിന്റെ സിയോൺ നഗരത്തെയും പിടികൂടും. എന്തെന്നാൽ ഈ ആഹ്വാനം സ്വീകരിച്ചാലും സ്വീകരിച്ചില്ലെങ്കിലും ഇതിന്റെ അനന്തരഫലങ്ങൾ അദ്ദേഹം തന്നെ അനുഭവിച്ചേ തീരൂ" പ്രവചനം അമേരിക്കൻ പത്രങ്ങളിൽ വിപുലമായി പ്രചരിപ്പിക്കപ്പെട്ടു. 32ഓളം പത്രങ്ങളുടെ കട്ടിംഗുകൾ പ്രസിദ്ധപ്പെടുത്തിയ പത്രങ്ങളുടെ പേരുകളും ഹദ്റത്ത് അഹ്‌മദ് (അ) തന്റെ 'ഹക്കീഖത്തുൽ വഹ്‌യ്' എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്. (വാഗ്ദത്ത മസീഹിന്റെ അത്ഭുതദൃഷ്ടാന്തങ്ങൾ പേജ് 125, 126 എൻ. അബ്ദുറഹീം).

ഈ സന്ദർഭത്തിൽ ഡോ. ഡോവിക്ക് പ്രതികരിക്കേണ്ടി വന്നു. ഇന്ത്യയിലെ ഒരു മസീഹിന്റെ ആഹ്വാനം ഞാൻ കണ്ടു. ഇത്തരം ഈച്ചകൾക്കും കൊതുകുകൾക്കും ഞാൻ മറുപടി പറയുകയോ?' എന്നാണ് അദ്ദേഹം ചോദിച്ചത്. ''ഞാൻ അവയുടെ മേൽ കാലൂന്നിയാൽ അവയൊക്കെ ഞെരിഞ്ഞു പോകും'. (Leaves of healing, December 1903). പ്രഭാവത്തിന്റെ കൊടുമുടിയിൽ വിരാജിക്കുന്ന ഡോ. ഡോവിയുടെ അഹങ്കാരത്തിനെതിരിൽ ഹസ്രത്ത് അഹ്‌മദ് (അ) പ്രാർത്ഥന നടത്തി. 1904 സപ്തംബർ അവസാനത്തെ ഞായറാഴ്ച സിയോണിൽ ആഘോഷദിനമായിരുന്നു. ഡോ. വിതന്റെ ഉപദേശപ്രസംഗത്തിന് ശേഷം തിരുവത്താഴ ച്ചടങ്ങ് ആരംഭിച്ചു. സമൂഹഗാനവും ബൈബിൾ പാരായണത്തിനുശേഷം സമാപന പ്രസംഗത്തിനുവേണ്ടി സദസ്യർ കാതോർത്തിരിക്കുമ്പോൾ പെട്ടെന്ന് ഡോ. ഡോവി തന്റെ വലതുകൈ എതോ വിഷജീവി കുത്തിയാലെന്നോണം കുടഞ്ഞു. പിന്നെ വിറക്കാൻ തുടങ്ങി. കൈകൾ മേശയുടെ പാർശ്വത്തിൽ ഇടിച്ചുകൊണ്ടിരുന്നു. വിവർണ്ണനായി അദ്ദേഹം കുഴഞ്ഞുവീണു. ഏതൊരു കാലുകൊണ്ടു വാഗ്ദത്ത മഹ്ദീമസീഹായ ഹദ്റത്ത് അഹ്‌മദിനെ (അ) ചവിട്ടിമെതിക്കുമെന്ന് പറഞ്ഞുവോ ആ കാലും നാക്കും ചലനരഹിതമായി. അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെ കൈവെടിഞ്ഞു. അദ്ദേഹം മദ്യപാനിയും സ്ത്രീലമ്പടനും, ദുർവൃത്തനും ആയിരുന്നുവെന്നു തെളിഞ്ഞു. ഡോ. ഡോവിയുടെ സ്വന്തം പിതാവ് അദ്ദേഹം ഒരു ജാരസന്താനമാണെന്നു പറഞ്ഞു. ഹദ്റത്ത് അഹ്‌മദിന്റെ (അ) പ്രവചനം ഡൂയിയേയും സീയോൺ നഗരത്തേയും ഒരേപോലെ തകർത്തു

തരിപ്പണമാക്കി. സ്വന്തം അനുയായികളാൽ തിരസ്കരിക്കപ്പെട്ടു അപമാനിത നായി അദ്ദേഹത്തിന് ഈ ലോകം വെടിയേണ്ടിവന്നു. ഈ മഹാവിജയത്തെ ഹദ്റത്ത് അഹ്മദ് (അ) ''ഹഖീഖത്തുൽ വഹ്യ്" എന്ന ഗ്രന്ഥത്തിൽ എടുത്തു ചേർത്തിട്ടുണ്ട്.

അമേരിക്കൻ പത്രങ്ങൾ ഒന്നടങ്കം ഇന്ത്യൻ മുഹമ്മദീ മസീഹിന്റെ വിജ യത്തെ വളരെ വലിയ വിജയമായി പ്രസിദ്ധീകരിക്കുകയുണ്ടായി. ഡൺവില്ലെ ഗസറ്റ്. ട്രൂത്ത് സീക്കർ, ഹെറാൾഡ് എന്നീ പത്രങ്ങൾ അതിൽ ഉൾപെടും. സിയോൺ നഗരത്തിൽ കുഴപ്പം നടമാടുകുയം അന്തഃഛിദ്രം കാരണം അത് തകർന്നുനശിക്കുകയും ചെയ്തു. ഡോ. ഡൂയിയുടെ ദാരുണമായ അന്ത്യത്തെപ്പറ്റി നിരവധി പത്രങ്ങൾ വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇത് ക്രിസ്ത്യാനികളുമായുണ്ടായ ഒരാത്മീയ സമരമാണ്. ഇതേപോലെ ഇന്ത്യയിലും മുസ്ലിംകളിൽ നിന്നും പരിവർത്തനം ചെയ്ത പാതിരിമാർ റസൂൽ തിരുമേനിയെ ആക്ഷേപിച്ചപ്പോൾ അതിന് മറുപടി പറയുക മാത്രമല്ല അത്തരം വ്യക്തികളെ അദ്ദേഹം ആത്മീയമായ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുന്നതിനുവേണ്ടി ആഹ്വാനം ചെയ്തിട്ടുണ്ട്.അതൊക്കെ ചേർക്കുകയാണെങ്കിൽ ഒരു ഗ്രന്ഥം തന്നെ രചിക്കേണ്ടതായി വരും. മറ്റു മതസ്ഥരായ പണ്ഡിതന്മാർ, ബ്രഹ്മസമാജി കൾ, ആര്യസമാജികൾ എന്നീ പണ്ഡിതന്മാർക്കും അവരുടെ ആരോപണങ്ങൾക്ക് ഹദ്റത്ത് അഹ്മദ് (അ) വായടപ്പൻ മറുപടി നൽകുകയും അവരിൽ പലർ മുഖേ നയും ആത്മീയ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇസ്ലാമിനേയും റസൂൽ തിരുമേനിയേയും വളരെ മോശമായി വിമർശിക്കുക ഇവരുടെ ഒരു ദുസ്വഭാവമായിരുന്നു. അതുകൊണ്ടു ഈ പ്രസ്ഥാനങ്ങൾക്കും മതങ്ങൾക്കും എതിരായി പല ഗ്രന്ഥങ്ങളും ഹദ്റത്ത് അഹ്മദ് (അ) രചിക്കുക യുണ്ടായി. അദ്ദേഹം ഒരവസരത്തിൽ പറഞ്ഞു. 'റസൂൽ തിരുമേനിയെ (സ)ക്കുറി ച്ചുള്ള ആക്ഷേപങ്ങൾ എന്റെ ഹൃദയത്തിൽ മുറിവേൽപിക്കുന്നു. എനിക്ക് അത്തരം ഘട്ടങ്ങളിൽ നിദ്ര ലഭിക്കാറില്ല. എന്റെ മക്കളേയും അവരുടെ മക്ക ളേയും എന്റെ കൺമുമ്പിൽ വെച്ചു വെട്ടി നുറുക്കി അറുകൊല ചെയ്താ ലും എന്റെ കണ്ണു ചൂഴ്ന്നു എന്നെ തുണ്ടം തുണ്ടമാക്കിയാലും ഞാനതു സഹി ക്കും. പക്ഷെ എന്റെ പ്രേമഭാജനവും എന്റെ സർവ്വസ്വവുമായ ആ മഹാനായ പ്രവാചകനെപ്പറ്റി ആക്ഷേപങ്ങൾ കേൾക്കാൻ ഞാൻ അശക്തനാണ്' എന്നാണ് അദ്ദേഹം പറഞ്ഞത്.

സൂറ: അസ്സഫ്ഫിൽ അഹ്മദ് എന്നുപേരായ ഒരു പ്രവാചകനെപ്പറ്റി സുവി ശേഷമുണ്ട്. അദ്ദേഹത്തെ ജനങ്ങൾ ഇസ്ലാമിലേക്ക് ക്ഷണിക്കുമെന്നും പറയ പ്പെട്ടിട്ടുണ്ട്. ആ പരാമർശത്തിന് ശേഷം അദ്ദേഹം ഇസ്ലാ മിനെ മറ്റു പ്രത്യയ ശാസ്ത്രങ്ങളുടെ മേൽ വിജയിപ്പിക്കുമെന്ന് എഴുതിയിട്ടുണ്ട്. ആ കാലഘട്ടം വാഗ്ദത്ത മഹ്ദി മസീഹിന്റെ കാലമാണ് എന്ന് എല്ലാ മുഫസ്സിരീങ്ങളും എഴു തിയിട്ടുണ്ട്. എന്നാൽ ഈ പറയപ്പെട്ട എല്ലാ മതങ്ങളുടേയും സമുച്ചയമാണ് ഇസ്ലാമും വിശുദ്ധ ഖുർആനും. ഈ പാഠം ലോകമസക്ഷം സമർപ്പിച്ചുകൊണ്ടു എല്ലാ പ്രത്യയശാസ്ത്രങ്ങളുടെ മേലും അദ്ദേഹം ഇസ്ലാമിനെ വിജയിപ്പിച്ചു.

ഹദ്റത്ത് അഹ്മദ് (അ) ദിവംഗതനായപ്പോൾ ആ മഹാത്മാവിന്റെ ഇസ്ലാമി നുവേണ്ടിയുള്ള അതിഗംഭീരങ്ങളായ സേവനങ്ങൾ അക്കാലത്തെ പണ്ഡിത കേസരികൾ വിലയിരുത്തുകയുണ്ടായി. അതിൽ ഒരുദ്ധരണി മാത്രം ഇവിടെ ചേർക്കാം. ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയും സമുന്നതപണ്ഡിതനും ഖുർആൻ ഭാഷ്യകാരനുമായ മൗലാനാ അബുൽകലാം ആസാദ് എഴുതിയ അനു ശോചനക്കുറിപ്പിൽ അദ്ദേഹം എഴുതുകയുണ്ടായി.

"ആരുടെ തൂലിക മന്ത്രവിദ്യയും നാവ് ഇന്ദ്രജാലവും ആയിരുന്നുവോ ആർ ധൈഷണികാത്ഭുതങ്ങളുടെ ജീവൽ പ്രതീകമായിരുന്നുവോ ആരുടെ ദൃഷ്ടി വിപ്ളവവും ശബ്ദം പ്രളയ കാഹളവുമായിരുന്നുവോ ആരുടെ വിരലുകളിൽ വിപ്ലവത്തിന്റെ തന്ത്രി കൾ ചുറഞ്ഞുകിടന്നിരുന്നുവോ, ആരുടെ മുഷ്ടിദ്വയം രണ്ട് വൈദ്യുതി സംഭരണികളായിരുന്നുവോ ഖിയാമ ത്തിന്റെ അലമുറയായി വന്ന് സുഷു പ്തിയിലാണ്ടവരെയെല്ലാം വിളിച്ചു ണർത്തിക്കൊണ്ട് മുപ്പത് വർഷക്കാലം ഭൂകമ്പവും കൊടുംകാറ്റും പോലെ വിലസിയിരുന്നതാരോ ആ വ്യക്തി ആ മഹാപുരുഷൻ വെറുംകൈയ്യോടെ ഇതാ ലോകത്തു നിന്നും തിരോധാനം ചെയ്തിരിക്കുന്നു....... മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ വിരഹം പാഠമുൾക്കൊള്ളാതെ തള്ളിവിടാൻ പറ്റിയ ഒന്നല്ല. കാലക്രമേണ മനുഷ്യ നിൽ നിന്ന് മാഞ്ഞുകൊള്ളുമെന്ന് കരുതി ആശ്വസിച്ചിരിക്കാവുന്നതുമല്ല. മതലോകത്ത് ചിന്തലോകത്ത് വിപ്ലവം സൃഷ്ടിക്കുന്ന ഇത്തരം ചരിത്രനായ കന്മാർ വളരെ അപൂർവ്വമായിട്ട് മാത്രമേ ലോകത്ത് വരാറുള്ളൂ വന്നാലോ അവർ മഹാപരിവർത്തനം വരുത്തിക്കാണിക്കു കയും ചെയ്യും. (വക്കിൽ, അമൃത്സർ 1908 മെയ്) ■

## ഞാൻ നശിക്കില്ല : ഹദ്റത്ത് അഹ്മദ്

ദൈവനിയുക്തർ വരുന്ന തിന് ഒരു കാലയളവുണ്ട്. പിന്നെ അവർ പോകുന്ന തിനും ഒരു കാലയളവുണ്ട്. എന്നാൽ നിങ്ങൾ നല്ലവണ്ണം ഓർത്തു കൊൾവിൻ; ഞാൻ കാലമെത്താതെ വന്നിട്ടില്ല. കാലമെത്താതെ പോകയുമി ല്ല. ദൈവത്തോടു പൊരുതേ ണ്ട, എന്നെ നശിപ്പിക്കാൻ നിങ്ങളെക്കൊണ്ടാവില്ല

***(അർബെയീൻ)***

## ലേഖനം

# പന്നിമാംസം എന്തുകൊണ്ട് നിഷിദ്ധം?

**ഡോക്ടർ മുസഫർ അഹ്മദ് മാലിക്ക്**
**ഗിൽഫോർഡ്, യു.കെ.**

### അഗാധമായ ചില ധാർമ്മിക കാരണങ്ങൾകൊണ്ടാണ് പന്നിമാംസം നിഷിദ്ധമാക്കിയത്

പന്നിമാംസം തിന്നരുതെന്ന ഖുർആനികാജ്ഞ അനുസരിക്കുക എന്നതിൽ കവിഞ്ഞ് അതിന്റെ അടിസ്ഥാന കാരണമെന്തെന്നറിയാൻ കൂടുതൽ ഗഹനമായ ഗവേഷണം നടത്താൻ മുസ്‌ലിംകൾ ശ്രമിക്കാറില്ല എന്ന കാര്യം സമ്മതിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ പന്നിമാംസം നിഷിദ്ധമാക്കിയതിന്റെ യുക്തി മനസ്സിലാക്കാനും മറ്റുള്ളവർ ഉയർത്തുന്ന ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി പറയാനും നാം ഇക്കാര്യത്തിൽ ജ്ഞാനമാർജ്ജിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

പന്നിമാംസം നിഷിദ്ധമാക്കിയതിന്റെ തത്വരഹസ്യം വാഗ്ദത്തമസീഹ് (അ) വളരെ വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹത്തെ പിന്തുടർന്ന് ഖലീഫമാരും വ്യത്യസ്ത സന്ദർഭങ്ങളിൽ വിശദീകരണം നൽകിയിട്ടുണ്ട്. പ്രത്യേകിച്ചും ഹസ്രത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) നിരവധി സന്ദർഭങ്ങളിൽ ഈ വിശദീകരണം കൂടുതൽ വ്യക്തമാക്കാനായി വളരെ ലളിതമായ ഭാഷയിൽ ഈ വിഷയകമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ വിഷയകമായി ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) നൽകിയ വിശദീകരണത്തെ അടിസ്ഥാനപ്പെടുത്തിയതാണീ ലേഖനം.

തുടക്കത്തിൽ തന്നെ നാം മനസ്സിലാക്കേണ്ട ഒരു കാര്യം അവസാനം വന്ന മൂന്നു പ്രമുഖ മതങ്ങളായ ജൂതമതം, ക്രിസ്തുമതം, ഇസ്‌ലാം മതം എന്നിവയിൽ ജൂതമതക്കാരും, മുസ്‌ലിംകളും പന്നി മാംസം ഭക്ഷിക്കാറില്ല എന്നതാണ്. എന്നാൽ ക്രിസ്ത്യാനികൾ പന്നിയിറച്ചി കഴിക്കാറുണ്ട്. നാം പരിഗണിക്കേണ്ട ഒരു കാര്യം എന്തുകൊണ്ടാണ് ജൂതന്മാരും മുസ്‌ലിംകളും പന്നിമാംസം വർജ്ജിക്കുന്നത് എന്നതല്ല. മറിച്ച്, ക്രിസ്തുമതത്തിന് തൊട്ടുമുമ്പു വന്ന മതത്തിൽ പന്നിമാംസം ഭക്ഷിക്കുന്നത് നിഷിദ്ധമാക്കിയിട്ടും ക്രിസ്ത്യാനികൾ എന്തുകൊണ്ടാണ് പന്നിമാംസം കഴിക്കുന്നത് എന്നതാണ്?

ബൈബിൾ പ്രകാരം, യേശു(അ) പ്രഖ്യാപിച്ചത് താൻ മോശെ(അ)യുടെ അദ്ധ്യാപനങ്ങളെ മാറ്റിമറിക്കാനല്ല പൂർത്തീകരിക്കാനാണ് വന്നതെന്നാണ്. മോശെയുടെ അദ്ധ്യാപനങ്ങളെ പരാമർശിച്ചുകൊണ്ട് യേശുപറയുന്നു. ഞാൻ നിയമത്തേയോ പ്രവാചകന്മാരേയോ നീക്കാനല്ല വന്നത്. ഞാൻ നീക്കാനല്ല, നിവർത്തിപ്പാനത്രേ വന്നത് (മത്തായി 5:17)

ഇതിന്റെ വെളിച്ചത്തിൽ, ഏതൊരു ജൂതാദ്ധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ യേശുവന്നുവോ അതിൽ നിഷിദ്ധമാക്കപ്പെട്ട പന്നി മാംസം യേശു കഴിച്ചിരുന്നുവെന്ന് വിചാരിക്കുന്നത് ബുദ്ധിപൂർവ്വകമല്ല. മോശെ(അ) നിരോധിച്ച ഒന്നും തന്നെ യേശു അനുവദിച്ചതായി പുതിയ നിയമത്തിൽ ഒരു തെളിവും ഇല്ല. യേശു വ്യക്തമായി പന്നിമാംസം അനുവദിച്ചതായി ബൈബിൾ പറയുന്നുമില്ല. അപ്പോൾ ക്രിസ്ത്യാനികൾ പ്രത്യേകമായി പന്നിമാംസം തിന്നുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത് വൈരുദ്ധ്യാത്മകമാണ്.

വിശുദ്ധ ബൈബിൾ പ്രസ്താവിക്കുന്നു:

പിളർന്ന ഇരട്ടക്കുളമ്പുള്ളതാണെങ്കിലും അയവിറക്കാത്തതിനാൽ പന്നി നിങ്ങൾക്ക് ശുദ്ധിയില്ലാത്തതാകുന്നു. ഇവയുടെ മാംസം ഭക്ഷിക്കരുത്. പിണം തൊടുകയും അരുത്. ഇവ നിങ്ങൾക്ക് അശുദ്ധങ്ങളാണ് (ലേവ്യർ 11:7,8)

പന്നി മാംസം നിഷിദ്ധമാക്കിയതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമുമ്പ് ഈ നിരോധന തത്വശാസ്ത്രത്തിന്റെ അടിസ്ഥാനം മനസ്സിലാക്കേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്.

ജീവിതത്തിന് ഒരു പെരുമാറ്റച്ചട്ടം നൽകുന്ന ദൈവികാജ്ഞകളാണ് എല്ലാ വിശുദ്ധ ഗ്രന്ഥങ്ങളും അവതരിപ്പിക്കുന്നത്. അത് മനുഷ്യകുലത്തിന്റെ പ്രയോജനത്തിന്നായി ധാർമ്മികതയെ നിർവ്വചിക്കുന്നു. എല്ലാ ദൈവികമതങ്ങളുടെയും അവയുടെ മതഗ്രന്ഥങ്ങളുടെയും ഒരു പൊതു ഉത്ഭവസ്ഥാനമാണ് സർവ്വശക്തനായ ഏകദൈവം. പിന്നീടുവരുന്ന അദ്ധ്യാപനങ്ങൾ ആദ്യത്തെതിന്റെ ഒരു വിപുലീകരണമാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് ഇത് അന്തിമ ഗ്രന്ഥമാണെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനെ താൻ അവസാനകാലം വരെ സംരക്ഷിക്കുമെന്നും ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. വെളിപാടായിറങ്ങിയ ദൈവികാജ്ഞകളിൽ അവസാനത്തെതായതിനാൽ വിശുദ്ധ ഖുർആൻ വിപുലീകരണം ആവശ്യമില്ലാത്തവിധം സമഗ്രമാണ്. അതിൽ മനുഷ്യജീവിതത്തിന്റെ ധാർമ്മിക പെരുമാറ്റച്ചട്ടങ്ങളടങ്ങിയിരിക്കുന്നു. ഏതു ഭക്ഷണമാണ് മനുഷ്യൻ കഴിക്കേണ്ടതെന്നതടക്കമുള്ള എല്ലാ അവശ്യപ്രശ്നങ്ങളും അത് സ്പർശിക്കുന്നു. അനുവദനീയമായതും നിരോധിക്കപ്പെട്ടതുമായ എല്ലാറ്റിനെക്കുറിച്ചുമുള്ള സാർവ്വലൗകികമായ ഒരു സന്ദേശമാണ് വിശുദ്ധ ഖുർആനിൽ അടങ്ങിയിരിക്കുന്നത്. നല്ലതും പരിശുദ്ധവുമായ വസ്തുക്കൾ മനുഷ്യന്ന് അനുവദിക്കപ്പെട്ടിരിക്കുന്നു. അങ്ങനെയല്ലാത്തവയെ അവൻ വർജ്ജിക്കണം. ഈ 'നല്ല വസ്തുക്കളെ' പരാമർശിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു. ''പറയുക, അല്ലാഹു തന്റെ ദാസർക്കുവേണ്ടി ഉൽപാദിപ്പിച്ചിരിക്കുന്ന അലങ്കാരവസ്തുക്കളെയും ആഹാരങ്ങളിൽ നിന്നുള്ള നല്ല വിഭവങ്ങളെയും നിഷിദ്ധമാക്കിയതാരാണ്? പറയുക 'യഥാർത്ഥത്തിൽ ഐഹിക ജീവിതത്തിൽ സത്യവിശ്വാസികൾക്കുള്ളതാണ് അത്. അന്ത്യനാളിൽ അത് അവർക്ക് പ്രത്യേകമായി ഉള്ളതുമായിരിക്കും" (7: 33)

പറയുക: 'നീച കൃത്യങ്ങളും അവയിൽ പ്രത്യക്ഷമായതും പരോക്ഷമായതും പാപങ്ങളും അന്യായമായ അക്രമവും.... (7: 34)

ഇതേ രീതിയിലുള്ള ആശയം വിവിധ അവസരങ്ങളിൽ ഭക്ഷണത്തെക്കുറിച്ചു ഖുർആൻ അവതരിപ്പിക്കുന്നു. ഉദാഹരണമായി വിശുദ്ധ ഖുർആനിൽ നാം വായിക്കുന്നു. 'മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് നിയമാനുസൃതവും ശുദ്ധവുമായത് നിങ്ങൾ ഭക്ഷിക്കുവീൻ!' (2:169).

മറ്റൊരിടത്ത് ഇപ്രകാരം നാം വായിക്കുന്നു.

"തങ്ങൾക്ക് ഭക്ഷിക്കുന്നതിനായി" അനുവദിക്കപ്പെട്ടെന്തെന്ന് അവർ നിന്നോട് ചോദിക്കുന്നു. പറയുക, (എല്ലാ) പരിശുദ്ധ വസ്തുക്കളും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു (5:5).

അനുവദനീയതയെക്കുറിച്ചുള്ള അടിസ്ഥാനപരമായ നിയമങ്ങളെത്തുടർന്ന് നല്ലതും നിയമാനുസൃതവുമായ വസ്തുക്കളെക്കുറിച്ചു വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നു. ആദ്യത്തെ കാര്യം ഇസ്ലാമിന്റെ അടിസ്ഥാനതത്വത്തെ ആധാരമാക്കിയുള്ളതാണ്. അതായത്, ആകാശഭൂമികളിലുള്ള എല്ലാറ്റിന്റെ ഉൽഭവസ്ഥാനവും യജമാനനും സർവ്വശക്തനുമായ അല്ലാഹുവാണ്. ഈ വിശ്വാസമനുസരിച്ച് ഒരു വിശ്വാസിയുടെ പ്രവൃത്തികളെല്ലാം, പദ്ധതിയിടുന്നതുമുതൽ തുടക്കം, നടപ്പിൽ വരുത്തൽ, അന്തിമമായി പൂർത്തീകരിക്കൽ എല്ലാം അല്ലാഹുവിന്റെ നാമത്തോടെയാണ്. ഈ ഉച്ചരിക്കലിന്ന് രണ്ട് നേട്ടങ്ങളുണ്ട്. എല്ലാറ്റിന്നും പ്രഥമമായി ഇത് എല്ലാ കാര്യങ്ങളെയും അതിന്റെ ശരിയായ പരിപ്രേക്ഷ്യത്തിൽ വെക്കുന്നു. നമ്മുടെ ശ്രദ്ധ എപ്പോഴും അന്തിമമായി അല്ലാഹുവിലാണ് എല്ലാറ്റിന്റെയും ഉടമസ്ഥാവകാശം സ്ഥിതിചെയ്യുന്നത് എന്ന കാര്യത്തിലേക്ക് ക്ഷണിക്കുന്നു. രണ്ടാമതായി നാം ചെയ്യുന്ന പ്രവൃത്തിയിൽ അനുഗ്രഹം തേടുന്ന ഒരു പ്രാർത്ഥനയായി അത് വർത്തിക്കുന്നു. ഇതുതന്നെയാണ് ഭക്ഷണത്തെ സംബന്ധിച്ച ഏറ്റവും പ്രധാനമായ തത്വവും. അതിനാൽ, നിഷിദ്ധമായ ആഹാരത്തെക്കുറിച്ചു വിവരിക്കുന്ന മിക്കവാറും എല്ലാ സൂക്തങ്ങളിലും വ്യക്തമായി പറയപ്പെട്ടിരിക്കുന്നത്. "അതിനാൽ നിങ്ങൾ അല്ലാഹുവിന്റെ വചനങ്ങളിൽ വിശ്വസിക്കുന്നവരാണെങ്കിൽ അവന്റെ നാമം ഉച്ചരിക്കപ്പെട്ടതിൽ നിന്ന് ഭക്ഷിച്ചുകൊള്ളുക. (6:119) എന്നാണ്. പിന്നെയും വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു.

''അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ ഭക്ഷിക്കരുത്. തീർച്ചയായും അത് അധർമ്മമാണ്. (6:122)

സർവ്വശക്തനായ അല്ലാഹുവാണ് മുഴു പ്രപഞ്ചത്തിന്റെയും ഉടമസ്ഥനും സ്രഷ്ടാവും എന്ന വസ്തുത നാം മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്താൽ അവന് അനുവദിക്കാനും നിഷിദ്ധമാക്കാനുമുള്ള അധികാരമുണ്ടെന്ന് നാം അംഗീകരിക്കേണ്ടി വരും. എന്തെന്നാൽ അവൻ എല്ലാം കാര്യങ്ങളും അറിയുന്നവനും ഏറ്റവും യുക്തിജ്ഞനുമാണ്.

ഇനി പന്നിമാംസത്തെക്കുറിച്ചു പ്രത്യേകമായി നാം നോക്കിയാൽ വിശുദ്ധ ഖുർആൻ നിഷിദ്ധമായ ഭക്ഷണ പദാർത്ഥങ്ങളെക്കുറിച്ചു പ്രത്യേക കല്പനകൾ നൽകിയിട്ടുണ്ടെന്നു മനസ്സിലാക്കാം. ഇത് ആശയക്കുഴപ്പം നിവാരണം ചെയ്യുന്നതിനാണ്. അവക്ക് വ്യക്തമായ പരിധിയും നിർണ്ണയിച്ചിട്ടുണ്ട്.

ശവവും രക്തവും പന്നിമാംസവും അല്ലാഹുവല്ലാത്തവരുടെ പേരിൽ വഴിപാടാക്കപ്പെട്ടവയും മാത്രമാണ് അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളത് (2:174). കൂടുതൽ വിശദമായി അത് ഇങ്ങനെ വിവരിച്ചിരിക്കുന്നു.

ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്ത (മറ്റുവല്ലിതിന്റെയും പേരിൽ അർപ്പിക്കപ്പെട്ടത്. ശ്വാസം

മുട്ടിച്ചത്തത്, വീണു ചത്തത്, കൊമ്പു കൊണ്ടു കുത്തിക്കൊല്ലപ്പെട്ടത്, ദുഷ്ട ജന്തുക്കൾ തിന്നു ബാക്കിയായത് (ജീവൻ പോകുന്നതിനുമുമ്പ് നിങ്ങൾ മുറ പ്രകാരം അറുക്കുന്നതൊഴിച്ച്) ബിംബ ങ്ങൾക്കുവേണ്ടി ബലിപീഠത്തിൽ അറു ക്കപ്പെട്ടത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ അമ്പുകൾ ഉപയോഗിച്ച് കുറിയിട്ട് ഓഹരിവെച്ചെടുക്കുന്നതും നിങ്ങൾക്ക് നിരോധിക്കപ്പെട്ടിരിക്കുന്നു. ഇത് (എല്ലാം) അധർമ്മമാകുന്നു. ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണ്ണമാക്കിത്തരികയും ഇസ്‌ലാമിനെ മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു (5:4).

പറയുക: എനിക്ക് ദൈവിക സന്ദേശമായി ലഭിച്ചതിൽ (മാംസം) ഭക്ഷിക്കുവാൻ ഉദ്ദേശിക്കുന്നവന് അവൻ ഭക്ഷിക്കുന്നതിന് വിലക്കപ്പെട്ടിട്ടുള്ളത്, ശവം അല്ലെങ്കിൽ ഒഴുക്കപ്പെട്ട രക്തം അല്ലെങ്കിൽ പന്നിമാംസം എന്നിവയാണ്. കാരണം അത് തീർച്ചയായും മലിനമാണ്. അല്ലെങ്കിൽ അല്ലാഹുവല്ലാത്ത മറ്റൊന്നിന്റെയെങ്കിലും പേരിൽ വഴിപാട് ചെയ്യപ്പെട്ട ധർമ്മ വിരുദ്ധമായ മാംസം (എന്നിവ) (6:146).

മേൽ സൂക്തങ്ങളിൽ സൂക്ഷ്മമായി ചിന്തിച്ചാൽ നമുക്ക് മനസ്സിലാവുന്നത് ചില പ്രത്യേക മാംസങ്ങളുടെ നിരോധനത്തിന്റെ ഒരു വശം അവയുടെ ശാരീരിക ഗുണങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ്. അതായത് രോഗം ബാധിച്ച മൃഗങ്ങളുടെ മാംസം, അല്ലെങ്കിൽ കുത്തിക്കൊല്ലപ്പെട്ടത് അല്ലെങ്കിൽ ചത്തത് (ഭക്ഷണത്തിനുവേണ്ടി അറുത്തതൊഴികെയുള്ള കാരണത്താൽ) എല്ലാം നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.

ഇതുകൂടാതെ നിരോധനത്തിന്റെ രണ്ടാമത്തെ വശം കുറെക്കൂടി വിപുലമായ ധാർമ്മികവും ആത്മീയവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഉദാഹരണമായി ദൈവനാമം ഉച്ചരിക്കാത്തതിന്റെ പേരിൽ മറ്റുവിധത്തിൽ അനുവദനീയമായത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. മറ്റൊരുദാഹരണം ഏതെങ്കിലും ബിംബങ്ങൾക്ക് വഴിപാടായി അറുക്കപ്പെട്ട മൃഗത്തിന്റെ മാംസം നിഷിദ്ധമായിത്തീരുന്നു. മറ്റു വിധത്തിൽ ആ മാംസം അനുവദനീയവും അറുക്കലിന്റെ എല്ലാ നിയമങ്ങളും പാലിക്കപ്പെട്ടതാണെങ്കിൽ കൂടി ഈ രണ്ടുദാഹരണങ്ങളിലും നിഷിദ്ധമാക്കപ്പെട്ടതിന്റെ കാരണം മൃഗങ്ങളുടെ ശാരീരികാവസ്ഥയിൽ മാറ്റമുണ്ടായിട്ടല്ല. ഇവിടെ ധാർമ്മികമായ അവസ്ഥയാണ് പരിഗണനീയം. അത്തരം ഭക്ഷണം മനുഷ്യന്റെ മാനസികക്രമത്തേയും ആത്മാവിനേയും ബാധിക്കുന്നു.

മതകാര്യങ്ങളിൽ ഈ ആത്മീയ വശത്തിനാണ് ഊന്നൽ കൊടുക്കപ്പെടുന്നത്. അല്ലാതെ വെറും ഭൗതികമായ അവസ്ഥയെയല്ല. ഇത് പല ഉദാഹരണങ്ങളാലും പ്രക്ടമാണ്. അപ്പോൾ ഒരു പ്രവൃത്തി സ്വയം പാപമോ നന്മയോ ആവുന്നില്ല. അത് ചെയ്യപ്പെടുന്ന സന്ദർഭത്തെ ആസ്പദമാക്കിയാണ് പാപമോ നന്മയോ ആയിത്തീരുന്നത്. ഉദാഹരണമായി, മതപരമായ പരിപ്രേക്ഷ്യത്തിൽ വിവാഹിതരല്ലാത്ത സ്ത്രീപുരുഷന്മാർ തമ്മിൽ ലൈംഗികബന്ധം പുലർത്തുന്നത് പാപകരമാണ്. വൈവാഹികബന്ധത്തിനുശേഷമാണ് ഇത് വരുന്നതെങ്കിൽ അത് സ്വീകാര്യമായിരിക്കും. നിരോധനത്തിന്റെ ഈ തത്വങ്ങൾ പന്നിമാംസത്തിനും ബാധകമാക്കുകയാണെങ്കിൽ അനുയോജ്യമായ സന്ദർഭങ്ങളിൽ ഈ ആജ്ഞക്കുള്ള കാരണങ്ങൾ കണ്ടെത്താൻ നമുക്കു സാധിക്കും. പന്നിമാംസം കഴിക്കുന്ന ആളുകളെ നിരീക്ഷിച്ചാൽ നമുക്ക് മനസ്സിലാക്കാം രോഗബാധിതമായ മാംസത്തിൽ നിന്നും വരുന്ന ഒരു രോഗം അവരെ ബാധിച്ചിട്ടില്ലെന്ന്. ഈ മാംസം മുമ്പൊക്കെ അവർക്ക് ഒരു ശാരീരിക പീഡനം കൂടിയായിരുന്നിരിക്കാം. എന്നാൽ ഇപ്പോഴത്തെ നിയന്ത്രണങ്ങളും ശുചിത്വവും കാരണം അവർക്ക് അതിൽനിന്നുമുണ്ടാവുന്ന രോഗസാധ്യത മറ്റേതു മൃഗത്തിൽ നിന്നും ഉണ്ടാവുന്നതു തന്നെയാണ്. അതുകൊണ്ട് മാംസത്തിന്റെ ഭൗതികമായ അവസ്ഥയല്ല നിയന്ത്രണത്തിനുള്ള കാരണം. അഗാധമായ ധാർമ്മിക പ്രശ്നങ്ങളാണ് പന്നിമാംസം കഴിക്കുന്നത് വിലക്കിയതിന്റെ പിന്നിൽ എന്നു കാണാം. അത് എടുത്തുകാട്ടുകയും മനസ്സിലാക്കുകയും വേണം. ഈ വിഷയസംബന്ധമായി ചർച്ച നടത്തിക്കൊണ്ട് ഹസ്രത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) പന്നികളിൽ മാത്രം കാണുന്ന മൂന്ന് സവിശേഷതകളാണ് അവയുടെ മാംസം നിരോധിച്ചതിന്റെ അടിസ്ഥാനമെന്ന് വിശദീകരിച്ചിരിക്കുന്നത്. അവ മതപരമായ വീക്ഷണത്തിൽ അധാർമ്മികതയായി കണക്കാക്കപ്പെടുന്നു.

അവ താഴെ പറയുന്നവയാണ്

(1) രണ്ട് ആൺ പന്നികൾക്കിടയിൽ ഒരു പെൺ പന്നി പെട്ടുകഴിഞ്ഞാൽ ആൺ പന്നികൾ ഒന്നിനുപിറകെ മറ്റൊന്നായി പെൺപന്നിയുമായി ഇണചേരുന്നു. ഇത് മറ്റു മൃഗങ്ങളിൽ നാം കാണാറില്ല. മറ്റു മൃഗങ്ങൾ തമ്മിൽ മത്സരിച്ച് ഒന്ന് മറ്റൊന്നിനെ കീഴ്പ്പെടുത്തുന്നു. ആ ജയിച്ച മൃഗമാണ് പെൺമൃഗവുമായി ഇണചേരുന്നത്.

(2) പന്നികൾ ലൈംഗികശമനം വരുത്താൻ സ്വവർഗ്ഗസംഭോഗം നടത്തുന്നു. ഈ സ്വഭാവം ചിലപ്പോൾ മറ്റു മൃഗങ്ങളിൽ എപ്പോഴെങ്കിലും കണ്ടേക്കാം. എന്നാൽ ഇക്കാര്യത്തിൽ പന്നികൾ കുപ്രസിദ്ധമാണ്.

(ഈ രണ്ടു കാര്യങ്ങൾ പന്നിയുടെ അടുക്കും മുറയുമില്ലാത്ത പ്രകൃതിയെ സൂചിപ്പിക്കുന്നു. മൃഗസാമ്രാജ്യത്തിൽ ഇത് തുല്യതയില്ലാത്തതാണ്. ഇന്നത്തെ വികസിത ലോകത്ത് ഈ സമ്പ്രദായങ്ങൾ ചില സ്ഥലങ്ങളിൽ സ്വീകരിക്കപ്പെട്ടു കാണുന്നു. ഒരു മതവും തന്നെ ഇത് ധാർമ്മികവും അനുവദനീയവുമായി കാണുന്നില്ല).

(3) സാധാരണഗതിയിൽ സസ്യഭുക്കുകളായ പന്നികൾ അവയുടെ സ്വന്തം കുഞ്ഞു ചത്താൽ അതിന്റെ ശവം തിന്നാൻ മടി കാണിക്കുന്നില്ല.

*(ശേഷം 33-ാം പേജിൽ)*

ലേഖനം

# തേനീച്ചയും തേനും

ഏ. എം.

## പുരാതന കാലം മുതൽക്കേ മനുഷ്യനു പരിചിതമായ അനുഗൃഹീത ഷഡ്പദമാണ് തേനീച്ച

പൗരാണിക കാലം മുതൽക്കേ മനുഷ്യന്റെ ആദരം നേടിയ കൊച്ചുപ്രാണിയാണ് തേനീച്ച. മിത്തുകളും ഇതിഹാസങ്ങളും കെട്ടുകഥകളും തേനീച്ചയെ പൊതിഞ്ഞുനിൽക്കുന്നു.

പുരാതന ഭാരതത്തിൽ ദൈവങ്ങളുടെ വിശുദ്ധ സഹചാരിയായി തേനീച്ച ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. ത്രിമൂർത്തികളിൽ ഒരാളായ വിഷ്ണു ഭഗവാൻ താമരദളത്തിൽ വിശ്രമിക്കുന്ന തേനീച്ചയായി പുരാണങ്ങളിൽ വർണിക്കപ്പെട്ടിരിക്കുന്നു. അതുപോലെ തേനീച്ചയെ ക്കൊണ്ട് കൊരുത്ത ഞാണുമായി വില്ല് കുലച്ച് നിൽക്കുന്ന കാമദേവനും ഭാരതേതിഹാസങ്ങളിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. തേൻ മധുരത്തോടൊപ്പം തേനീച്ചയുടെ ദംശനം ഏൽക്കേണ്ടിവരുന്നതുപോലെ കാമദേവൻ കാമവും ആനന്ദവും കൊണ്ടുവരുന്നതോടൊപ്പം വിഷമങ്ങളും ബുദ്ധിമുട്ടും കൊണ്ടുവരുന്നു എന്നതിന്റെ പ്രതീകാത്മകമായ വിവരണമായിരിക്കാം ഇത്.

പുരാതന ഈജിപ്തുകാർ തേനീച്ചയെ നിർഭയത്ത്വത്തിന്റെയും നിസ്വാർത്ഥതയുടെയും കഠിനാദ്ധ്വാനത്തിന്റെയും പ്രതീകമായും മരണത്തിന്റെയും ആപത്തിന്റെയും എതിരാളിയായും സങ്കൽപ്പിക്കുന്നു. തേനീച്ചയെ വൃത്തിയുടെയും ക്രമത്തിന്റെയും അടയാളമായി അവർ കണക്കാക്കി. ഫറോവമാർക്ക് രാജസന്നിധിയിലേക്ക് പരാതികൾ ബോധിപ്പിക്കുമ്പോൾ തേനീച്ചയുടെ ചിത്രം ഈജിപ്തുകാർ ആലേഖനം ചെയ്തിരുന്നു. കാരണം അത് വിധേയത്വത്തിന്റെ രാജചിഹ്നമായി അവർ കരുതി. പുരാതന ഈജിപ്തുകാർ നാടോടി ജീവിതത്തോടൊപ്പം തേനീച്ചകളേയും വഹിച്ചുകൊണ്ടുപോകാൻ ശീലിച്ചിരുന്നു. വസന്തകാലം ആരംഭിക്കുന്നതിനു മുമ്പ് താഴെ ഈജിപ്തിൽ നിന്നും നൈൽ നദി മുറിച്ച് കടന്ന് മേലെ ഈജിപ്തിലേക്ക് തേൻ കൂടുകളുമായി അവർ തോണികളിലൂടെ സഞ്ചരിക്കുമായിരുന്നു. കളിമണ്ണുകൊണ്ട് ചുട്ടെടുത്ത ഒരു തരം കൂട് അവർ ഇതിന്നായി ഉപയോഗിച്ചു. സഞ്ചാരസമയത്ത് തേനീച്ചകൾ പറന്നുപോകാതിരിക്കാൻ കൂടിന്റെ പ്രവേശനദ്വാരം ഒരു ചെറു കല്ലുകൊണ്ട് അടക്കുമായിരുന്നു.

പുരാതന അസീറിയ തേനിന്റെയും ഒലീവിന്റെയും ഭൂമിയായിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. ക്രിസ്തുവിന് 700 കൊല്ലം മുമ്പ് ജനിച്ച സാർഗൺ ചക്രവർത്തിയുടെ മൃതദേഹം മെഴുക് ലേപനം ചെയ്ത് തേനിൽ മുക്കി സൂക്ഷിച്ചിരുന്നു. അസീറിയക്കാർക്ക് കൂടുവിട്ട് പോകുന്ന തേനീച്ചകളെ ഒരു പ്രത്യേക ശബ്ദമുയർത്തി കൂട്ടിലേക്ക് തന്നെ പ്രത്യാനയിക്കാനുള്ള വിദ്യ വശമായിരുന്നു. ആധുനികകാലത്ത് ഇത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. 600 ഹെർട്സിൽ ഒരു വൈബ്രേറ്ററിലൂടെയോ ഉച്ചഭാഷിണിയിലൂടെയോ തേനീച്ചക്കൂടിൽ നിന്നും 60 മുതൽ 120 സെന്റിമീറ്റർ വരെ ദൂരത്ത് നിന്ന് ഉണ്ടാക്കുന്ന ശബ്ദം തേനീച്ചകളെ തേൻകൂടുകളിൽ തന്നെ മരവിപ്പിച്ച് നിർത്താൻ സാധിക്കുന്നു എന്ന വസ്തുത അസീറിയക്കാരുടെ, ശബ്ദം മുഖേന തേനീച്ചയെ നിയന്ത്രിക്കുന്ന വിദ്യയെ സാധൂകരിക്കുന്നുണ്ട്. മാസിഡോണിയായിലെ അലക്സാണ്ടർ ചക്രവർത്തി മധ്യപൗരസ്ത്യദേശത്ത് വെച്ച് മരിക്കുമ്പോൾ തന്റെ മൃതദേഹം തേനിൽ നിമഞ്ജനം ചെയ്ത് ഗ്രീസിലേക്ക് കൊണ്ടുപോകണമെന്ന് ഒസ്യത്ത് ചെയ്തു. ഈജിപ്തിലും ഗ്രീസിലും പുരാതന കാലത്ത് മൃതദേഹം കേടുകൂടാതെ സൂക്ഷിക്കാൻ തേൻ ഉപയോഗിച്ച് 'എംബാം' ചെയ്യുമായിരുന്നു. 12–ാം നൂറ്റാണ്ടിലെ അറബ് വൈദ്യജ്ഞനും സഞ്ചാരിയുമായ അബ്ദുൽലത്തീഫ്, ഗിസായിലെ പിരമിഡിനടുത്ത് ഭദ്രമായടച്ച ഒരു ഭരണി

യിൽ തേനിച്ച സൂക്ഷിച്ച ഒരു കൊച്ചുകുഞ്ഞിന്റെ ജീർണ്ണി ക്കാത്ത മൃതശരീരം കണ്ടെടുക്കപ്പെട്ടതായി രേഖപ്പെടുത്തി യിട്ടുണ്ട്.

ചരിത്രത്തിന്റെ പിതാവെന്നറിയപ്പെടുന്ന ഹെറോഡോ ട്ടസ്, സിറിയക്കാർ തേനും മെഴുകും വിപണനം ചെയ്ത തായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയിരം വർഷങ്ങൾക്കു മുമ്പ് റഷ്യൻ രാജാവായ ഒലിഗയും ബൈസന്റിയൻ രാജാവും തമ്മിൽ ഉണ്ടാക്കിയ വ്യാപാരക്കരാറിലെ മുഖ്യ കൈമാറ്റ ഉൽപന്നം തേനും മെഴുകുമായിരുന്നു. (എ.ഡി. 911). അരിസ്റ്റോട്ടിലായിരുന്നു തേനീച്ചകളെക്കുറിച്ച് ആദ്യ മായി ഗവേഷണം നടത്തിയത്. അദ്ദേഹത്തിന്റെ പരീക്ഷ ണനിരീക്ഷണങ്ങൾക്കു ശേഷം എഴുതിയ 'ഹിസ്റ്ററി ഓഫ് ആനിമൽസ്' എന്ന പുസ്തകത്തിൽ ആയുസ് വർദ്ധിപ്പി ക്കാനുള്ള തേനിന്റെ ശേഷിയെക്കുറിച്ച് പ്രതിപാദനമുണ്ട്. ലോകം കണ്ടതിൽ വെച്ചേറ്റവും വലിയ വൈദ്യശാസ്ത്ര വിജ്ഞാനിയായ ഇബ്നുസീന തേനീച്ചയുടെ ജീവിതത്തെ ക്കുറിച്ചും തേനിന്റെ ഔഷധഗുണങ്ങളെക്കുറിച്ചും അൽഖാനൂൻ എന്ന ബൃഹദ്ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഗ്രീക്ക് തത്വചിന്തകനായ ഡമോക്രാറ്റസും വൈദ്യശാസ്ത്ര ത്തിന്റെ പിതാവെന്നറിയപ്പെടുന്ന ഹിപ്പോക്രാറ്റസും റോമൻ വൈദ്യശാസ്ത്ര പണ്ഡിതനായ ഗാലനും തേനിന്റെ രോഗ ശമനങ്ങളെക്കുറിച്ച് ഊന്നിപ്പറഞ്ഞവരാണ്.

പുരാതന കാലം മുതൽക്കുതന്നെ തേൻ മെഴുക് കലാ രംഗത്ത് ഉപയോഗിച്ചുവരുന്നു. പെയിന്റിംഗിന്റെ ചാരുത നിലനിർത്താനും വർണ്ണശോഭപകരാനും മെഴുക് ഉപയോ ഗിച്ചിരുന്നു. മെഴുക് ലേപനം ചെയ്ത കലാവസ്തുക്കൾ ദീർഘകാലം നിലനിൽക്കുമെന്ന് പുരാവസ്തു ശാസ്ത്രം തെളിയിക്കുന്നു. എ.ഡി. 79 ആഗസ്റ്റ് 24-ന് പൊട്ടിത്തെ റിച്ച വെസുവിയസ് അഗ്നിപർവതത്തിന്റെ ചാരക്കൂമ്പാര ത്തിൽ പെട്ടുപോയ ഒരു മെഴുക് ചിത്രം നൂറ്റാണ്ടുകൾക്ക് ശേഷവും നിറം മങ്ങാതെ ലഭിക്കുകയുണ്ടായി.

നെപ്പോളിയൻ ബോണപ്പാർട്ട് തേനീച്ചകളുടെ ആരാ ധകനായിരുന്നു. അദ്ദേഹം തേനീച്ചയുടെ സാമൂഹിക ജീവിതത്തെ കുറിച്ച് സൂക്ഷ്മമായി പഠിക്കുകയും ഒരു രാഷ്ട്രത്തിന്റെ ഘടന അതിൽ ദർശിക്കുകയും ചെയ്തു. മാതൃകാപരമായ സാമൂഹ്യശ്രേണി, കൂട്ടായ്മ, റാണിയോ ടുള്ള വിധേയത്വം തുടങ്ങിയ തേനീച്ചയുടെ ജീവിത ത്തിലെ ഇത്തരം മഹത്തായ സാമൂഹ്യഗുണങ്ങൾ അദ്ദേ ഹത്തെ ഹഠാദാകർഷിച്ചു. നെപ്പോളിയൻ, തേനീച്ചയെ തന്റെ രാഷ്ട്രത്തിന്റെ ദേശീയ ചിഹ്നമാക്കുകയുണ്ടായി.

വിശ്വപ്രശസ്ത റഷ്യൻ നോവലിസ്റ്റ് ലിയോ ടോൾസ്റ്റോയ് തേനീച്ചയെ അഗാധമായി സ്നേഹിച്ച വ്യക്തിയായിരുന്നു. ടോൾസ്റ്റോയിയുടെ ഭാര്യസോഫിയ ആന്ദ്രീവ്ന ഭർത്താവിന്റെ അതിരുകടന്ന തേനീച്ച ഭ്രമത്തെ പറ്റി തന്റെ ഡയറിക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'എല്ലാ മനുഷ്യരും തേനീച്ച വളർത്തുകാരായിരുന്നെങ്കിൽ' എന്ന ദ്ദേഹം ആഗ്രഹിച്ചിരുന്നു. ടോൾസ്റ്റോയിയുടെ മിക്ക നോവ ലുകളിലും തേനീച്ചയെക്കുറിച്ച് പരാമർശങ്ങളുണ്ട്. കമ്മ്യൂ ണിസ്റ്റ് ആചാര്യനായ കാറൽ മാക്സ് തേനീച്ചയെക്കുറിച്ച് പറഞ്ഞത് ശ്രദ്ധേയമാണ്. ''തേനീച്ച അതിന്റെ മെഴുകു കോശ നിർമ്മാണ വിദ്യയിൽ മനുഷ്യനിലെ വാസ്തുശി ല്പിയെ ലജ്ജിപ്പിക്കുന്നു. വസതി നിർമ്മാണത്തിൽ വൈദഗ്ധ്യം കുറഞ്ഞ മനുഷ്യശില്പിയേക്കാൾ അതിവിദ ഗ്ധരായ തേനീച്ചകളെ വേർതിരിച്ചു നിർത്തുന്ന ഘടകം, മനുഷ്യൻ അവന്റെ നിർമ്മാണ കല ആരംഭിക്കുന്നതിനു മുമ്പ് അതിനുള്ള ആശയം തലച്ചോറിൽ രൂപം കൊള്ളുന്നു എന്നതാണ്."

**വൈദ്യശാസ്ത്ര മൂല്യം**

"അവയുടെ (തേനീച്ച) വയറുകളിൽ നിന്ന് വിവിധ വർണ്ണങ്ങളോടുകൂടിയ ഒരു പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്." (വിശുദ്ധ ഖുർ ആൻ 16:70).

തേനിന്റെ ഔഷധമൂല്യം നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ മനുഷ്യൻ ഗ്രഹിച്ചിരുന്നു. തേനിനെക്കുറിച്ചുള്ള ഖുർ ആന്റെ ഈ പരാമർശം കാരണം അറബിവൈദ്യത്തിൽ തേനിന്റെ ഉപയോഗം ഏറ്റവും വ്യാപകമായിരുന്നു. ഇബ്നു സീന അൽഖാനൂനിൽ എഴുതുന്നു: ''ജലദോഷം, ദഹന ക്കേട്, വായുക്ഷോഭം മുതലായ അസുഖങ്ങൾക്ക് തേൻ ശമനം നൽകുന്നതാണ്. അതുപോലെ വിശപ്പു വർദ്ധിപ്പി ക്കാനും ഉന്മേഷത്തിനും യൗവനം നിലനിർത്താനും ബുദ്ധികൂർമ്മത ഉണ്ടാക്കാനും നാവിന്റെ ആയാസം കുറ യ്ക്കാനും തേൻ ഏറ്റവും നല്ല ഔഷധമാണ്." നിരവധി രോഗങ്ങൾക്ക് ഇബ്നുസീന തേൻ ശിപാർശ ചെയ്തിട്ടു ണ്ട്.

നാടൻ വൈദ്യത്തിലും തേനിനുള്ള സ്ഥാനം അദ്വി തീയമാണ്. ആധുനിക വൈദ്യശാസ്ത്രം തേനിന്റെ ഔഷ ധമൂല്യം അനിഷേധ്യമായി വെളിപ്പെടുത്തിയിട്ടുണ്ട്. കാട്ടു തേൻ പോലും ശിശുക്കൾക്കോ ഗർഭിണികൾക്കോ കൊടു ക്കുന്നതിൽ ഭയക്കേണ്ടതില്ല.

ഹൃദയത്തിന്റെ പ്രവർത്തനത്തിന് ഗ്ലൂക്കോസ് ഒരു പ്രധാന ഘടകമാണ്. തേനിലെ ഗ്ലൂക്കോസ് അതിവേഗം സ്വാംശീകരിക്കപ്പെടുന്നു. ദുർബലരായ ഹൃദയപേശികളു ള്ളവർക്കും ഹൃദ് രോഗമുള്ളവർക്കും തേൻ നല്ലൊരു ഔഷ ധമാണ്. പ്രമേഹരോഗികൾക്ക് വരെ തേൻ കഴിക്കാവുന്ന താണ്. തേൻ ധമനികളെ വികസിപ്പിക്കുകയും രക്തചം ക്രമണത്തെ ത്വരിതപ്പെടുത്തുകയും ചെയ്യും. ഹൃദ് രോഗി കൾ ഏകദേശം 70 ഗ്രാം തേൻ രണ്ടു മാസം തുടർച്ച യായി സേവിക്കുകയാണെങ്കിൽ രക്തത്തിൽ ഹീമോഗ്ലോ ബിന്റെ അളവ് വർദ്ധിക്കുകയും രക്തത്തിലെ രാസഘടന സാധാരണ നിലയിലാവുകയും ചെയ്യും.

'ഹൈപ്പർ അസിഡിറ്റി മൂലം, വയറിൽ ഉണ്ടാവുന്ന ഗ്യാസക്ട്രിക്ക് അൾസറിന് തേൻ ഏറ്റവും നല്ല ഔഷധന മാണ്. ജനറൽ ടോണിക്കായും തേൻ ഉപയോഗിക്കാവു

ന്നതാണ്.

നാഡിസംബന്ധമായ രോഗങ്ങൾക്കും തേൻ അത്യുത്തമമാണ്. ഉറക്കമില്ലായ്മ, തലവേദന മുതലായ രോഗങ്ങൾക്ക് തേൻ ഏറ്റവും നല്ല മരുന്നായി ഉപയോഗിക്കാം. ഇബ്നുസീന കണ്ണ് രോഗങ്ങൾക്ക് തേൻ നിർദ്ദേശിച്ചിട്ടുണ്ട്. തേൻ, ഉള്ളിയോ ഗോതമ്പ് പുല്ലോ ചേർത്ത് സേവിച്ചാൽ കണ്ണ് രോഗങ്ങൾ സുഖപ്പെടുമെന്ന് അദ്ദേഹം ശിപാർശ ചെയ്യുന്നു.

തേനിനെ പഞ്ചസാരയുമായി താരതമ്യം ചെയ്യുമ്പോൾ പഞ്ചസാരയിൽ മുഖ്യമായും കാർബോഹൈഡ്രേറ്റാണ് അടങ്ങിയിരിക്കുന്നത്. അത് ശരീരത്തിന് പ്രവൃത്തി ചെയ്യാനുള്ള ഊർജ്ജം പ്രദാനം ചെയ്യുന്നില്ല. എന്നാൽ ശരീരവളർച്ചക്കും ശാരീരിക പ്രവർത്തനങ്ങൾക്കും ആവശ്യമായ 80ലധികം ഘടകങ്ങൾ തേനിലുണ്ട്.

വ്രണങ്ങൾ ഉണക്കുവാൻ തേനിനുള്ള കഴിവ് പരക്കെ അംഗീകരിക്കപ്പെട്ടതാണ്. ഇബ്നുസീന തേൻകൊണ്ടുണ്ടാക്കിയ ഒരപ്പം മുറിവ് ചികിത്സക്കുപയോഗിച്ചിരുന്നു.

ആധുനികകാലത്ത് തേനിന്റെ ഔഷധമൂല്യം വർദ്ധിപ്പിക്കാൻ ചില ലായനികളുപയോഗിച്ച് തേനുണ്ടാക്കുന്ന സമ്പ്രദായം റഷ്യയിലും ചില യൂറോപ്യൻ നാടുകളിലുമുണ്ട്. ഇതിനെ എക്സ്പ്രസ് രീതി എന്നാണ് പറയുന്നത്. ചില മരുന്നുകളും വർണ്ണങ്ങളും ചേർത്ത ലായനിയിൽ മധുരവും കലർത്തി തേനീച്ചക്കൂടിനടുത്ത് പാത്രത്തിൽ വെച്ചാൽ ഒരു ഫാർമസിസ്റ്റിന് ചേരുവകൾ എഴുതിക്കൊടുത്താൽ മരുന്ന് തയ്യാറാക്കുന്നതുപോലെ തേനീച്ച, ലായനിയിൽ നിന്നും ഔഷധഗുണമുള്ള തേൻ ഉത്പാദിപ്പിക്കുന്നു. ഈ തേൻ വിവിധതരം രോഗങ്ങൾക്ക് ഔഷധമായുപയോഗിച്ചുവരുന്നു.

ചുരുക്കത്തിൽ തേനീച്ച ആദികാലം മുതൽ തന്നെ മനുഷ്യന്റെ സജീവ ശ്രദ്ധയും കൗതുകവും പിടിച്ചുപറ്റി. ആധുനിക ശാസ്ത്രം ഈ കൊച്ചുജീവിയുടെ ജീവിതത്തെക്കുറിച്ചു കൂടുതൽ അറിവുകൾ അനാവരണം ചെയ്യുമ്പോൾ നാം കൂടുതൽ വിസ്മയം കൊള്ളുകയും ദൈവത്തിന്റെ സൃഷ്ടിവൈഭവത്തെ വാഴ്ത്തിപ്പോവുകയും ചെയ്യുന്നു. തേനീച്ചയുടെ സേവനം വിവരിച്ചുകൊണ്ട് ഖുർആൻ പറഞ്ഞ ഒരുവാചകമുദ്ധരിച്ച് ഇത് അവസാനിപ്പിക്കട്ടെ. ''നിശ്ചയം ചിന്തിക്കുന്ന ജനങ്ങൾക്ക് അതിലൊരു ദൃഷ്ടാന്തമുണ്ട്.'' (16:70)

■

*(30 -ാം പേജിൽ നിന്ന് തുടർച്ച)*

എന്നാൽ മറ്റുമൃഗങ്ങളിൽ മാംസഭുക്കുകളായവ പോലും അവയുടെ സ്വന്തം കുഞ്ഞിനെ ഭക്ഷിക്കുന്നില്ല.

ഈ മൂന്നു പ്രത്യേകതകളും ലൈംഗികമായതോ ഭക്ഷണക്രമവുമായി ബന്ധപ്പെട്ടതോ ആവട്ടെ അധാർമ്മികതയായി പരിഗണിക്കപ്പെടുന്നു. ഇതിന്റെ ഒരു വശം ഒടുങ്ങാത്ത അത്യാഗ്രഹമാണ്. മതപരമല്ലാത്ത നിലക്കും ആരും ഇഷ്ടപ്പെടാത്ത ഒരു ഗുണമാണിത്. ഇംഗ്ലീഷ് പഴഞ്ചൊല്ലിൽ 'പന്നിയെപ്പോലെ അത്യാഗ്രഹി' എന്നൊരു ശൈലി ഈ തിരിച്ചറിവിന്റെ ഫലമാണ്.

ഇസ്ലാമിലും ജൂതമതത്തിലും (അതുപോലെ ക്രിസ്തുമതത്തിലും – അതിന്റെ തനിരൂപത്തിൽ) ഈ പ്രത്യേകതകൾക്കെതിരിൽ തുറന്നതും ശക്തവുമായ പ്രതിഷേധമാണ് പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നത്. ഈ പ്രതിഷേധത്തിന്റെ ശക്തവും ദൃശ്യവുമായ പ്രതീകാത്മകത ഇത്തരം പ്രത്യേകതകളുള്ള ഒരു മൃഗത്തിന്റെ മാംസം ഭക്ഷിക്കുന്നതിനെ നിരോധിക്കുന്നു. ഈ നിരോധനം ഇസ്ലാമിൽ കാണുന്നത് അതിന്റെ മാംസം ഭക്ഷിക്കുന്നതിലല്ല. കൂടുതൽ പ്രതിഷേധം ആ മൃഗത്തിന്റെ സ്വഭാവത്തോടാണ്. പന്നിമാംസത്തിന്റെ ഭൗതികഗുണങ്ങളോടല്ല,, പന്നിമാംസം തിന്നുന്ന ഒരാളിൽ പന്നിയുടെ ഈ സ്വഭാവങ്ങൾ നിർബ്ബന്ധമായും പകരുന്നുവെന്ന് ഒരിക്കലും അവകാശപ്പെടുന്നില്ല. പന്നിമാംസം തിന്നാത്ത ഒരാളിൽ ഈ സ്വഭാവം ഉണ്ടാവുന്നില്ല എന്നും പറയുന്നില്ല. ചിലപ്പോൾ അവ കുറവായേക്കാം. എന്നാൽ ആത്മാവിന്മേൽ ഇതിന്റെ പ്രതികരണം ഉണ്ടാകുന്നതാണ്. ഒരാൾ അല്ലെങ്കിൽ ഒരുവൾ കാണുന്നതും കേൾക്കുന്നതും ചെയ്യുന്നതും തിന്നുന്നതുമെല്ലാം മനുഷ്യാത്മാവിൽ സ്വാധീനം ചെലുത്തുന്നു. ആത്മീയമായ വീക്ഷണത്തിൽ ഏറ്റവും സുരക്ഷിതമായിട്ടുള്ളത് പരിശുദ്ധമായത് ഭക്ഷിക്കുക എന്നതാണ്. പന്നിമാംസം തിന്നുന്നതിനെ നിരോധിച്ച രണ്ടുമതങ്ങൾ ജൂതമതവും ഇസ്ലാം മതവുമാണ്. അവസാനമായി വന്ന മൂന്നു മതങ്ങളിൽ രണ്ടെണ്ണമാണിവ എന്ന വസ്തുത ഈ രണ്ടു മതങ്ങളും മറ്റു മതങ്ങളിൽ നിന്ന് വ്യത്യസ്തമായി നിലകൊള്ളുന്നത് അവയുടെ സുനിശ്ചിതവും കറകളഞ്ഞതും വഴങ്ങാത്തതുമായ ഏകദൈവവിശ്വാസത്തിലാണ്. അവരുടെ മതം വളരുന്തോറും ഏകദൈവവിശ്വാസം പ്രചരിക്കുന്നു. അതിനാൽ എല്ലാം അറിയുന്ന യുക്തിജ്ഞനായ ദൈവം അവയുടെ അതുല്യത പന്നിമാംസനിരോധനം മൂലം വളർത്തുന്നു.

ചുരുക്കത്തിൽ പന്നിമാംസം നിരോധിക്കപ്പെട്ടത് താഴെ കൊടുക്കുന്ന മൂന്ന് കാരണങ്ങളാലാണ്.

(1) ദൈവത്തിന്റെ ഉടമസ്ഥാവകാശം പ്രകടിപ്പിക്കുന്നതിൽ

(2) പന്നിയുടെ ജുഗുപ്സാവഹവും അധാർമ്മികവുമായ സ്വഭാവങ്ങൾക്കെതിരിൽ തുറന്ന പ്രതിഷേധം, അതിന്റെ മാംസം ബഹിഷ്കരിച്ചുകൊണ്ട്.

(3) ഈ സ്വഭാവങ്ങൾ മനുഷ്യരിൽ പകരാൻ സാധ്യതയുള്ളതിനാൽ.

**Review of Religions**
**March, 2005**
**വിവ: കെ.വി. ഹസ്സൻകോയ**

■

## ലേഖനം

# ഹദ്റത്ത് ഈസാ (അ) ഹദ്റത്ത് അഹ്മദ് (അ) സാദൃശ്യങ്ങൾ

**ഹഫീസാ ഉമർ**

രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ദിവംഗതനായ യേശു അഥവാ ഈസാനബി(അ) സശരീരം വീണ്ടും വരുമെന്ന് ക്രിസ്ത്യാനികളും മുസ്ലിംകളും വിശ്വസിക്കുന്നു. എന്നാൽ അനിഷേധ്യമായ അടയാളങ്ങളുടെ നിറവിൽ യഥാകാലം യേശുവിന്റെ അഥവാ ഈസബ്നു മർയമിന്റെ രണ്ടാം വരവ് സംഭവിക്കുകയുണ്ടായി. അത് ദൈവത്തിന്റെ വാഗ്ദാനമായിരുന്നതിനാൽ നടക്കാതെ പോവില്ല. ഭാരതത്തിലെ ഖാദിയാനിലെ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ആയിരുന്നു അവസാനകാലത്ത് ഈസാ നബിക്ക് സദൃശനായി അവതരിക്കുമെന്ന് പറയപ്പെട്ട മഹാത്മാവ്. മത ഗുരുക്കന്മാരെ എളുപ്പത്തിൽ ജനം തിരിച്ചറിയില്ല എന്നത് ചരിത്രത്തിന്റെ നിയമമാണ്. മതഗ്രന്ഥങ്ങളുടെ തെറ്റായ പാരായണവും അലങ്കാരോക്തികൾ അക്ഷരാർത്ഥത്തിൽ പുലരണമെന്ന ശാഠ്യവുമാണ് ഈസബ്നുമർയമിന്റെ രണ്ടാം വരവ് സംഭവിച്ചിട്ടും അതിൽ വിശ്വസിക്കുന്നതിൽ നിന്നും ക്രിസ്ത്യാനികളേയും മുസ്ലിംകളേയും തടയുന്നത്. വ്യക്തവും അനിഷേധ്യവുമായ തെളിവുകൾക്ക് പുറമെ മതഗ്രന്ഥങ്ങളുടെ ഉപമകളേയും അലങ്കാരങ്ങളേയും സാദൃശ്യവചനങ്ങളേയും സംബന്ധിച്ച് അവർ ചിന്തിക്കുന്നില്ല.

വിശുദ്ധ ഖുർആൻ ഇത് സംബന്ധിച്ച് പറയുന്നു.

ഇബ്നു മർയമിനെപറ്റിയുള്ള ഉപമയെക്കുറിച്ച് പറയപ്പെടുമ്പോൾ നിന്റെ ജനത ആരവം മുഴക്കുന്നു (43:58)

ഇവിടെ ഉപമ എന്ന വാക്കിനു 'മഥലൻ' എന്ന പദമാണുപയുക്തമായിട്ടുള്ളത്. വിശുദ്ധ ഖുർആനിൽ അസംഖ്യം സ്ഥലങ്ങളിൽ ഉപമ, ഉദാഹരണം, സദൃശത എന്നീ അർത്ഥങ്ങളിൽ 'മഥലൻ' എന്ന വാക്ക് പ്രയോഗിക്കപ്പെട്ടിട്ടുണ്ട്.

> **മതഗ്രന്ഥങ്ങളുടെ തെറ്റായ പാരായണവും അലങ്കാരോക്തികൾ അക്ഷരാർത്ഥത്തിൽ പുലരണമെന്ന ശാഠ്യവുമാണ് ഈസബ്നുമർയമിന്റെ രണ്ടാം വരവ് സംഭവിച്ചിട്ടും അതിൽ വിശ്വസിക്കുന്നതിൽ നിന്നും ക്രിസ്ത്യാനികളേയും മുസ്ലിംകളേയും തടയുന്നത്.**

ഉപര്യുക്ത വചനത്തിലും ഇബ്നു മർയമിന്റെ ഉപമയ്ക്കെതിരെ അദ്ദേഹം ഈസാ നബിയുടെ സദൃശ്യനായി വരുന്ന ആളായിരിക്കുമെന്ന് വ്യക്തമാക്കുന്നു. അങ്ങനെ ഈസ്ബ്നു മറിയമിന്റെ സദൃശ്യനെക്കുറിച്ച് പ്രസ്താവിക്കപ്പെടുമ്പോൾ 'നിന്റെ ജനത' അതായതു റസൂൽ തിരുമേനിയുടെ സമുദായത്തിൽ പെട്ട ജനങ്ങൾ പരിഹസിക്കുകയും കൈകൊട്ടിച്ചിരിക്കുകയും ചെയ്യുന്നു. കളിയാക്കുക, കൈകൊട്ടുക, ആരവം മുഴക്കുക എന്ന അർത്ഥത്തിൽ 'തസ്ദിയത്തുൻ' എന്ന വാക്ക് വിശുദ്ധ ഖുർആനിൽ കാണപ്പെടുന്നു. (8:36)

ചുരുക്കത്തിൽ ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ്, ഹദ്റത്ത് ഈസാനബിയുടെ സദൃശ്യനായി ചിത്രീകരിക്കപ്പെടുമ്പോൾ മുസ്ലിംകൾ കൂകിയും ആരവം കൂട്ടിയും പരിഹസിക്കുന്ന കാര്യം ഇവിടെ സൂചിപ്പിക്കുന്നു.

വിശുദ്ധ ഖുർആൻ ഹദ്റത്ത് മുഹമ്മദു മുസ്തഫ (സ) തിരുമേനിയെ ഹദ്റത്ത് മൂസാനബി(അ)യുമായി സദൃശീകരിച്ചു കൊണ്ടു പറയുന്നു.

''ഫിർഔന്റെ അടുക്കലേക്ക് നാം

ഒരു ദൂതനെ അയച്ചത് പോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു.” (73:136)

ഫിർഔന്റെ അടുക്കലേക്കയക്കപ്പെട്ട ദൂതൻ ഹ:മൂസാ നബിയുടെ ജീവിതവും വിശുദ്ധ ഖുർആന്റെ അഭിസംബോധകർക്കായി നിയുക്തനായ ഹദ്റത്ത് മുഹമ്മദ് നബിയുടെ ജീവിതവും തുലനം ചെയ്തു നോക്കുകയാണെങ്കിൽ കാണപ്പെടുന്ന സാദൃശ്യതകൾ വളരെ വ്യക്തമാണ്.

ഹദ്റത്ത് മൂസാ നബി(അ) ശത്രുക്കൾക്കെതിരായി യുദ്ധം ചെയ്തിരുന്നു. അതേ പ്രകാരം റസൂൽ തിരുമേനി(സ)യും മക്കയിൽ നിന്ന് ഹിജ്റത്ത് ചെയ്തതിന്നുശേഷം ശത്രുക്കൾ അദ്ദേഹത്തെ പിന്തുടർന്നു കൊണ്ടിരിക്കുകയും അദ്ദേഹത്തിന്നും അനുചരന്മാർക്കുമെതിരിൽ വാളോങ്ങുകയും ചെയ്തപ്പോൾ മുസ്‌ലിംകളുടെ സംരക്ഷണത്തിന്നും പ്രതിരോധത്തിന്നുമായി ഹദ്റത്ത് മൂസാനബിയെപ്പോലെ നബി തിരുമേനിക്കും വാളോങ്ങേണ്ടി വന്നിട്ടുണ്ട്.

ഹദ്റത്ത് മൂസാ നബി(അ)ക്ക് അല്ലാഹുവിൽ നിന്നു ന്യായപ്രമാണം ലഭിച്ചിരുന്നത് പോലെ ഹദ്റത്ത് മുഹമ്മദു നബി(സ)ക്കും അല്ലാഹുവിൽ നിന്ന് പരിപൂർണ്ണ ന്യായപ്രാണമായ വിശുദ്ധ ഖുർആൻ നൽകപ്പെട്ടു.

ഇതുപോലുള്ള സാദൃശ്യത ഈ കാലത്ത് ഹസ്റത്ത് ഈസാനബി(അ)യുടെ പ്രതിരൂപമായി, പ്രവചനങ്ങൾക്കനുസൃതമായി അവതീർണ്ണരായ ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)യിലും വ്യക്തമായി ദൃശ്യമാകുന്നു.

1. ഹദ്റത്ത് മൂസാനബിക്ക് (അ) ശേഷം പതിനാലാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ തന്നെ മസീഹായി ഇബ്നു മർയം ഇസ്രായിൽ ജനതയിൽ അവതരിച്ചിരുന്നത് പോലെ ഹദ്റത്ത് മുഹമ്മദ് നബി(സ)ക്ക്ശേഷം പതിനാലാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ തന്നെ ഉമ്മത്തിൽ വ ഇമാമുക്കും മിൻക്കും (സഹിഹ് ബുഖാരി) ആയിട്ടു ഹഃ അഹ്മദ് (അ) അല്ലാഹുവിൽ നിന്നും നിയുക്തനായി.

2. ഹദ്റത്ത് മൂസാനബി(അ)യുടെ ന്യായപ്രമാണത്തിൽ ഒരു വിധത്തിലുള്ള മാറ്റവും വരുത്താതെ ഹ: ഈസബ്നുമർയം ആഗതനായി. അദ്ദേഹം പറയുന്നു.

''ഞാൻ ന്യായപ്രമാണത്തേയോ പ്രവാചകന്മാരേയോ നീക്കേണ്ടതിന്നു വന്നു എന്ന് നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്” (മത്തായി 5:17)

ഇതേപ്രകാരം ഹദ്റത്ത് മുഹമ്മദ് നബിയുടെ ന്യായപ്രമാണത്തിൽ ഒരു വള്ളിക്കോ പുള്ളിക്കോ മാറ്റം വരുത്താതെ ഹദ്റത്ത് അഹ്മദ് (അ) ആ ന്യായ പ്രമാണത്തിന്നധീനായി അതിന്റെ സേവകനായിട്ടവതീർണ്ണനായി. അദ്ദേഹം അരുൾ ചെയ്തു.

“ഏതൊരു അഞ്ചു കാര്യങ്ങളിൽ ഇസ്‌ലാം അധിഷ്ഠിതമായിട്ടുണ്ടോ അതു തന്നെയാണ് ഞങ്ങളുടെ വിശ്വാസം. ദൈവവചനമായ വിശുദ്ധ ഖുർആന്റെ ആഹ്വാനങ്ങളനുസരിച്ചു ഞങ്ങൾ ജീവിക്കുന്നു. ഹദ്റത്ത് ഉമർ ഫാറൂഖ്(റ)നെപ്പോലെ ഞങ്ങൾക്ക് ഹസ്ബുനാ കിതാബുല്ലാഹി – ഞങ്ങൾക്ക് അല്ലാഹുവിന്റെ ഈ ഗ്രന്ഥം മതി എന്നും ഹദ്റത്ത് ആയിശാ (റ)യെപ്പോലെ ഹദീസിന്നും ഖുർആന്നുമിടയിൽ അഭിപ്രായ വ്യത്യാസങ്ങളും പരസ്പര വൈരുദ്ധ്യങ്ങളും വരുമ്പോൾ ഞങ്ങൾ വിശുദ്ധ ഖുർആന്നു മുൻഗണന നൽകുന്നതാണെന്നും ഞങ്ങൾ വ്യക്തമാക്കുന്നു.... അല്ലാഹു വിശുദ്ധ ഖുർആനിൽ പ്രസ്താവിച്ചതും റസൂൽ തിരുമേനി(സ) അരുൾ ചെയ്തതും എല്ലാം തന്നെ സത്യമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇസ് ലാം ശരീഅത്തിൽ (ന്യായപ്രമാണത്തിൽ) നിന്നും ഒരു അണുമണിത്തൂക്കമെങ്കിലും കുറവു വരുത്തുകയും അല്ലെങ്കിൽ ഒരു അണുമാത്രമെങ്കിലും അധികപ്പെടുത്തുകയും കടമകളെ ഉപേക്ഷിക്കുകയും ബിദ്അത്തിനുള്ള അടിസ്ഥാനമിടുകയും ചെയ്യുന്ന ആൾ അവിശ്വാസിയും ഇസ്‌ലാമിൽ നിന്ന് നിഷ്കാസിതനുമാണ്... ചുരുക്കത്തിൽ വിശ്വാസപരമായും കർമ്മപരമായും ഏകോപിച്ച അഭിപ്രായമുള്ള എല്ലാ കാര്യങ്ങളിലും വിശ്വാസമർപ്പിക്കേണ്ടത് നിങ്ങളുടെ കടമയത്രെ. ഇതുതന്നെയാണ് ഞങ്ങളുടെ മതം എന്ന് ആകാശഭൂമികളെ സാക്ഷി നിറുത്തിക്കൊണ്ടു ഞാൻ പറയുന്നു. ഈ വിശ്വാസപ്രഖ്യാപനത്തിന്നുശേഷം ഇതിന്നെതിരായി ഞങ്ങളെക്കുറിച്ച് ദുരാരോപണങ്ങൾ നടത്തുന്നവർ തഖ്‌വയെയും വിശ്വസ്തതയെയും പരിത്യജിച്ചവരാണ്. പുനരുത്ഥാന നാളിൽ ഞങ്ങളുടെ പ്രസ്തുത ഏറ്റുപറച്ചിലിന്നെതിരായി ഞങ്ങൾ അവരോടു എപ്പോഴാണ് നിങ്ങൾ ഞങ്ങളുടെ നെഞ്ചു പിളർന്നു നോക്കിയതെന്ന് ചോദിക്കുന്നതായിരിക്കും. അയ്യാമുസ്സുൽഹ് (86–87)

3. ഹദ്റത്ത് മുസാനബി(അ)ക്കു ശേഷം അദ്ദേഹത്തിന്റെ സമുദായം എഴുപത്തിരണ്ടു കക്ഷികളായി പിരിഞ്ഞത്പോലെ ഹദ്റത്ത് മുഹമ്മദ് നബി(സ)ക്ക് ശേഷം അദ്ദേഹത്തിന്റെ സമുദായവും 73 കക്ഷികളായിപ്പിരിഞ്ഞുകൊണ്ട് ആ പുണ്യാത്മാവിന്റെ ഒരു പ്രവചനത്തെ സാക്ഷാൽക്കരിച്ചിരിക്കുന്നു. അതായത് ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ(റ) രിവായത്ത് ചെയ്യുന്നു. “ഹദ്റത്ത് റസൂൽ തിരുമേനി(സ) ഇപ്രകാരം പ്രവചിക്കുകയുണ്ടായി. തീർച്ചയായും എന്റെ സമുദായത്തിൽ ഒരു കാലം വരും. അപ്പോൾ അവർ ഇസ്രായീല്യർക്ക് ഒരു ചെരുപ്പു മറ്റെ ചെരുപ്പിന്ന് തുല്യമായത് പോലെ തുല്യരായി ഭവിക്കുന്നതാണ്. അവർ തങ്ങളുടെ മാതാക്കളെ ദുർവിചാരത്തോടെ സമീപിച്ചിരുന്നുവെങ്കിൽ ഇവരും തങ്ങളുടെമാതാക്കളെ സമീപിക്കുന്നതാണ്. ഇസ്രായീല്യർ 72 കക്ഷികളായിപ്പിരിഞ്ഞിരിക്കുന്നുവെന്നാൽ എന്റെ സമുദായം 73 പിരിവുകളായിപ്പിരിയുന്നതായിരിക്കും. അവരിൽ ഒരുകൂട്ടരൊഴികെ എല്ലാവരും തന്നെ നരകത്തിൽ പതിക്കുന്നതായിരിക്കും. അവർ ആരാണ് 'യാ റസൂലല്ലാഹി' എന്നു (സഹാബാക്കൾ) ചോദിച്ചപ്പോൾ ഞാനും എന്റെ സഹാ

ബികളും ഉള്ള അവസ്ഥയിലുള്ളവരായിരിക്കും' എന്ന് നബിപുംഗവൻ(സ) പ്രതിവചിക്കുകയുണ്ടായി. (തിർമിദി കിതാബുൽ ഈമാൻ)

പ്രസ്തുത പ്രവചനം ഇന്നു അക്ഷരംപ്രതി അഹ്മദിയ്യാ ജമാഅത്തിൽ പൂർത്തിയായിരിക്കുന്നു എന്നു കാലം തെളിയിക്കുന്നു.

4. ഹദ്റത്ത് മൂസാനബി(അ)യുടെ സമുദായം 72 കക്ഷികളായിപ്പിരിഞ്ഞു ചിന്നിച്ചിതറി അധഃപതന ഗർത്തത്തിലാണ്ടു കിടന്നപ്പോൾ അവരെ സമുദ്ധരിക്കുവാനായി ഹ: ഈസ്ബ്നു മർയം അവതരിച്ചത് പോലെ മുസ്ലിം സമുദായം ''ഇസ്ലാമിൽ അതിന്റെ പേരും വിശുദ്ധ ഖുർആനിൽ അതിന്റെ ലിപിയും അവശേഷിക്കുകയും അവരുടെ പണ്ഡിതന്മാർ ആകാശത്തിൻ കീഴിൽ നികൃഷ്ട ജന്തുക്കളെപ്പോലെ ആയിത്തീരുകയും'' ചെയ്തപ്പോൾ അവരെ സമുദ്ധരിക്കുവാനായി അല്ലാഹു ഹ: വാഗ്ദത്ത മഹ്ദി മസീഹിനെ നിയോഗിക്കുകയുണ്ടായി. അദ്ദേഹം തന്റെ ഒരു കവിതയിൽ പറയുന്നു.

**ഫസിർത്തു ലഹും**
**ഈസാ ഇദാമാ തഹവ്വദു**
**ഫഹാദാ കഫാമിന്നീ**
**ലിഖൗമിൻ തഫക്കറൂ!**

അവർ യഹൂദികളായപ്പോൾ ഞാനവർക്ക് ഈസാ ആയിട്ടു വന്നു. ചിന്തിക്കുന്ന ജനങ്ങൾക്കു എന്നിൽ നിന്നും ഇതുതന്നെ മതിയാകുന്നതാണ്.

യഹൂദികളിൽ യേശുമസീഹ് പ്രത്യക്ഷനായത്പോലെ യഹൂദിഗുണങ്ങളെ സ്വായത്തമാക്കിയ മുസ്ലിം സമുദായത്തിൽ ഈസായുടെ പ്രതിപുരുഷനെന്നോണം ഹദ്റത്ത് അഹ്മദ് (അ) ആഗതനായി

5. യേശു മശീഹായുടെ ആഗമനത്തിന്നു മുമ്പെഇസ്രായീൽ ഭരണകൂടം അവസാനിച്ചിരുന്നതുപോലെ വാഗ്ദത്ത മസീഹിന്റെ ആഗമനത്തിനു മുമ്പെ ഇന്ത്യയിൽ മുഗൾ ഭരണകൂടം അസ്തമിക്കുകയുമുണ്ടായി.

6. ഹസ്റത്ത് ഈസ്ബ്നു മർയം ജമാലി സിഫത്തോടുകൂടിയ പ്രവാചകനായിരുന്നതിനാൽ അദ്ദേഹം ജിഹാദു (വാളെടുത്തു കൊണ്ടുള്ള ധർമ്മയുദ്ധം) ചെയ്തിരുന്നില്ല. അതേ പ്രകാരം വാഗ്ദത്ത മസീഹിന്റെ കാലത്ത് വാളെടുത്തു യുദ്ധം ചെയ്യുന്നതിനുള്ള ഉപാധികൾ ഇല്ലാതിരുന്നത് കൊണ്ട് അദ്ദേഹം ജിഹാദു ചെയ്തിരുന്നില്ല.

7. യേശുവിനെ ആ കാലത്തുള്ള യഹൂദി പണ്ഡിതന്മാരും അവരുടെ സിൽബന്ധികളും അങ്ങേയറ്റം മാനസികമായും ശാരീരികമായും ദ്രോഹിക്കുകയും കുരിശിലേറ്റി വേദനിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി ദൈവശിക്ഷയെന്നോണം ആ പ്രദേശത്ത് പ്ലേഗ് രോഗം പരക്കുകയുണ്ടായി. അതേ പ്രകാരം വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യമെന്നോണം പഞ്ചാബിലും ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിലും പ്ലേഗുരോഗം വ്യാപിക്കുകയും ലക്ഷക്കണക്കിനാളുകൾ മരണപ്പെടുകയും ചെയ്തുവെങ്കിലും അഹ്മദികൾ എല്ലാവരും തന്നെ ഈ മാരകരോഗത്തിൽ നിന്നും സുരക്ഷിതരാവുകയുണ്ടായി.

8. യേശുവിന്റെ കാലത്തുള്ള .യഹൂദി ഉലമാക്കൾ അദ്ദേഹത്തിന്നെതിരായി പലവിധത്തിലുള്ള കേസ്സുകൾ കൊടുക്കുകയും അദ്ദേഹത്തിന്ന് ഏതെങ്കിലും വിധത്തിൽ വധശിക്ഷ നൽകേണമെന്ന് ന്യായാധിപനെ നിർബന്ധിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹത്തെ അവർക്ക് കുരിശിൽ തറക്കുവാൻ സാധിച്ചുവെങ്കിലും കുരിശിൽ വെച്ച് കൊലചെയ്യുവാൻ സാധിച്ചില്ല. അല്ലാഹു അദ്ദേഹത്തെ അത്ഭുതകരമായി രക്ഷപ്പെടുത്തുകയാണുണ്ടായത്.

അതേപ്രകാരം ഹദ്റത്ത് അഹ്മദി(അ)ന്റെ കാലത്തുള്ള ഉലമാക്കൾ അദ്ദേഹത്തിന്നെതിരായി പല കള്ളക്കേസുകളും ഉന്നയിക്കാനും കൊല ചെയ്യുവാനും അങ്ങേയറ്റം പരിശ്രമിച്ചുവെങ്കിലും ഓരോ കേസ്സിലും അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയുണ്ടായി.

9. യേശു മശീഹ, പിലാത്തോസ് എന്ന ന്യായാധിപന്റെ മുമ്പാകെ ഹാജരാക്കപ്പെടുകയും അദ്ദേഹത്തിന് വധശിക്ഷ വിധിക്കുവാൻ ന്യായാധിപൻ നിർബന്ധിക്കപ്പെടുകയും ചെയ്തു. എന്നാൽ ഇദ്ദേഹത്തിൽ വധശിക്ഷക്കർഹമായ ഒരു കുറ്റവും താൻ കാണുന്നില്ല എന്നദ്ദേഹം പറഞ്ഞു. അതേപ്രകാരം ഹസ്റത്ത് അഹ്മദി(അ)ന്നെതിരായി കൊലക്കുറ്റം ചുമത്തി ക്രിസ്തീയ പാതിരിമാർ മുസ്ലിം ഉലമാക്കളുടെ പിൻബലത്തോടുകൂടി കേപ്റ്റൻ ഡഗ്ലസിന്റെ ന്യായപീഠത്തിൽ കേസ്സുകൊടുക്കുകയുണ്ടായി. വിചാരണക്ക്ശേഷം അദ്ദേഹത്തിൽ തനിക്ക് ഒരു കുറ്റവും ആരോപിക്കുവാൻ സാധിക്കുന്നില്ല എന്ന് അദ്ദേഹം വിധി പ്രസ്താവിക്കുകയുണ്ടായി.

10. യേശുവിന്റെ കാലത്ത് അദ്ദേഹത്തിന്റെ സത്യത്തിന്റെ സാക്ഷ്യമെന്നോണം ഒരു വെള്ളി നക്ഷത്രം ഉദിക്കുകയുണ്ടായി. അതേപ്രകാരം അതേ നക്ഷത്രം ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ കാലത്തും അദ്ദേഹത്തിന്റെ സത്യത്തിന്ന് സാക്ഷ്യമായി ഉദിക്കുകയുണ്ടായി.

ഇത് പോലുള്ള ധാരാളം സാദൃശ്യങ്ങൾ രണ്ടു മഹാന്മാർക്കും ഇടയിൽ കാണപ്പെടുന്നു.

ഇത് സംബന്ധിച്ച് ഹ: മസീഹ് മൗഊദ് (അ) അരുൾ ചെയ്തു.

''ഇത് ഒരു മനുഷ്യനിർമ്മിതമായ ഏർപ്പാടായിരുന്നുവെങ്കിൽ എനിക്കും മസീഹിബ്നുമർയമിന്നും ഇടയിൽ ഇത്രയധികം സാദൃശ്യങ്ങൾ ഉണ്ടാകുമായിരുന്നില്ല. എന്നാൽ സത്യനിഷേധം എന്ന പുരാതന സ്വഭാവം സ്വായത്തമാക്കിയ ദുർഭഗരായ ജനങ്ങൾ ഇവിടെയും ഈ വ്യക്തമായ ദൃഷ്ടാന്തത്തെ വ്യാജപ്പെടുത്തുകയാണ്. എന്നിരുന്നാലും ഈ കാലത്തുള്ള ഉലമാക്കളുടെ സത്യനിഷേധം വിസ്മയജനകമാണ്. പ്രവചനം ചെയ്യപ്പെട്ട കാലത്തും അടയാളങ്ങളോടും കൂടിയാണ് ഞാൻ ആഗതനായിരിക്കുന്നത്.

വിശുദ്ധ ഖുർആനിലും ഹദീസുകളിലും ഇസ്‌ലാമിലെ ഇതര പ്രവാചകന്മാരുടെ പ്രവചനങ്ങളിലും ഉള്ളതനുസരിച്ച് ആകാശത്ത് ഒരേ റമസാൻ മാസത്തിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടായി. എന്റെ കാലത്ത് തന്നെ എല്ലാ പ്രവാചകന്മാരുടെയും വിശുദ്ധ ഖുർആന്റേയും പ്രവചനങ്ങളനുസരിച്ച് നാട്ടിൽ അസാധാരണമായ രീതിയിൽ പ്ലേഗ് രോഗം വ്യാപിക്കുകയുണ്ടായി. സഹീഹായ ഹദീസിൽ പ്രസ്താവിക്കപ്പെട്ടതനുസരിച്ച് എന്റെ കാലത്ത് തന്നെ ഹജ്ജിന്നു തടസ്സം നേരിട്ടു. മസീഹിബ്നു മർയമിന്റെ കാലത്തു ഉദിച്ചിരുന്ന അതേ നക്ഷത്രം എന്റെ കാലത്തും ഉദിച്ചു. എന്റെ കാലത്തു തന്നെ പ്രവചനങ്ങളനുസരിച്ച് ഒട്ടകം ഉപേക്ഷിക്കപ്പെടുകയും അതിന്നു പകരമായി റയിൽ സംവിധാനം ഏർപ്പെടുത്തപ്പെടുകയും ചെയ്തു. സഹീഹ് മുസ്‌ലിമിൽ പ്രവചിക്കപ്പെട്ടതുപോലെ ഒട്ടകം ഉപേക്ഷിക്കപ്പെടുന്നതാണെന്നും അതിന്മേൽ ആരും യാത്ര ചെയ്യുന്നതല്ലെന്നും ഉള്ള പ്രവചനം എന്റെ കാലത്ത് തന്നെ പൂർത്തിയായി. ഇത് പോലെ നൂറുകണക്കിലുള്ള ദൃഷ്ടാന്തങ്ങൾ എന്റെ സത്യങ്ങൾക്ക് ആധാരവും സാക്ഷ്യവും ആയി പ്രത്യക്ഷപ്പെട്ടു. ഇങ്ങിനെയുള്ള ദൃഷ്ടാന്തങ്ങളും അടയാളങ്ങളും കാണിക്കുന്നതിൽ എന്നെ മറികടക്കുവാൻ ഭൂമിയിൽ ജീവിച്ചിരിപ്പുള്ള ആരെങ്കിലും ഉണ്ടോ?

(തദ്കിറത്തുശ്ശഹാദതൈൻ 35, 36)

ചുരുക്കത്തിൽ അവസാനകാലത്ത് മുഹമ്മദീ ഉമ്മത്തിൽ മസീഹിബ്നു മർയമിന്റെ പ്രതിരൂപവും പ്രതിച്ഛായയും ആയി അവതരിക്കുമെന്ന് പ്രവചനം ചെയ്യപ്പെട്ടിട്ടുള്ളത് പോലെതന്നെ വാഗ്ദത്ത മഹ്ദീമസീഹായി ഹദ്റത്ത് അഹ്മദ്(അ) ആഗതനാവുകയും തന്റെ ദിവ്യദൗത്യനിർവഹണത്തിന്നായി ഒരാഗോള പ്രസ്ഥാനത്തിന്ന് അസ്തിവാരമിടുകയും ചെയ്തു. ഈ പ്രസ്ഥാനം ഇന്ന് ലോകമെങ്ങും പരന്നു വിപുലമായിക്കൊണ്ടിരിക്കുകയാണ്.

ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) അരുൾ ചെയ്യുന്നു. ഇന്നു മുതൽ മൂന്നു നൂറ്റാണ്ടു പൂർണമാകുന്നതിന്നു മുമ്പേ ഈസയെ കാത്തിരുന്നവർ മുസ്‌ലിംകളാകട്ടെ ക്രിസ്ത്യാനികളാകട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെക്കുറിച്ചു നിരാശപ്പെടുകയും തീരെ മനംമടുത്ത് ഈ വിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും. പിന്നെ ലോകത്ത് ഒരേ മതവും ഒരേ നേതാവും മാത്രമായിരിക്കും. ഞാൻ ഒരു ബീജാവാപം ചെയ്യുന്നതിനായിട്ടു വന്നിരിക്കുന്നു. അതു ഇനി വളർന്നു വരികയും യഥാകാലം പൂക്കുകയും കായ്ക്കുകയും ചെയ്യും. ഇതിനെ തടയുക ആരാലും സാദ്ധ്യമല്ല. (തദ്കിറത്തു ശ്ശഹാദതൈൻ ഭാ–65). ■

---

*(17 -ാം പേജിൽ നിന്ന് തുടർച്ച)*

കരാർ പ്രകാരം ഇസ്‌ലാം ആശ്ലേഷിക്കുന്ന ഖുറൈശികളെ മക്കക്കാർക്ക് തന്നെ തിരിച്ചയക്കുമെന്നും ഇസ്‌ലാം മതം പരിത്യജിച്ച് ഖുറൈശികളിൽ അഭയം പ്രാപിക്കുന്ന മുസ്‌ലിംകളെ അവർ തിരിച്ചയക്കേണ്ടതില്ലെന്നും കരാറിൽ വ്യക്തമാക്കിയതുകൊണ്ട്.

ഹുദൈബിയ സന്ധി പ്രത്യക്ഷമായി മുസ്‌ലിംകൾക്ക് പ്രതികൂലമായിരുന്നുവെങ്കിലും ഈ ഉടമ്പടി പ്രകാരം 10 വർഷത്തേക്ക് മുസ്‌ലിംകളും മക്കക്കാരും തമ്മിലുള്ള എല്ലാവിധ യുദ്ധങ്ങളും റദ്ദ് ചെയ്യപ്പെടുകയുണ്ടായി. നോക്കുക. പ്രധാനപ്പെട്ട പല ശിഷ്യന്മാരും ഈ സന്ധിയെ അപമാനമായി കരുതിയിരുന്നുവെങ്കിലും റസൂൽ തിരുമേനി (സ) തങ്ങൾ മറ്റ് സമൂഹങ്ങളുമായും ശത്രുക്കളുമായും സമാധാനവും സഹവർത്തിത്തവും പുലർന്നുകാണുവാനാണ് ആഗ്രഹിച്ചിരുന്നത്. സന്ധിയ്ക്കുശേഷം നടന്ന പല സംഭവങ്ങളും നീതീകരിക്കാനാവാത്തതാണെങ്കിലും നബി(സ) തങ്ങളുടെ ബുദ്ധിവൈഭവം പ്രബോധനത്തിന്റെ ഭാഗത്തേയ്ക്ക് തിരിയുകയും മുമ്പൊരിക്കലും ഇല്ലാത്തവിധം ഇസ്‌ലാമിലേയ്ക്ക് ജനങ്ങൾ കൂട്ടംകൂട്ടമായി പ്രവേശിക്കുകയും ചെയ്തു. സന്ധിയ്ക്കു മുമ്പ് കേവലം 1400 ശിഷ്യഗണങ്ങൾ മാത്രമുണ്ടായിരുന്ന നബി തിരുമേനിയ്ക്ക് രണ്ട് വർഷങ്ങൾക്കു ശേഷം 10000 ശിഷ്യന്മാരെ അണിനിരത്തുവാൻ കഴിഞ്ഞുവെന്നത് ലോകചരിത്രത്തിൽ തന്നെ അത്ഭുതകരമാണ്. ഹുദൈബിയ സന്ധിയുടെ മഹത്വം നാം മനസ്സിലാക്കേണ്ടത് ഈ വീക്ഷണത്തിൽ കൂടിയാണ്. ഹുദൈബിയ സന്ധിയ്ക്ക് മുമ്പുണ്ടായിരുന്ന ആൾ ബലത്തിന്റെ ആറിരട്ടിയായിരുന്നു മക്കാ വിജയകാലത്തുണ്ടായിരുന്നത്.

*(തുടരും)* ■

---

# സ്വർഗ്ഗീയ പ്രവാഹം

എന്റെ കയ്യിൽ നിന്ന് എനിക്ക് നൽകപ്പെട്ട ഈ പീയുഷം ആർ പാനം ചെയ്യുന്നുവോ അവർ ഒരിക്കലും മരിക്കുകയില്ല. ഞാൻ പറയുന്ന ഈ ജീവദായകമായ കാര്യങ്ങളോടും എന്റെ മുഖത്തുനിന്നു പുറപ്പെടുന്ന ഈ ധർമ്മോക്തികളോടും കിടപിടിക്കുന്ന വാക്കുകൾ മറ്റാർക്കെങ്കിലും പറയാൻ സാധിക്കുമെങ്കിൽ ഞാൻ ദൈവത്തിൽ നിന്നു വന്നനല്ലെന്നു നിങ്ങൾ കരുതിക്കൊൾവിൻ. എന്നാൽ ശവപ്രായമായ ആത്മാക്കൾക്ക് ജീവാമൃതമായിരിക്കുന്ന ഈ ധർമ്മോക്തികളും ദിവ്യവിജ്ഞാനങ്ങളും നിങ്ങൾക്ക് മറ്റൊരിടത്തു നിന്നും കിട്ടുമാറില്ലെങ്കിൽ സ്വർഗ്ഗത്തുനിന്നു തുറന്നു കിട്ടിയ ഈ അമൃതധാരയെ നിഷേധിച്ചുകളഞ്ഞ കുറ്റത്തിനെതിരിൽ യാതൊരു പ്രത്യുക്തിയും നിങ്ങൾക്ക് പറയുവാനുണ്ടാകയില്ല.

***ഹദ്റത്ത് അഹ്മദ് (ഇസാലയെ ഔഹാം)***

## കുറിപ്പുകൾ

**മുസാഫിർ**

# അഫ്ഗാനിസ്ഥാൻ ഓർമ്മിപ്പിക്കുന്നത്

ഗ്വണ്ടനാമോ, അഫ്ഗാനിസ്ഥാനുവേണ്ടി സമർപ്പിക്കപ്പെട്ട ഒരു നാരകീയ സ്മാരകമാണ്. അഫ്ഗാനിസ്ഥാനെ മുഴുവൻ അടിമചങ്ങലകളിൽ ബന്ധിച്ച് നട്ടെല്ലൊടിച്ചിട്ടതിനുശേഷം തിരഞ്ഞുപിടിച്ച ജിഹാദികളായ പോരാളികളെ പീഡിപ്പിക്കാൻ അമേരിക്ക കണ്ടെത്തിയ ഒരു ക്യൂബൻ ദ്വീപാണ് അഥവാ ജയിലാണ് ഗ്വണ്ടനാമോ. അമേരിക്കയിലെന്നല്ല ഭൂമിയിലൊരിടത്തും അരങ്ങേറാൻ നിയമം അനുവദിക്കാത്ത ഭീഭത്സമായ മൂന്നാം മുറ തടവുകാർക്കുമേൽ യാതൊരു തടസ്സങ്ങളുമില്ലാതെ ഇവിടെ സുഗമമായി നിർവ്വഹിക്കാം. കാലിലും കൈയ്യിലും, കഴുത്തിലും ഇരുമ്പു ചങ്ങലകളിൽ ബന്ധിച്ച് നട്ടെല്ലിൽ നിവർന്നു നിൽക്കാൻ കഴിയാതെ രാവും പകലും കൂഞ്ഞിനടക്കുന്ന അഫ്ഗാൻ ജിഹാദികൾ! നരകതീവർണ്ണത്തിലുള്ള ഓറഞ്ച് കുപ്പായം ധരിച്ച ഗ്വണ്ടനാമോയിലെ ഈ തടവുകാർക്കു നേരെ പ്രയോഗിക്കാൻ ഇനിയൊരു മുറയും ബാക്കിയില്ല. അവരുടെ മീതെ അരങ്ങേറാത്ത കിരാതപർവ്വങ്ങളുമില്ല! അവസാനമിതാ ആ ഹതഭാഗ്യരുടെ മുമ്പിൽവെച്ച് വിശുദ്ധ ഖുർആനെ അവഹേളിച്ചതായി 'ന്യൂസ് വീക്ക്' റിപ്പോർട്ട് ചെയ്യുന്നു. ആ റിപ്പോർട്ട് തെറ്റാണെന്ന് പറഞ്ഞു 'ന്യൂസ്‌വീക്ക് തന്നെ വാർത്ത പിൻവലിക്കുകയും ചെയ്തു. ഈ വാർത്താ നാടകത്തിന്റെ ലക്ഷ്യം അഫ്ഗാൻ തടവുകാരെ മുൻനിർത്തി ലോക മുസ്‌ലിംകളുടെ ആത്മാഭിമാനത്തെ തകർക്കുകയും അവർ പവിത്രമാണെന്ന് കരുതുന്ന മതപരമായ അന്തസ്സിനെ നിസ്സാരവത്ക്കരിക്കലുമാണെന്ന് വ്യക്തം. പക്ഷേ ആരായാലും ഒരു കാര്യം ഓർക്കുക, അല്ലാഹുവിന്റെ സംരക്ഷണമുള്ള വിശുദ്ധ ഖുർആന്റെ മേൽ കൈവച്ചാൽ ആ കൈകൾ പിന്നീടൊരിക്കലും ഉയരുകയില്ല എന്ന ദൈവികനിയമം എല്ലാവരും ഓർത്തിരിക്കുന്നത് നന്ന്.

അഫ്ഗാനിസ്ഥാന്റെ ഈ ദുർവിധി കേവലം യാദൃശ്ചികമല്ല. ദൈവനിയുക്തനായ ഒരു ദിവ്യാത്മാവിന്റെ വേദനയേറിയ ഹൃദയത്തിൽ നിന്നും വന്ന ശാപവചസ്സുകളേറ്റ ദുരന്തഭൂമിയാണ് അഫ്ഗാനിസ്ഥാൻ! നൂറുവർഷങ്ങൾക്കു മുമ്പ് വാഗ്ദത്ത മഹ്ദീ ഹദ്റത്ത് അഹ്മദ് (അ)ന്റെ ദൗത്യവേളയിൽ അഫ്ഗാനിസ്ഥാൻ ജിഹാദികളുടെ പറുദീസയായിരുന്നു. ക്ഷിപ്രകോപികളും കലഹപ്രിയരുമായ അഫ്ഗാൻ ഗോത്ര മുഖ്യന്മാരുടെ ജിഹാദീ ആവേശം ഇസ്‌ലാമിന്റെ പേരിലുള്ള ഒരു പുണ്യമായി അവർ കൊണ്ടുനടന്നു. ഈ ജിഹാദീ അഭിനിവേശം ഒരു മനോഗ്രസ്തി പോലെ ആവേശിച്ച അഫ്ഗാൻ ജനതയുടെ ബലഹീനത തന്റെ ജ്ഞാനദൃഷ്ടികൊണ്ട് കണ്ടറിഞ്ഞ ക്രാന്തദർശിയായ വാഗ്ദത്ത മസീഹ് അത് ഭാവിയിലുണ്ടാക്കുന്ന വിപത്തുകളെപറ്റി അവരെ ബോദ്ധ്യപ്പെടുത്തുമാറ് 'ജിഹാദ്' എന്ന പേരിൽ 1900 മാണ്ടിൽ ഒരു പുസ്തകമെഴുതുകയുണ്ടായി. അതിൽ അഫ്ഗാനിസ്ഥാനിലെ അമീറിനെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം എഴുതി:

''ജിഹാദ് എന്ന പേരിൽ മറ്റുമതക്കാരുടെ മേൽ ആക്രമണം നടത്തുകയെന്ന മുസ്‌ലിംകളിൽ കാണപ്പെട്ടുവരുന്ന ഇന്നത്തെ പ്രവണത ശറഈ (നിയമാനുസൃതമായ) ജിഹാദ് അല്ലെന്നും മറിച്ച് അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകൾക്ക് വിരുദ്ധമായ പ്രവൃത്തിയും കടുത്ത പാതകവുമാകുന്നു എന്നും ഓർത്തുകൊള്ളേണ്ടതാണ്. എന്നാൽ ഈ സമ്പ്രദായത്തിൽ പറ്റിപിടിച്ച ചില ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ ഇത് ഒരു പഴയ ശീലം ആയികഴിഞ്ഞിരിക്കയാൽ അത് വേഗം ഉപേക്ഷിക്കുക സാധ്യമല്ല. എന്നാൽ ഇത്തരം ഉപദേശങ്ങൾ നൽകുന്നവരെ തങ്ങളുടെ ശത്രുവായി കരുതുകയും അവിശ്വാസികളോട് യുദ്ധം ചെയ്യുന്ന ആവേശത്തോടെ അയാളുടെ കഥ കഴിക്കാൻ തയ്യാറാവുകയും ചെയ്തേക്കാം. എന്നാൽ ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്, മുൻ അഫ്ഗാൻ അമീറുമാരിൽ കാണപ്പെട്ടിട്ടില്ലാത്ത തരത്തിൽ അഫ്ഗാൻകാരിൽ പ്രഭാവം ചെലുത്തിപ്പോരുന്ന ഇപ്പോഴത്തെ കാബൂൾ അധിപനായ അമീർ പേരുകേട്ട ആലിമീങ്ങളെ വിളിപ്പിച്ചുകൂട്ടി ഈ ജിഹാദ് പ്രശ്നത്തെ പറ്റി ചർച്ച നടത്തുകയും പിന്നീട് ഉലമാക്കൾ മുഖേന തന്നെ സാമാന്യജനങ്ങളെ അവരുടെ തെറ്റുകളെക്കുറിച്ച് ഉണർത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അതോടൊപ്പം ഈ രാജ്യങ്ങളിലെ ഉലമാക്കളിൽ 'പുശ്തു' ഭാഷയിൽ ചില പുസ്തകങ്ങൾ തയ്യാറാക്കി വിപുലമായ തരത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങളിൽ സൽഫലങ്ങൾ സൃഷ്ടിക്കുമാറാകും. വിവരം കെട്ട മുല്ലമാർ ബഹുജനങ്ങളിൽ പരത്തിവിടുന്ന കൊലപാതകാക്രമണങ്ങൾ ക്രമേണ കുറഞ്ഞുകൊള്ളുന്നതുമാണ്. ഈ എത്രയും പ്രധാനപ്പെട്ട പരിഷ്കരണ പരിപാടിയിലേക്ക് അമീർ അവർകൾ ശ്രദ്ധ തിരിക്കാത്ത പക്ഷം മുല്ലമാരുടെ ഇത്തരം 'ഫത്‌വ'കളുടെ നേരെ നിശ്ശബ്ദം കൈകൊള്ളുന്നതിന്റെ അന്തിമഫലങ്ങൾ ഗവൺമെന്റിനു തന്നെയും വലിയ കഷ്ടനഷ്ടങ്ങൾ വരുത്തിവച്ചേക്കാം. ('ജിഹാദ്' മലയാളം പരി. പേ. 37).

അഫ്ഗാൻ ജനതയുടെ ക്ഷേമത്തെ മുൻനിർത്തി ദൈവനിയുക്തനായ ഒരു ദിവ്യജ്ഞാനി ഹൃദയസ്പൃക്കായ രീതിയിൽ നൽകിയ ഈ ജ്ഞാനോപദേശങ്ങൾക്ക്, പക്ഷേ അഫ്ഗാൻ ജനത നൽകിയ പ്രത്യുത്തരം. ഹാ! എത്ര ഭീഭത്സം!! അഫ്ഗാന്റെ മണ്ണിൽ നിന്നും വാഗ്ദത്ത മഹ്ദിയെ സ്വീകരിച്ച മാലാഖയെപ്പോലെ പരിശുദ്ധരായ രണ്ട് ദിവ്യാത്മാക്കളെ ഹീനമായി അഫ്ഗാൻ അമീറും മുല്ലാക്കളും ജനങ്ങളും ചേർന്ന് കൊലപ്പെടുത്തുകയുണ്ടായി. മൗലാനാ അബ്ദുറഹ് മാൻ സാഹിബ്, സയ്യിദ് സാഹിബ് സാദാ അബ്ദുലത്തീഫ് എന്നിവരായിരുന്നു ആ രണ്ടു രക്തസാക്ഷികൾ. അതിൽ വന്ദ്യരിൽ വന്ദ്യനായ അബ്ദുൾലത്തീഫ് അഫ് ഗാൻ രാജാവിന്ന് കിരീടമണിയിക്കുന്ന തിരുഹസ്തങ്ങൾക്കുടമയായിരുന്നു. അഫ്ഗാനിസ്ഥാനിലെ രാജകുടുംബാംഗങ്ങളും പൗരപ്രമുഖരും ഏതൊരു തിരുകരസ്പർശം കൊണ്ട് അനുഗ്രഹീതരാവുമെന്നു കരുതിയോ ആ തൃക്കരങ്ങളുടെ ഉടമ, ഏതൊരു വചസുകൊണ്ട് പ്രാർത്ഥിച്ചാൽ സാഫല്യമുണ്ടാകുമെന്ന് ധരിച്ചുവോ ആ പുണ്യാത്മൻ! ഭക്ത ശിരോമണിയായ ആ മഹാനുഭാവൻ ഹദ്റത്ത് അഹ്മദ് (അ)ന്റെ ശിഷ്യത്വം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താൽ നിഷ്ഠൂരമായി വധിക്കപ്പെട്ടു. സാഹിബ്സാദാ അബ്ദുലത്തീഫിനെ അരയോളം മണ്ണിൽ കുഴിച്ചിട്ടു. ദുർഭഗനായ അഫ്ഗാൻ അമീറും ഖാസിയും പൗരവ്യൂഹവും ചുറ്റും നിന്നു. നികൃഷ്ടനായ അഫ്ഗാൻ അമീർ മഹാനായ ആ ദിവ്യാത്മാവിന്റെ തിരുവദനത്തിലേക്ക് ശിലാപ്രക്ഷേപം നടത്തി. ചുറ്റും കൂടിനിന്ന മുല്ലമാരുടേയും ആൾക്കൂട്ടത്തിന്റെയും കൽവർഷത്തിൽ ആ മഹൽജ്ഞാനി ഭാഗ്യം കെട്ട അഫ്ഗാൻ ഭൂമിയോടു വിടപറഞ്ഞു. 1903 ജൂലൈ 14ന്നായിരുന്നു ഈ സംഭവം.

ഈ വാർത്ത ശ്രവിച്ച വാഗ്ദത്ത മസീഹിന്റെ ഹൃദയം അങ്ങേയറ്റം ദുഃഖസാന്ദ്രമായി. ആ ദിവ്യാത്മാവിന്റെ ഉദീരണം ഇപ്രകാരമായിരുന്നു.

'ഹാ! കഷ്ടം അവിവേകിയായ ഈ അമീർ എന്താണ് കാട്ടിക്കൂട്ടിയത്. ഒരു പരമനിരപരാധിയായ ഒരാളെ അസാധാരണമായ നിർഭയത്വത്തോടെ കൊന്നുകൊണ്ട് അയാൾ സ്വയം നാശത്തിന് ഇരയായിരിക്കുന്നു! ഓ കാബൂൾ ഭൂവേ നീ സാക്ഷി നിൽക്കുക! നിന്റെ വിരിമാറിൽ വെച്ചാണ് ഈ കൊടും പാതകം നടത്തപ്പെട്ടത്. ഓ ഭാഗ്യം കെട്ട ഭൂപ്രദേശമേ ദൈവദൃഷ്ടിയിൽ നീ തരംതാണു പോയിരിക്കുന്നു. ഈ മഹാപാതകത്തിന്റെ ക്രിയാവേദി നിന്റെ നിലമാണല്ലോ. (റൂഹാനി ഖസായിൻ – ജി. 20 വ. 74 വിവ: എൻ. അബ്ദുറഹിം)

വാഗ്ദത്ത മസീഹിന്റെ ശാപമേറ്റ കാബൂൾ ഭൂമിയിൽ പിന്നെ ചോരയും കണ്ണീരും ഒഴുകാത്ത നേരമുണ്ടായിട്ടില്ല. രാജഹത്യകൾ, മഹാമാരികൾ, അധിനിവേശങ്ങൾ, പ്രകൃതികോപങ്ങൾ അഫ്ഗാനിസ്ഥാന്റെ മുകളിൽ ദൈവശാപം കിരാതനൃത്തം ചവുട്ടി. അമീർ അമാനുല്ലാഖാൻ 1919 ഫിബ്രവരിയിൽ വെടിയേറ്റ് മരിച്ചു. സയ്യിദ്സാഹിബിന്റെ വിചാരണയിൽ ഒരുവിധത്തില്ലെങ്കിൽ മറ്റൊരുവിധത്തിൽ ബന്ധപ്പെട്ട ഉലമാക്കന്മാരും കൊട്ടാരപരിഷകളും കൊല്ലപ്പെടുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്തു! അത്ഭുതകരമായ കണിശതയോടെയുള്ള ദൈവത്തിന്റെ പ്രതികാരം കണ്ട് സത്യാത്മാക്കൾ നടുങ്ങിപ്പോയി. പിന്നീട് ലോകത്തിലെ രണ്ടു വൻശക്തികളും അവരുടെ മെയ്കരുത്ത് പരീക്ഷിക്കാൻ അഫ്ഗാനിസ്ഥാനെ തിരഞ്ഞെടുത്തു. 1979 ഡിസംബറിൽ സോവിയറ്റ് ചെമ്പട അഫ്ഗാനിസ്ഥാനെ അടിമപ്പെടുത്തി. രക്തരൂക്ഷിതമായ ഒമ്പത് വർഷത്തെ ഭരണത്തിനുശേഷം 1988–ൽ പിന്മാറി. ലോകത്തിന്റെ മറ്റൊരു വൻശക്തിയായ അമേരിക്കയുടെ ഊഴമായിരുന്നു അടുത്തത്. സാഹിബ് സാദാ അബ്ദുല്ലത്തീഫിന്റെ രക്തസാക്ഷിത്വത്തിന്റെ നൂറാം വർഷം കൂടി വരുമ്പോഴായിരുന്നു 2002–ൽ അമേരിക്കൻ അധിനിവേശം. താലിബാൻ എന്ന ജിഹാദിപ്രസ്ഥാനം ഇസ്ലാമിന്റെ പേരിൽ തോക്കിൻകുഴലിലൂടെ ഭരിച്ചിരുന്ന അഫ്ഗാനിസ്ഥാനിലേക്ക് അമേരിക്കൻ പട പ്രവേശിച്ചപ്പോൾ മറ്റൊരു കരാളത അഫ്ഗാനിസ്ഥാന്റെ മീതെ പതിക്കുകയായിരുന്നു.

സമാധാനത്തിന്റെ പര്യായമായ ഇസ്ലാം മതത്തെ രക്തപ്രളയവും, സ്ഫോടനങ്ങളും, ജിഹാദുഭേരിയുമാക്കി മാറ്റിയ അഫ്ഗാൻ ജനത തങ്ങളുടെ അധാർമികമായ ഈ നിലപാട് വെടിയണമെന്ന് വാഗ്ദത്ത മഹ്ദി (അ) നൂറു വർഷങ്ങൾക്ക് മുമ്പേ അവരെ ഉപദേശിച്ചു. രണ്ട് ദിവ്യാത്മക്കളെ ബലിദാനികളാക്കിക്കൊണ്ടാണ് ഈ ഉപദേശത്തെ അവർ ഭത്സിച്ചുതള്ളിയത്. ആ മനോഭാവം അവർ ഇന്നും പിന്തുടരുന്നു. അതിന്റെ ഫലമായി ഭാഗ്യം കെട്ട അഫ്ഗാനിസ്ഥാൻ ദൈവകോപത്താൽ നാൾക്കുനാൾ ശാപഗ്രസ്തമാവുകയാണ്.

ബൈബിളിൽ മസീഹിനെ ഒറ്റുകൊടുത്ത ജൂദാസ് ഇസ്കരിയാത്ത പശ്ചാത്താപ വിവശനായതിനെ പറ്റി പറയുന്നു. പാപബോധത്താൽ തനിക്ക് കിട്ടിയ മുപ്പത് വെള്ളിക്കാശ് ജെറുസലേം ദേവാലയത്തിൽ വലിച്ചെറിഞ്ഞ ജൂദാസ് ഒരു മരത്തിൽ തൂങ്ങി ജീവിതം അവസാനിപ്പിച്ചതായി ബൈബിളിൽ കാണാം. ദേവാലയ ഭണ്ഡാരത്തിൽ സ്വീകരിക്കാത്ത ജൂദാസിന്റെ ഒറ്റുപണം കൊണ്ട് ജൂതറബ്ബിമാർ പരദേശികളുടെ മൃതദേഹം സംസ്കരിക്കുന്ന ഒരു ശ്മശാനം വാങ്ങി 'രക്തനിലം' എന്ന അർത്ഥമുള്ള ആ ഭൂമി 'അക്കൽദാമ' എന്നറിയപ്പെടുന്നു. എന്നാൽ നിരപരാധികളും നിഷ്കളങ്കരുമായ രണ്ട് ദിവ്യാത്മക്കളെ നിഷ്കരുണം വധിച്ചുകളഞ്ഞ അഫ്ഗാനിസ്ഥാനിലെ മുല്ലായിസത്തിന് നൂറുവർഷത്തിന്ശേഷവും മനസ്താപമുണ്ടായിട്ടില്ല. ആ ജിഹാദി മനോഭാവത്തിന് യാതൊരുമാറ്റവുമില്ലാതെ തുടരുന്നു. അതുകൊണ്ടാണ് അവിടെ ഗ്വണ്ടാനാമോകൾ ഉയർന്നുവരുന്നത്. നിരപരാധരായ അല്ലാഹുവിന്റെ ഭക്തന്മാരുടെ രക്തം വീണ ഭൂമി ശാപഗ്രസ്തമാണെന്ന സത്യം എല്ലാ ധർമ്മശാസ്ത്രങ്ങളും ഘോഷിക്കുന്നു. പാപം നിറഞ്ഞ ആ ജനതക്ക് അക്കാര്യത്തിൽ അനുതാപമുണ്ടാകുന്നതുവരെ ആ ശാപം നാടും നഗരവും നശിപ്പിക്കുമെ

*(ശേഷം 40-ാം പേജിൽ)*

## കുറിപ്പുകൾ

മുസാഫിർ

# ഫ്രാൻസിലെ 'നോ' വോട്ടും യൂറോപ്യൻ യൂണിയന്റെ ഭാവിയും

അമേരിക്കക്ക് ബദൽ എന്ന് കൊട്ടിഘോഷിക്കപ്പെട്ട യൂറോപ്യൻ യൂണിയൻ അതിന്റെ സ്ഥാപക അംഗരാജ്യമായ ഫ്രാൻസിൽ നിന്നും നെതർലൻഡിൽ (ഡച്ച്) നിന്നും തിരിച്ചടി നേരിടുകയാണ്. 25 അംഗ രാഷ്ട്രങ്ങളായി വികസിപ്പിച്ച യൂറോപ്യൻ യൂണിയന്റെ ഭരണഘടന ഓരോ രാജ്യവും റഫറണ്ടം മുഖേനയോ പാർലമെന്റിന്റെ പൊതുസമ്മതിയിലൂടെയോ അനുമതി തേടിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. അത് പ്രകാരം ജർമ്മനിയും ഇറ്റലിയുമടക്കം 9 രാജ്യങ്ങളിൽ യൂറോപ്യൻ യൂണിയൻ (ഇ.യു) ഭരണഘടനക്ക് 'Yes' വോട്ട് ലഭിച്ചതുമാണ്. പക്ഷേ ഫ്രാൻസിൽ മെയ് 29ന് നടന്ന റഫറണ്ടത്തിൽ 55 ശതമാനം വോട്ടർമാർ 'No' വോട്ട് രേഖപ്പെടുത്തിക്കൊണ്ട് ഇ.യു ഭരണഘടനയെ നിരാകരിച്ചിരിക്കുന്നു. യൂറോപ്യൻ യൂണിയന്റെ ഏറ്റവും ശക്തനായ സ്ഥാപകനും പ്രചാരകനുമായ ഫ്രഞ്ച് പ്രസിഡന്റ് ജാകിസ് ഷിറാക്കിന് ഇത് വ്യക്തിപരമായും വമ്പിച്ച ഒരു പരാജയമായി. നെതർലന്റ് പാർലമെന്റിന്റെ 80 ശതമാനം അനുകൂലമായിരുന്നിട്ടും ജനകീയ റഫറണ്ടത്തിൽ 'നോ' വോട്ട് നൽകി ഇ.യു ഭരണഘടനക്കെതിരെയുള്ള വിസമ്മതി രേഖപ്പെടുത്തുകയുണ്ടായി. ഫ്രാൻസിൽ നിന്നും നെതർലണ്ടിൽ നിന്നുമുണ്ടായ അപ്രതീക്ഷിതമായ തിരിച്ചടി യൂറോപ്യൻ യൂണിയന്റെ ഭാവിയെ അപകടത്തിലാക്കിയിരിക്കുകയാണ്. ഇ.യു.വിനോട് മനസ്സുകൊണ്ട് മമതയില്ലാത്ത ബ്രിട്ടണും ഭരണഘടനക്ക് അനുകൂലമാകാൻ സാധ്യതയില്ല.

പഴയ കിഴക്കൻ യൂറോപ്യൻ കമ്യൂണിസ്റ്റ് രാജ്യങ്ങളെ കൂടി ഉൾപ്പെടുത്തി 25 അംഗരാജ്യങ്ങളായി വികസിപ്പിച്ചുകൊണ്ട് യൂറോപ്യൻ യൂണിയൻ വിപുലീകരിക്കാനായിരുന്നു പദ്ധതി. അതാണ് ഇപ്പോൾ അവതാളത്തിലായിരിക്കുന്നത്. ലോക രാഷ്ട്രീയത്തിൽ തന്നെ പുതിയ ഒരു ധ്രുവീകരണവും ചലനങ്ങളും പ്രതീക്ഷിച്ചിരുന്ന ഈ സംരംഭത്തിന്റെ ഭാവി എന്തായിത്തീരുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. യൂറോപ്യൻ ഭരണഘടനയുടെ നിരാകരണം സൂചിപ്പിക്കുന്നത് ദേശീയ വികാരത്തേയും ദേശീയ പ്രശ്നങ്ങളേയും അവഗണിച്ചുകൊണ്ട് ഒരു മേഖലാസംയോജനം യൂറോപ്പിൽ നടക്കാൻ സാധ്യതയില്ല എന്നാണ്. ചൂഷണ വിമുക്തവും ജനക്ഷേമകരവുമായ മേഖലാ സംയോജനങ്ങൾ കുത്തക മുതലാളിത്വത്തിനുകീഴിൽ സാധ്യമല്ല എന്നും ഇത് സൂചിപ്പിക്കുന്നു. യൂറോപ്യൻ പൊതുദേശീയതയുടെ താല്പര്യങ്ങളോടുപോലും താദാത്മ്യം പ്രാപിക്കാൻ കഴിയാത്ത രാജ്യങ്ങൾക്ക് വിശ്വമാനവതയിലധിഷ്ഠിതമായ അന്തർദേശീയതയുടെ വക്താക്കളാകാൻ എങ്ങിനെ സാധിക്കും?

യൂറോപ്യൻ യൂണിയൻ നിലവിൽ വന്നാൽ ഫ്രാൻസിലെ വ്യവസായങ്ങൾ താരതമ്യേന കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ ലഭിക്കുന്ന പോളണ്ടിലേക്കും ബാൾടിക്ക് റിപ്പബ്ലിക്കുകളിലേക്കും ചേക്കേറുമെന്ന ഫ്രാൻസിലെ ജനങ്ങളുടെ ഭീതിയാണ് അവരെ 'നോ' വോട്ടിനു പ്രേരിപ്പിച്ച ഒരു ഘടകം. ഗവൺമെന്റ് സബ്സിഡികൾ ഇല്ലാത്ത മുതലാളിത്തരീതിയിൽ യൂറോപ്പിനാകെയുള്ള ഒരു പൊതുമാർക്കറ്റ് ആയിരുന്നു. യൂറോപ്യൻ യൂണിയൻ വിഭാവന ചെയ്തത്. ഇത് തൊഴിലാളി വിരുദ്ധവും മുതലാളിമാർക്ക് അനുകൂലവുമാണെന്ന് സോഷ്യലിസ്റ്റ്, കമ്യൂണിസ്റ്റ്, ഗ്രീൻ പാർട്ടികൾ വ്യാപകമായ പ്രചാരണം നടത്തുകയുണ്ടായി. യൂറോപ്പിലെ സമ്പന്നരാജ്യമായ ഫ്രാൻസിലെ സാധാരണക്കാരിൽ ഇ.യു ഭരണഘടനയോട് നിഷേധാത്മകനിലപാട് വളർത്താൻ ഇത് സഹായകരമായി. അതുപോലെ മുസ്‌ലിം ഭൂരിപക്ഷരാജ്യമായ ഭീമൻ തുർക്കി വമ്പിച്ച ജനസംഖ്യയോടെ യൂറോപ്യൻ യൂണിയനിൽ അംഗമാവുമ്പോൾ അത് ജനസംഖ്യയുടെ മതപരമായ അനുപാതം തെറ്റിക്കുമെന്നും താമസിയാതെ മുസ്‌ലിം ജനസംഖ്യ യൂറോപ്പിലെ ക്രിസ്ത്യാനികളെ മറികടക്കുമെന്നുമുള്ള ഭീതിയും ഇതിനെല്ലാം അന്തർധാരയായി നിലകൊണ്ടു. യൂറോപ്പിന്റെ രാഷ്ട്രീയത്തിൽ അസ്ഥിരത സൃഷ്ടിക്കുന്ന ഫ്രാൻസിലേയും നെതർലന്റിലേയും ഈ വിധിയെഴുത്ത് ലോക രാഷ്ട്രീയത്തിൽ പുതിയ പുതിയ സമവാക്യങ്ങൾക്ക് തുടക്കം കുറിക്കുമെന്ന് പ്രതീക്ഷിക്കാം. ■

---

*(39 -ാം പേജിൽ നിന്ന് തുടർച്ച)*


ന്നത് ദൈവനിയമമാണ്. കവി പാടിയത് പോലെ.

അപരാധം താൻ ചെയ്യാത്തവനെ
കൃപകൂടാതെ വധിച്ചെന്നാകിൽ
നൃപതേ നിന്നുടെ നാടും ധനവും
സപദി നശിക്കുമതോർത്തീടേണം

(നളചരിതം) ■

വാർത്തകൾ

# പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു



അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതിനിധികൾ പ്രധാനമന്ത്രി ഡോ. മൻ മോഹൻസിങ്ങിന് സുനാമി ദേശീയ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നു. വലത്ത് നിന്ന് : ദാവൂദ് അഹ് മദ് സാഹിബ്, എസ്. തൻവീർ അഹ്മദ്,. എം. നസീംഖാൻ, മുനീർ അഹ്മദ് ഹാഫിസാബാദി, സയ്യിദ് കലീമുദ്ദീൻ

ന്യൂഡൽഹി : ലോകവ്യാപകമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഇന്ത്യയിലെ ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് വേണ്ടി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്വരൂപിച്ച ഫണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതിനിധികൾ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന് കൈമാറുകയുണ്ടായി. എം. നസീംഖാന്റെ നേതൃത്വത്തിൽ ദാവൂദ് അഹ്മദ്, അഡ്വ. തൻവീർ അഹ്മദ്, മുനീർ അഹ് മദ് ഹാഫിസാബാദി എന്നിവർ പങ്കെടുത്തു.

**– മുബാറക് പഴയങ്ങാടി**

# ഖുർആൻ: കന്നട പരിഭാഷ പ്രകാശനം ചെയ്തു



കർണാടക ഗവർണർ ടി.എൻ.ചതുർവേദി വി. ഖുർആൻ കന്നട പരിഭാഷ പ്രകാശനം ചെയ്യുന്നു. ഡോ. സാലിഹ് മുഹമ്മദ് അലാദ്ദീൻ സാഹിബ്, മൗലാനാ കരീമുദ്ദീൻ സാഹിബ്, ബഹു: ഗവർണർ ടി.എൻ.ചതുർവേദി, മുഹമ്മദ് ശഫീഉല്ലാ സാഹിബ്, മുഹമ്മദ് യൂസുഫ് സാഹിബ് (പരിഭാഷകൻ)

ബാംഗ്ലൂർ : മെയ് 16 : അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രസിദ്ധീകരിച്ച വിശുദ്ധ ഖുർആന്റെ മൂലഭാഷ സഹിതമുള്ള കന്നട പരിഭാഷ ബഹു: കർണ്ണാടക ഗവർണർ ടി.എൻ. ചതുർവേദി രാജ്ഭവനിൽ വെച്ച് പ്രകാശനം ചെയ്തു. പരിഭാഷ നിർവ്വഹിച്ചത് കന്നടഭാഷയിലെ അഹ്മദിയ്യാ മുഖപത്രമായ യുഗരശ്മിയുടെ എഡിറ്ററും പ്രശസ്ത കന്നട എഴുത്തുകാരനും മതപണ്ഡിതനുമായ മുഹമ്മദ് യൂസുഫ് സാഹിബ് ആണ്.

മതഗ്രന്ഥങ്ങൾ മനുഷ്യസമൂഹത്തിന്റെ പൊതു സ്വത്താണെന്നും അവ മറ്റുഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെടണമെന്നും അതിന്റെ സാരാംശം എല്ലാവരും അറിയണമെന്നും ഗവർണ്ണർ ചതുർവേദി പ്രകാശ

# നൂറുശതമാനം വിജയം

കോഴിക്കോട് : അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സുബാഇ ഇമാറത്തിന്റെ ആഭിമുഖ്യത്തിൽ ഫസ്‌ലെ ഉമർ എഡുക്കേഷൻ ട്രസ്റ്റ് നടത്തുന്ന കരുളായി, കൂടാളി എന്നിവിടങ്ങളിലെ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളുകൾ പത്താം ക്ലാസ്സ് സി.ബി.എസ്.ഇ. പരീക്ഷയിൽ നൂറുശതമാനം വിജയം നേടി. വിജയം നേടിയ വിദ്യാർത്ഥികളേയും വിജയത്തിലേക്ക് അവരെ നയിച്ച അദ്ധ്യാപകരേയും ഫസ്‌ലെ ഉമർ വിദ്യാഭ്യാസ ട്രസ്റ്റ് പ്രവർത്തകരേയും ട്രസ്റ്റ് ചെയർമാനും സുബായി അമീറുമായ ജനാബ് ഏ.പി. കുഞ്ഞാമു സാഹിബ് അഭിനന്ദിച്ചു.

കരുളായി ഹൈസ്കൂൾ പ്രിൻസിപ്പൽ ശ്രീമതി കെ.ജെ. റോസി ടീച്ചറുടേയും കൂടാളി ഹൈസ്കൂൾ പ്രിൻസിപ്പൽ ശ്രീ സഹദേവൻ മാസ്റ്ററുടേയും ആത്മാർത്ഥമായ സേവനങ്ങളെ അമീർ സാഹിബ് പ്രശംസിക്കുകയും അഹ്മദിയ്യാ ജമാഅത്തിനുവേണ്ടി നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

ഫസ്‌ലെ ഉമർ എഡുക്കേഷൻ ട്രസ്റ്റിന്റെ വിദ്യാഭ്യാസ ലക്ഷ്യങ്ങളെ സാക്ഷാൽക്കരിക്കാനും അത് വമ്പിച്ചവിജയമാക്കി മാറ്റാനും കഠിനമായി പരിശ്രമിക്കുകയും നേതൃത്വം നൽകുകയും ചെയ്ത ട്രസ്റ്റ് സിക്രട്ടറി ബശീറുദ്ദീൻ സാഹിബി (കരുനാഗപ്പള്ളി)നെയും കരുളായി സ്കൂളിലെ അഡ്മിനിസ്ട്രേഷൻ ഓഫീസറായ മുഹമ്മദലി മാസ്റ്ററെയും അമീർ സാഹിബ് പ്രത്യേകം അഭിനന്ദിക്കുകയുണ്ടായി. ട്രസ്റ്റിന്റെ എല്ലാ പ്രവർത്തകരേയും അഭിനന്ദിക്കുന്നതോടൊപ്പം അവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ ജമാഅത്തുകളോട് അമീർ സാഹിബ് അഭ്യർത്ഥിക്കുകയും ചെയ്തു. ■

---

*(22 -ാം പേജിൽ നിന്ന് തുടർച്ച)*

enormous sum from India, in aid of movement if you inform the jews of India your aim. Therefore It will be of great importance if you authorise the leading jews of India whose name and address I write below to collect money for your valuable aim and the same time to authorise me to collect from 7 congregations of Cochin, Ernakulam, Paroor, Shenomagalam, and Mala of Malabar Coast . Wishing you God speed every success.

I beg to remain Sir

Yours Obediently NE Roby

കൊച്ചി (ഇന്ത്യ)

15 ഒക്ടോബർ 1901

To

തിയോഡർ ഹെർഡ്സൽ

വിയന്ന

സർ

താങ്കളാൽ സ്ഥാപിതമായ സിയോണിസ്റ്റ് പ്രസ്ഥാനം ഇന്ത്യയിലുടനീളമുള്ള താങ്കളുടെ മതത്തിൽപ്പെട്ട സഹപ്രവർത്തകരെ ഉത്സാഹഭരിതരാക്കിയിരിക്കുന്നു, പ്രത്യേകിച്ച് തുർക്കി സുൽത്താനുമായുള്ള താങ്കളുടെ കൂടിക്കാഴ്ചക്ക്ശേഷം. താങ്കളുടെ ലക്ഷ്യങ്ങൾ ഇന്ത്യയിലെ ജൂതന്മാരെ അറിയിക്കുകയാണെങ്കിൽ താങ്കൾക്കിപ്പോൾ ഇന്ത്യയിൽ നിന്നും ധാരാളം പണം കൊണ്ടുപോകാം. അതുകൊണ്ട് താങ്കളുടെ വിലയേറിയ ലക്ഷ്യത്തിനായി പണം സമാഹരിക്കാൻ ഞാൻ താഴെ പേരെഴുതിയ ഇന്ത്യയിലെ ജൂതനേതാക്കന്മാരെ താങ്കൾ ചുമതലപ്പെടുത്തുകയാണെങ്കിൽ അത് വളരെ പ്രാധാന്യമുള്ളതായിരിക്കും. അതേസമയം തന്നെ കൊച്ചിയിലെ ഏഴ് കൂട്ടായ്മകളിൽ നിന്നും മലബാർ തീരത്തെ എറണാകുളം പറവൂർ, ചേന്ദമംഗലം, മാള മുതലായ സ്ഥലങ്ങളിൽ നിന്നും പണം പിരിക്കാൻ എന്നെയും ചുമതലപ്പെടുത്തണം. താങ്കൾക്ക് ദൈവസഹായവും വിജയവും ആശംസിക്കുന്നു.

താങ്കളുടെ വിധേയൻ

എൻ.ഇ. റോബി

ഇസ്രയേൽ രൂപീകരണത്തിന്ന് ശേഷം കേരളത്തിലെ ജൂതന്മാർ ബഹുഭൂരിപക്ഷവും ആ രാജ്യത്തേക്ക് കുടിയേറുകയാണുണ്ടായത്.

(തുടരും) ■

---

നവേളയിൽ അഭിപ്രായപ്പെട്ടു. പരിഭാഷയോടൊപ്പം മൂലഭാഷയും പ്രസിദ്ധീകരിക്കുമ്പോൾ അത് സംബന്ധമായ തെറ്റിദ്ധാരണകളും സംശയങ്ങളും വായനക്കാരന് നീങ്ങിക്കിട്ടുമെന്നും ഗവർണർ പറഞ്ഞു. അഹ് മദിയ്യാ ജമാഅത്തിന്റെ മതസാഹിത്യസംരംഭങ്ങളെ ഗവർണർ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി.

മൗലാനാ കരിമുദ്ദീൻ സാഹിബ്, ഡോ. സാലെ മുഹമ്മദ് അലാദ്ദീൻ സാഹിബ് മുഹമ്മദ് ശഫീ ഉല്ലാഹ് (അമീർ, കർണ്ണാടക) പരിഭാഷകൻ മുഹമ്മദ് യൂസുഫ് സാഹിബ് എന്നിവർ സംസാരിച്ചു. ലോകത്തിലെ നൂറു പ്രമുഖ ഭാഷകളിൽ ഖുർആൻ പരിഭാഷ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ച അഹ്മദിയ്യാ ജമാഅത്തിന്റെ 59-ാമത് ഖുർആൻ പരിഭാഷയാണ് ഇപ്പോൾ പ്രസിദ്ധീകൃതമായത്. ■